No. 246

NOVEMBER 2014

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

## വനിതാപതിപ്പ് 2014




7 സമരപഥങ്ങളുടെ പണിപ്പുര
സംസ്ഥാന പ്രവർത്തക ക്യാമ്പ്

12 രാഷ്ട്രീയ ജീവിതത്തിലെ പെൺകരുത്ത്

15 സ്ത്രൈണവല്ക്കരിക്കപ്പെട്ട അധ്യാപനവും......

33 എന്റെ ഭൂമി..... എന്റെ ആകാശം..

AKPCTA

KERALA PRIVATE
COLLEGE TEACHER

a monthly journal of
the all kerala private college teachers' association

No. 246 NOVEMBER 2014

EDITORIAL BOARD

*Chief Editor*

**Promod Vellachal**

*Managing Editor*

**Prof. R. Mohanakrishnan**

*Assistant Editor*

Dr. M.S.Vasanthakumar

*Members*

Dr. K. P. Sukumaran Nair

Dr. K. Sreevalsan

Dr. D.K. Babu

Prof. A.G. Oleena

Dr. Kusalakumari

Prof. T.K.Ramakrishnan

Dr. C. Unnikrishnan

Dr. Rakhi Rgahavan

Dr. K.Biju kumar

Dr. I.G. Shibi

Prof. A.C. Sreehari

Prof. N. Vipin Chandran

Dr. N.Gopa kumar

Dr. Ajith. G. Krishna

Dr. S. Soju

Prof. N. K. Sunilkumar

Prof. Sreejith

AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471-2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org



# വനിതാപതിപ്പ് 2014
# 246

## inside

ഹുദ് ഹുദ് (കവിത)
**ഡോ. എൻ.എം.സണ്ണി**

അനന്തമൂർത്തി – സർഗ്ഗാത്മകതയുടെ പ്രകാശഗോപുരം
**ഡോ.അജി.സി.പണിക്കർ**

നാട്യശാസ്ത്രം– ഒരു സ്ത്രീപക്ഷ വായന
**ഡോ.സുമിതാനായർ എൻ**

ഭാരതീയഭക്തിപ്രസ്ഥാനത്തിലെ
പ്രതിരോധ ദർശനം
**ഡോ.ഷീജാ നാരോത്ത്**

Concept of Gender equality in India
and Millennium Development Goals
**Vijaya Kumari.K**

അഹല്യ അവഗണിക്കപ്പെടുന്ന സ്ത്രീത്വം
**ഡോ. സന്തോഷ് വള്ളിക്കാട്**

The Status of Women in the Epics
**Suja. P**

Need of Activism and Public Campaign to
avoid Holocaust of Sea-Level Rise Due to
Climate Change
**Jijikumari. T**

ഗവേഷണ മേൽനോട്ടവും
വനിതാദ്ധ്യാപകരും– ഒരു അനുഭവക്കുറിപ്പ്
**ഡോ. എസ്. സുമ**

അതിരുകളില്ലാത്ത സ്വാതന്ത്ര്യം
**ഡോ. അജിത് ജി.കൃഷ്ണ**

പങ്കാളിത്ത ചരിത്രരചനാ സംരംഭം

LOCATION (Poem)
**Manoj Kuroor**

My grandmother has an almirah (Poem)
**Lakshmi Priya**

Economic Focus
വാർത്താമദ്ധ്യം
ശാസ്ത്രജാലകം
ജില്ലാ വാർത്തകൾ
ഗവൺമെന്റ് ഓർഡർ

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org.
Printing & Typeset: New Genial Printers, Tvpm-01, Ph: 3012141 Chief Editor:Prof. Pramod Vellachal

Chief Editor's Desk





# ആഗോളവൽക്കരണകാലത്തെ ലിംഗനീതിയും വർഗനീതിയും

മാർക്സിസത്തെയും ഫെമിനിസത്തേയും സംയോജിപ്പിച്ചുകൊണ്ട് സമീപകാലത്തിറങ്ങിയ പുസ്തകമാണ് Women's Oppression Today: The Marxist/ Feminist Encounter. മൈക്കൽ ബാരറ്റ് (Michele Barret) എഴുതിയ പുസ്തകത്തിന് മുഖവുരയെഴുതിയത് കാതി വീക്ക്സ് (Kathy Weeks) ആണ്. അതിഭീകരമായ ധനമുതലാളിത്തത്തിന്റെ വർത്തമാന കാലത്ത് Gender ഉം Sexuality യും കുടുംബ വ്യവസ്ഥകളെ (family house hold system) എങ്ങനെ സ്വാധീനിക്കുന്നു എന്നതാണ് പ്രമേയം.

മാർക്സിസവും ഫെമിനിസവും തമ്മിൽ എന്താണിത്ര അടുപ്പം? വർഗവും ലിംഗവും എങ്ങനെ അഭിസംബോധനചെയ്യപ്പെടുന്നു? ഇവ രണ്ടും തമ്മിലുള്ള സമന്വയം സാധ്യമാണോ? സമീപകാലങ്ങളിലായി ഉയർന്നുവന്നിട്ടുള്ള ഇത്തരം ഒട്ടേറെ പുസ്തകങ്ങൾ വായനക്കാരുടെ മുന്നിലെത്തിയിട്ടുണ്ട്. ഐസൻസ്റ്റയിൻ (Eisen Stein) എഡിറ്റുചെയ്ത Capitalist Partriarchy and the Case for Socialist Feminism, അനറ്റ് കൂൺ (Annet Kuhn), ആൻ മേരി വോൾപ് (Ann Mari Wolpe) എഡിറ്റ് ചെയ്ത Feminism and materalism സാർഡന്റ് (sargent) എഡിറ്റ് ചെയ്ത The Unhappy marriage of Marxism and Feminism തുടങ്ങിയ പുസ്തകങ്ങൾ ആ ഇനത്തിൽ വരുന്നവയാണ്.

പൊതുവെ പറഞ്ഞാൽ സ്ത്രീ-പുരുഷ അനുഭവങ്ങളുടെ സൂക്ഷ്മമായ വേർതിരിവില്ലാതെ ഉൽപാദന സാഹചര്യങ്ങൾ വസ്തുനിഷ്ഠമായി അപഗ്രഥിച്ച് മനുഷ്യന്റെ ജീവിതം ഒരു മുതലാളിത്ത വ്യവസ്ഥയിൽ എങ്ങിനെ രൂപപ്പെടുത്തപ്പെടുന്നു എന്നു വിലയിരുത്തുന്നതാണ് മാർക്സിസ്റ്റ് രീതി. എന്നാൽ ഫെമിനിസ്റ്റുകൾ പൊതുവെ ചരിത്ര, സാമ്പത്തിക ചുറ്റുപാടുകൾക്കപ്പുറം പുരുഷനും സ്ത്രീയും എങ്ങിനെ ലിംഗപരമായ വിവേചനം അനുഭവിക്കുന്നു എന്നാണ് പരിശോധിക്കുന്നത്. വർഗസമരത്തിന്റെയും വർഗ്ഗാധിപത്യത്തിന്റെയും ചരിത്ര സന്ദർഭങ്ങൾ എങ്ങിനെ സ്ത്രീപുരുഷ ബന്ധങ്ങളെ സ്വാധീനിക്കുന്നു എന്നതാണ് മാർക്സിസ്റ്റ് ഫെമിനിസ്റ്റുകളുടെ ആലോചനയും അന്വേഷണവും. നിതാന്ത ജാഗ്രതയോടെ രാഷ്ട്രീയവും സിദ്ധാന്തപരവുമായ പ്രശ്നങ്ങൾ ഇവിടെ പരിശോധിക്കപ്പെടേണ്ടതുണ്ട്. ബാരറ്റിന്റെ പുസ്തകം ഈ ദൗത്യമാണ് ഏറ്റെടുത്തിരിക്കുന്നത്. ബാരറ്റ് മുന്നോട്ട് വെക്കുന്ന ചോദ്യങ്ങൾ 1. Can women's oppression in capitalism be seen as independent of the general operation of the capitalist mode of production, 2. Does women's oppression take place exclusively at the level of ideas? തീർച്ചയായും ഇന്ത്യയുടെയും കേരളത്തിന്റെയും പശ്ചാത്തലത്തിൽ ഇത് പരിശോധിക്കേണ്ടിയിരിക്കുന്നു.

ഇത്തരം ആശയങ്ങളെല്ലാം കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിൽ പരാവർത്തനം ചെയ്യുമ്പോൾ തേജസ്വിനി നിരഞ്ജന അവകാശപ്പെടുന്നതുപോലെ In-translation ആവരുത്. എന്നുവച്ചാൽ പാശ്ചാത്യ- അനുഭവ ആശയാവലികളുടെ നഗ്നമായ പറിച്ചു നടലാവരുത് എന്നർത്ഥം. ഇവിടെ ജെ.ദേവിക എഴുതിയ ഒരു ലേഖനം Being In-translation in a post colony: Translating feminism in Kerala State, India വളരെ പ്രസക്തമാണ് പ്രാദേശികമായ ഭാഷാ ശൈലിയിലൂടെ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ അത് ചെയ്യേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ അത് Anna Tising പറഞ്ഞതുപോലെ വിശ്വാസമല്ലാത്ത മൊഴിമാറ്റമോ അഥവാ John Scott പറഞ്ഞതുപോലെ ഫെമിനിസ്റ്റ് വായ്ത്താരികളോ ആയി മാറും.

കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകരിൽ 70% ത്തിൽ അധികം സ്ത്രീകളാണ്. വിദ്യാർത്ഥികളുടെ അനുപാതവും പെൺകുട്ടികൾക്ക് അനുകൂലമാണ്. ഈയൊരു സന്ദർഭത്തിൽ കേരളത്തിന്റെ രാഷ്ട്രീയ പരിസരങ്ങളെ ഒരു മാർകിസ്റ്റ് ഫെമിനിസ്റ്റ് രീതിയിൽ സമീപിക്കാനും ലിംഗാധിപത്യത്തേയും വർഗാധിപത്യത്തേയം ലിംഗനീതിയിലേക്കും വർഗനീതിയിലേക്കും നയിക്കാനാവശ്യമായ വർഗസമരങ്ങൾ ആശയമണ്ഡലങ്ങളിൽ സംഘടിപ്പിക്കേണ്ടതുമുണ്ട്. ഫിഡൽ കാസ്ട്രോ സൂചിപ്പിച്ചതുപോലെ സാമൂഹ്യ വിപ്ലവം ശൂന്യതയിൽ നിന്നുണ്ടാകുന്ന വിഭൂതിയല്ല. അത് ആശയങ്ങളിൽ നിന്നും സംസ്കാരത്തിൽ നിന്നും സമരങ്ങളിൽ നിന്നും പിറവി കൊള്ളുന്ന ജീവിതത്തിന്റെ പച്ചപ്പുകളാണ്. തലമുറകളിൽ നട്ടുനനയ്ക്കേണ്ടുന്നത് എന്തെന്ന ചോദ്യം തന്നെയാണ് ചെറിയൊരു അളവിലെങ്കിലും ഈ വനിതാപതിപ്പ് സധൈര്യം മുന്നോട്ടുവെക്കുന്നത്.

ചീഫ് എഡിറ്റർ

# തകർക്കപ്പെടേണ്ട കണ്ണാടി മറകൾ...



**എ.ജി.ഒലീന**

*ചെയർപേഴ്സൺ,*
*വനിതാകമ്മിററി*

**1958** ഡിസംബർ 21-ാം തീയതി ഏ കെ പി സി ടി എ രൂപം കൊണ്ടതിനും പത്തു കൊല്ലത്തിനു ശേഷം 1968 ഒക്ടോബറിലാണ് എ കെ പി സി ടി എ ക്വാർട്ടർലി എന്ന പേരിൽ നമുക്ക് ഒരു മുഖപത്രം ഉണ്ടാകുന്നത്. മലയാള നാടകവേദിക്കുതന്നെ ദിശാബോധം നൽകിയ പ്രൊഫ. ജി. ശങ്കരപിള്ളയായിരുന്നു നമ്മുടെ മുഖപത്രത്തിന്റെ ആദ്യ ചീഫ് എഡിററർ. ശാസ്താംകോട്ട നിന്നും പ്രസിദ്ധീകരിച്ച മുഖപത്രത്തിന്റെ എഡിറ്റോറിയൽ അഡ്വൈസറി കമ്മിററിയിൽ പനമ്പിളി ഗോവിന്ദമേനോൻ, പി ടി ഭാസ്കരപണിക്കർ, എൻ വി കൃഷ്ണവാരിയർ, കെ എം ചെറിയാൻ, ജോസഫ് മുണ്ടശ്ശേരി എന്നിവർ അംഗങ്ങളായിരുന്നു. സംഘടനയുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനായിരുന്ന പ്രൊഫ. വി ആർ സുബ്രഹ്മണ്യം മാനേജിംഗ് കമ്മിററി ചെയർമാനും ഇ. ഇസഡ് സക്കറിയ, സി എ ഷെപ്പേർഡ്, ആർ ആർ സി നായർ, സി കെ ശിവരാമപിള്ള, ഐ ജി ഭാസ്കരപ്പണിക്കർ, കെ പി സെബാസ്ററ്യൻ, സി പി നാരായണൻ, എൻ രാജശേഖരൻ നായർ എന്നിവർ അംഗങ്ങളായിരുന്നു. ഇടയ്ക്കിടെ മുടങ്ങിയും വീണ്ടും തുടങ്ങിയും മുന്നോട്ടു നീങ്ങിയ മുഖപത്രം 1974 ജനുവരിയിൽ എ കെ പി സി ടി എ ബുള്ളററിനായിട്ടാണ് പുറത്തിറങ്ങിയത്. മുടങ്ങിപ്പോയ ബുള്ളററിൻ പിന്നീട് 1977 ൽ ഓരോലക്കവും നമ്പറിട്ട് പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. 1979 ൽ നമ്മുടെ മുഖപത്രം തിരുവനന്തപുരത്തു നിന്നും എ കെ പി സി ടി എ ജേർണൽ എന്ന പേരു സ്വീകരിച്ചു കൊണ്ട് പ്രസിദ്ധീകരിക്കാനാരംഭിച്ചു. പ്രൊഫ. വി എൻ മുരളി ചീഫ് എഡിറററായി, പുതിയ പത്രാധിപസമിതിയുടെ നേതൃത്വത്തിൽ ബുള്ളററിന്റെ പത്താം ലക്കം 79 ഫെബ്രുവരിയിൽ. ജേർണൽ എന്ന പേരിൽ പുറത്തിറങ്ങി. ബുള്ളററിൻ, ജേർണൽ എന്നൊക്കെയുള്ള ശീർഷകങ്ങൾക്കു പകരം 1979 ആഗസ്റ്റിലെ 12-ാം ലക്കത്തോടെ നമ്മുടെ മുഖപത്രം **കേരള പ്രൈവററ് കോളജ് ടീച്ചർ** എന്ന പേര് സ്വീകരിക്കുകയും ചെയ്തു. കേരളത്തിലെ എയ്ഡഡ് കോ

ളജധ്യാപകരുടെ നാവായും ഉന്നത വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങളുടെ കണ്ണാടിയായും നമ്മുടെ മുഖപത്രം അക്കാദമിക സമൂഹത്തിൽ സ്വീകരിക്കപ്പെടുകയായിരുന്നു. വർഷം തോറും സമ്മേളനങ്ങൾ പതിവില്ലാതിരുന്ന കാലത്ത് മൂന്നു വർഷം കൂടുമ്പോഴുള്ള കൺവെൻഷനുകളിൽ സുവനീറുകൾ പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് സമ്മേളനത്തിന്റെ ഭാഗമായി വിശേഷാൽ പതിപ്പുകളും പ്രസിദ്ധീകരിച്ചു. 1983 ൽ കൊല്ലത്തു നടന്ന കൺവെൻഷനിലാണ് കേരള പ്രൈവറ്റ് കോളജ് ടീച്ചറിന്റെ ആദ്യത്തെ സ്പെഷ്യൽ പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. പിന്നീട് വിവിധ വർഷങ്ങളിൽ വ്യത്യസ്ത വിഷയങ്ങളെയും സംഭവങ്ങളെയും അടിസ്ഥാനമാക്കി സ്പെഷ്യൽ പതിപ്പുകൾ നമ്മൾ പുറത്തിറക്കി. നമ്മുടെ മുഖപത്രത്തിന്റെ അക്കാദമിക് സ്പെഷ്യലും എം പി പോൾ പതിപ്പും നൂറാം പതിപ്പുമൊക്കെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ചരിത്രരേഖകളായി അക്കാദമികസമൂഹം സൂക്ഷിക്കുകയുംചെയ്യുന്നു. സംഘടന രൂപപ്പെട്ടതിന്റെ 50-ാം വാർഷികത്തിൽ,

അമ്പതാണ്ടിന്റെ സംഘടനാ പ്രവർത്തനത്തിന്റെ രജതരേഖയായി മുഖപത്രത്തിന്റെ 210-ാംലക്കം അവതരിപ്പിച്ചത് **വനിതാ സ്പെഷ്യൽ** എന്ന് രേഖപ്പെടുത്തികൊണ്ടാണ്. 2008 മുതലാണ് നമ്മൾ സംസ്ഥാന വനിതാ കൺവെൻഷൻ സംഘടിപ്പിക്കുന്നത്. ആ വർഷം മുതൽ തന്നെയാണ് നമ്മുടെ മുഖപത്രത്തിൽ ഒരു വനിതാപംക്തി ആരംഭിക്കുന്നതും. ഇതര സർവ്വീസ് പ്രസിദ്ധീകരണങ്ങളിൽ നിന്നും വ്യത്യസ്തമായി അന്നുമുതൽ മുടങ്ങാതെ **വനിതാപംക്തി** തുടരുകയും ചെയ്യുന്നു.ഓരോ അക്കാദമിക വർഷവും പുറത്തിറങ്ങുന്ന മുഖപത്രങ്ങളിൽ ഒന്ന് വനിതാപതിപ്പായിരിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2013 ആഗസ്റ്റ് ലക്കം നമ്മൾ വനിതാപതിപ്പായി പ്രസിദ്ധീകരിച്ചു. ഗസ്റ്റ് എഡിറ്റോറിയൽ ചേർത്തുകൊണ്ട് വനിതാപതിപ്പ് പ്രസിദ്ധീകരിക്കുന്നതിന്റെ സാഹചര്യം ഇതാണ്. പതിവു ലക്കങ്ങളിൽ ഒന്നെന്ന നിലയിൽ നിന്ന് വ്യത്യസ്തമായി വനിതാ സ്പെഷ്യൽ പതിപ്പായി തന്നെ ഇത് വരും വർഷങ്ങളിൽ മാറേണ്ടതുണ്ട്. ഈ അക്കാദമിക വർഷത്തെ വനിതാപതിപ്പ് പ്രസിദ്ധീകരിക്കുന്നത് തീർച്ചയായും ഒരു നിർണായക സാഹചര്യത്തിലാണ്.

ഉന്നത വിദ്യാഭ്യാസരംഗത്ത് ആശങ്കാജനകമായ പരിവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന അക്കാദമിക സാഹചര്യത്തെയും ആഗോളതലത്തിൽ സ്ത്രീകൾ വൻതോതിൽ ചൂഷണത്തിന് വിധേയരാകുന്ന സാമൂഹ്യസാഹചര്യത്തെയും ഒരുപോലെ അഭിസംബോധന ചെയ്യാൻ നമ്മൾ ബാധ്യസ്ഥരാകുകയാണ്. വിദ്യാഭ്യാസരംഗത്തെ സാമൂഹ്യനീതിയും സേവനരംഗത്തെ സുസ്ഥിരതയും വിജ്ഞാനോല്പാദനരംഗത്തെ ജനാധിപത്യവും സ്വതന്ത്രതയും ഒരുപോലെ അട്ടിമറിക്കപ്പെടുന്ന ആശയകാലാവസ്ഥയെയാണ് ഇപ്പോൾ നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അത്യധികം സങ്കീർണ്ണവും സംഘർഷഭരിതവുമായ അക്കാദമികാന്തരീക്ഷത്തിൽ **അധ്യാപികയുടെ സാമൂഹ്യപദവി** പുനർനിർവചിക്കപ്പെടേണ്ടതുണ്ട്. എന്നാൽ ഈ സാമൂഹ്യപദവി നിർവ്വചിക്കപ്പെടണമെങ്കിൽ സാംസ്കാരികവും രാഷ്ട്രീയവുമായ സംഘർഷങ്ങളെ കൂടി കണക്കിലെടുക്കേണ്ടതുമുണ്ട്. കാരണം വർത്തമാനകാലസമൂഹത്തിൽ സ്ത്രീകളുടെ പ്രതിരോധം, പരമ്പരാഗത ചൂഷണങ്ങളോടു മാത്രമല്ല വേണ്ടിവരുന്നത്. ഒരുപക്ഷേ പരമ്പരാഗത ചൂഷണങ്ങളെക്കാൾ സ്ത്രീയെ പരിമിതപ്പെടുത്തുന്നത് വിവിധതലങ്ങളിൽ നടക്കുന്ന അധിനിവേശത്തിന്റെ ബലതന്ത്രങ്ങളാണ് എന്നതാണ് വർത്തമാനയാഥാർത്ഥ്യം.

പങ്കാളിത്ത സ്വഭാവത്തോടു കൂടി നമ്മുടെ സംഘടനയുടെ ചരിത്രം ബ്രാഞ്ചുതലത്തിൽ എഴുതി വരുന്ന ഒരു സാഹചര്യം കൂടിയാണ് ഇത്. സംഘടനാ പ്രവർത്തന രംഗത്തും അക്കാദമിക രംഗത്തും അധ്യാപികമാരുടെ സാന്നിധ്യത്തെക്കുറിച്ച് വിമർശനാത്മകമായി വിലയിരുത്തുമ്പോൾ നിരവധി പ്രശ്നങ്ങൾ ഉയർന്നു വരുന്നുണ്ട്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ അധ്യാപികമാരുടെയും വിദ്യാർഥിനികളുടെയും ദൃശ്യത ഇന്ത്യൻ ശരാശരിയേക്കാൾ വളരെ മുന്നിലാണെങ്കിലും ഈ ദൃശ്യത ഗുണപരമായ സാന്നിധ്യമായി മാറുന്നില്ല എന്നതാണ് യാഥാർഥ്യം. നമ്മുടെ കാമ്പസ്സുകളിൽ അധ്യാപികമാരുടെയും വിദ്യാർഥിനികളുടെയും എണ്ണം കൂടിക്കൊണ്ടിരിക്കുന്നുവെന്ന് പറയുമ്പോഴും സമൂഹത്തിലെ സ്ത്രീപുരുഷാനുപാതത്തിനനുസരിച്ചുള്ള സാന്നിധ്യം ഇപ്പോഴും കാമ്പസ്സുകളിൽ ഉണ്ടായിട്ടുണ്ടെന്നു പറയാനാവില്ല. ഗണപരമായ വർധനവിനെ ഒരു സാമൂഹിക മാററമെന്ന നിലയിൽ കുറച്ചു കാണാനാവില്ലെങ്കിലും ഈ മാററം അധ്യാപികയുടെയോ വിദ്യാർഥിനിയുടെയോ സാമൂഹിക സ്ഥാനത്തെയോ പദവിയേയോ ഗുണപരമായി സ്വാധീനിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. കാലികമായ സാമൂഹിക മാററങ്ങളെ ഉൾക്കൊണ്ടുകൊണ്ടും, ഉന്നതവിദ്യാഭ്യാസ മേഖലയിലെ ലിംഗനീതി പ്രശ്നങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുമുള്ള പഠനങ്ങൾ, ഈ രംഗത്തെ നിരവധി പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട്. പങ്കാളിത്ത ചരിത്ര രചനയും വിദ്യാഭ്യാസകമ്മീഷൻ പ്രവർത്തനങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് സംഘടനയിലെയും ഉന്നത വിദ്യാഭ്യാസ രംഗത്തെയും സ്ത്രീ പങ്കാളിത്തവും ഇടപെടലുകളും കുറെക്കൂടി കാര്യക്ഷമമായും ശാസ്ത്രീയമായും പുനർനിർവ്വചിക്കാൻ നമുക്ക് കഴിയും. തീർച്ചയായും ഇത്തരം പഠനപ്രക്രിയയുടെ ഫലമായി ഉരുത്തിരിയുന്ന നിഗമനങ്ങൾ എപ്രകാരം നടപ്പിലാക്കുന്നുവെന്നതിനെ ആശ്രയിച്ചായിരിക്കും സാമൂഹ്യരംഗത്തും അക്കാദമികരംഗത്തുമൊക്കെയുള്ള **സ്ത്രീ വിരുദ്ധതയുടെ കണ്ണാടി മറകൾ** ഉടഞ്ഞു വീഴുന്നത്. വിദ്യാഭ്യാസ പ്രക്രിയയിൽ നിരന്തരം ഇടപെടുന്ന നമ്മുടെ ധാർമിക ഉത്തരവാദിത്തം കൂടിയാണ് ഇത്. അതിന് ആദ്യം വേണ്ടത് നിയമനിർമ്മാണ രംഗങ്ങളിലും തീരുമാനമെടുക്കുന്ന സന്ദർഭങ്ങളിലും സ്ത്രീയുടെ സാന്നിദ്ധ്യം ഉറപ്പാക്കുകയാണ്. നമ്മുടെ സംഘടനയിൽ അധ്യാപികയുടെ നിർണ്ണയപരമായ സ്ഥാനം ഉറപ്പാക്കണമെങ്കിൽ അതിന് ഭരണഘടനാപരമായ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അതിനായി നമ്മുടെ ഭരണഘടന സ്ത്രീ സൗഹൃദപരമായി പരിഷ്കരിക്കേണ്ടതുമുണ്ട്. അതാകട്ടെ നമ്മുടെ ആദ്യ ചുവടുവെയ്പ്.

# എ കെ പി സി ടി എ യും വനിതാ അധ്യാപകരും



ഡോ.കെ.ശ്രീവത്സൻ
ജനറൽ സെക്രട്ടറി
എകെപിസിടിഎ

1958 ഡിസംബർ 21ന് രൂപീകൃതമായ ദി ആൾ കേരള പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ എന്ന സംഘടന കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വന്നിട്ടുള്ള മാററങ്ങൾക്ക് ചാലകശക്തിയായി മുന്നണിയിൽ നിന്നിട്ടുണ്ട്. സംഘടനയുടെ പ്രവർത്തനങ്ങൾ ഈ മേഖലയിൽ പ്രവർത്തിച്ചിരുന്ന, പ്രവർത്തിക്കുന്ന അദ്ധ്യാപികമാർക്ക് പ്രത്യേകിച്ചും അധ്യാപികമാരുടെ ജോലി സ്ഥിരതയും ജീവിത സാഹചര്യങ്ങളുടെ സംരക്ഷണത്തിനും വേണ്ടി നിലകൊണ്ട, നിലകൊള്ളുന്ന പ്രസ്ഥാനമാണ്. 1940 കളിലും, 1950 കളിലും അദ്ധ്യാപികമാർക്ക് വിവാഹം കഴിക്കാനും പ്രസവിക്കാനും കുഞ്ഞുങ്ങളെ വളർത്താനും അവസരം നിഷേധിച്ചിരുന്ന ഒരു സാഹചര്യമാണ് കേരളത്തിലെ പ്രൈവററ് കോളജ് അദ്ധ്യാപക മേഖലയിൽ ഉണ്ടായിരുന്നത്.

പ്രൈവററ് കോളജിൽ അദ്ധ്യാപികയായിരുന്ന വ്യക്തി വിവാഹിതയായാൽ അടുത്ത ദിവസം തന്നെ കോളജിൽ നിന്നു പിരിച്ചു വിട്ട നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഒരു അദ്ധ്യാപിക വിവാഹിതയായാൽ പിന്നീട് പ്രസവാവധി കൊടുക്കണമെന്നുള്ള കാര്യം മുന്നിൽക്കണ്ട് സർവ്വീൽ നിന്നും പിരിച്ചു വിടുന്നതിന്. യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാത്ത മാനേജർമാരുടെ കാലഘട്ടത്തിൽ നിന്നും ഇന്നുള്ള സാഹചര്യത്തിലേക്കുള്ള മാററം നിരന്തരമായ സമരത്തിന്റെയും പ്രക്ഷോഭത്തിന്റെയും ഫലമായിട്ടുണ്ടായതാണ്. എ കെ പി സി ടി എ യുടെ നേതൃത്വത്തിൽ നയിച്ച നിരവധി സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായാണ് ഇന്നുള്ള സംരക്ഷണ നിയമങ്ങൾ. കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളുമായി ചേർന്ന് നമ്മൾ നടത്തിയ പ്രവർത്തനങ്ങൾ മൂലം കാലാനുഗതമായി പല നിയമനിർമ്മാണങ്ങളും കൊണ്ടു വരാൻ സാധിച്ചു.

1969 ൽ വന്ന കേരള സർവ്വകലാശാലാ നിയമം പ്രസ്തുത നിയമ നിർമ്മാണങ്ങളുടെ ദിശാസൂചകമായിരുന്നു. പ്രസ്തുത നിയമത്തിലെ പല വ്യവസ്ഥകൾക്കുമെതിരെ കേരളത്തിലെ ശക്തന്മാരായ പ്രൈവററ് കോളജ് മാനേജ്മെൻറ് നിലയുറപ്പിക്കുകയും അവയിൽ ചിലത് കോടതി റദ്ദാക്കുകയും ചെയ്തു. എന്നാൽ സർക്കാർ തന്നെ നമുക്ക് ശമ്പളം നൽകണം എന്നാവശ്യപ്പെട്ട് എ കെ പി സി ടി എ യുടെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങളുടെ ഫലമായി 1972 ൽ ഡയറക്ററ് പേമെൻറ് സമ്പ്രദായം നടപ്പിലാക്കി. അതിനോടനുബന്ധിച്ച് 1974 ൽ കൊണ്ടു വന്ന കേരള യൂണിവേഴ്സിററി ആക്റ്റും, സ്റ്റാററ്യൂട്ടും തുടർന്നു വന്ന നിരവധി നിയമനിർമ്മാണങ്ങളും നമ്മുടെ മാഗ്നാകാർട്ടയായി ഇന്നും നിലകൊള്ളന്നു. ഇതിനെയെല്ലാം തച്ചുതകർക്കാനും അദ്ധ്യാപകരെ പ്രത്യേകിച്ചും അദ്ധ്യാപികമാരെ വീണ്ടും പഴയ കാലത്തേയ്ക്ക് കൊണ്ടു പോകാനും ശ്രമിക്കുന്ന മാനേജർമാരുടെ കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്.പ്രൊഫ. സെബാസ്റ്റ്യൻ കെ ആൻറണിയും പ്രൊഫ. ടി ജെ ജോസഫും തിരികെ സർവ്വീസിൽ കയറിയത് പ്രസ്തുത നിയമങ്ങൾ ഇന്നും നിലനിൽക്കുന്നു എന്നുള്ളതു കൊണ്ട് മാത്രമാണ്.

ഇന്ന് നമ്മുടെ എയ്ഡഡ് കോളജുകളിൽ പണിയെടുക്കുന്ന അദ്ധ്യാപകരിൽ 80 ശതമാനവും അദ്ധ്യാപികമാരാണ്. അദ്ധ്യാപികമാർക്ക് തങ്ങളുടെ അവകാശങ്ങളെ കുറിച്ച് വ്യക്തമായ ബോദ്ധ്യമുണ്ടാവുകയും അവയെ സംരക്ഷിച്ചു നിർത്താനാവശ്യമായ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യണം. അതിനാവശ്യമായ പ്രവർത്തനങ്ങൾ നമ്മുടെ ഓരോ കോളജുകളിലെ ബ്രാഞ്ചു കമ്മിററികളിലും നടക്കണം. അതിനു ഈ വനിത പതിപ്പ് പ്രയോജനകരമാകട്ടെ.



# സമരപഥങ്ങളുടെ പണിപ്പുര

## സംസ്ഥാന പ്രവർത്തക ക്യാമ്പ്

### ഒക്ടോബർ 11,12

### ജീവാറാം ആനിമേഷൻ സെന്റർ, മാവേലിക്കര

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം തകർക്കുന്ന തരത്തിലുള്ള നടപടികളാണ് കേരള സർക്കാരിൻെറ ഭാഗത്തു നിന്നുണ്ടാകുന്നത് എന്ന് ശ്രീ പി രാജീവ് എം പി പ്രസ്താവിച്ചു. ഒക്ടോബർ 11,12 തീയതികളിൽ മാവേലിക്കര ജീവാറാം ആനിമേഷൻ സെൻററിൽ നടന്ന എ കെ പി സി ടി എ സംസ്ഥാന പ്രവർത്തക ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈസ് ചാൻസലർമാരെപ്പോലും യോഗ്യത നോക്കി നിയമിക്കാൻ സർക്കാരിനാകുന്നില്ല. ചരിത്രത്തിലാദ്യമായി ഒരു വൈസ് ചാൻസലറെ നിയമിച്ച സർക്കാർ തന്നെ പിരിച്ചു വിട്ടു. കമ്മിററികളിൽ കയറുന്നതിനുള്ള മത്സരം കയ്യാങ്കളിയിലെത്തിയതും ഇതാദ്യമായാണ്. സ്വയംഭരണമെന്ന ആശയത്തെത്തന്നെ തകർത്തെറിയുന്ന തരത്തിൽ സ്വയംഭരണ കോളജുകൾ അനുവദിക്കുന്നത് വിരോധാഭാസമാണ്. അഖിലേന്ത്യാ തലത്തിലാകട്ടെ ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള എല്ലാ നിയമനിർമ്മാണവും പാർലമെൻറിലെത്താതെ മാററി വച്ചി






കെ. പി. സുകുമാരൻനായർ



കെ. ശ്രീവത്സൻ



ആർ. മോഹനകൃഷ്ണൻ

രിക്കുന്നു. കേവലം മാധ്യമനിർമ്മിതിയായ മോദിയും ഗുജറാത്ത് മോഡലും മാത്രം ആഘോഷിക്കപ്പെടുന്നതാണ് നമ്മുടെ ഇന്നത്തെ അപചയം.

വിദ്യാഭ്യാസം നേടിത്തന്ന നവോത്ഥാന മൂല്യങ്ങൾ അപ്പാടെ തകർത്തതായി ശ്രീമതി കെ കെ ശൈലജ ടീച്ചർ പ്രസ്താവിച്ചു. ചൊവ്വയിലേയ്ക്ക് ഉപഗ്രഹമയ്ക്കും മുമ്പ് തേങ്ങ ഉടയ്ക്കുന്ന അന്ധവിശ്വാസത്തെ പ്രതിരോധിക്കാൻ നമുക്ക് കഴിയണം. എ കെ പി സി ടി എ പ്രസിഡൻറ് പ്രൊഫ. കെ പി സുകുമാരൻ നായർ അധ്യക്ഷത വഹിച്ച യോഗത്തിന് ജനറൽ സെക്രട്ടറി ഡോ. കെ ശ്രീവത്സൻ സ്വാഗതവും പ്രൊഫ. ടോമിച്ചൻ ജോസഫ് നന്ദിയും പറഞ്ഞു.

ഒക്ടോബർ 11,12 തിയതികളിൽ നടന്ന പ്രവർത്തക ക്യാമ്പിൽ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 200 ഓളം സ്വകാര്യ കോളജധ്യാപകർ പങ്കെടുത്തു. ഡോ. കെ ശ്രീവത്സൻ, പ്രൊഫ. ആർ മോഹനകൃഷ്ണൻ, പ്രൊഫ. സി പത്മനാഭൻ, ഡോ. പി കെ കുശലകുമാരി, ഡോ. പി എസ് ഫിറോസ്, പ്രൊഫ. പ്രമോദ് വെള്ളച്ചാൽ തുടങ്ങിയവർ സംഘടനാ കണക്കും അതാത് കമ്മിറ്റികളുടെ പ്രവർത്തനരേഖയും അവതരിപ്പിച്ചു.ഞായറാഴ്ച സംഘടനാ ചരിത്രം സംബന്ധിച്ച് പ്രൊഫ. വി.എൻ മുരളി ക്ലാസ്സെടുത്തു. പങ്കാളിത്ത ചരിത്രരചനാ സംരംഭത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലാകമ്മിറ്റി തയ്യാറാക്കിയ സംഘടനാചരിത്രം ജില്ലാ സെക്രട്ടറി നിശാന്ത് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ശ്രീവത്സന് കൈമാറുകയും ബ്രാഞ്ചുതല ചരിത്രരചനയ്ക്ക് സ്വീകരിച്ച രീതിശാസ്ത്രം വിശദീകരിക്കുകയുംചെയ്തു.ഞായറാഴ്ച ഉച്ചയോടെ ക്യാമ്പ് സമാപിച്ചു.



കെ.കെ.ശൈലജ ടീച്ചർ



സി. പത്മനാഭൻ



ഫിറോസ്



പി. കെ. കുശലകുമാരി



പ്രമോദ് വെള്ളച്ചാൽ



പ്രൊഫ. വി. എൻ. മുരളി






# കേരള ഹയർ എജ്യൂക്കേഷൻ കമ്മീഷൻ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനവും പരിഗണനാ വിഷയങ്ങളുടെ കൈമാറ്റവും

## റിപ്പോർട്ട്

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളേയും അവയ്ക്കുള്ള പ്രതിവിധികളേയും സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് നല്കാനായി നമ്മൾ രൂപീകരിച്ച കേരള ഹയർ എജ്യൂക്കേഷൻ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 2014 ആഗസ്റ്റ് 30 -ാം തീയതി കോട്ടയം സി. എം. എസ് കോളേജ് സെമിനാർ ഹാളിൽ നിർവ്വഹിക്കപ്പെട്ടു. ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ. എം. എ. ബേബി ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ എ. കെ. പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് ഡോ. കെ. പി. സുകുമാരൻനായർ അദ്ധ്യക്ഷനായി. ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ ആമുഖം അവതരിപ്പിച്ച ചടങ്ങിൽ സംഘടനയുടെ മുൻകാല നേതാക്കളായ പ്രൊഫ. കെ. സദാശിവൻ നായരും പ്രൊഫ. തോമസ് ജോസഫും ചേർന്ന് കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ, കമ്മീഷൻ ചെയർമാനായ ഡോ. ആർ.വി. ജി. മേനോന് കൈമാറി.

ധീരവും നൂതനവും സ്ഫോടനാത്മകവുമായ നിലപാടുകളുമായിട്ടാണ് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് പൂർവ്വ സൂരികളായ മഹാന്മാർ നിലയുറപ്പിച്ചിട്ടുള്ളതെന്നും പള്ളികളിലെ പൊൻ കുരിശുകൾ ഉരുക്കി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പണികഴിപ്പിക്കേണ്ടതുണ്ടെന്നും പറഞ്ഞ കത്തനാർമാരെ ഇപ്പോൾ നമ്മൾ ഓർക്കേണ്ടതുണ്ടെന്നും പറഞ്ഞുകൊണ്ടാണ് ശ്രീ. എം.എ.ബേബി അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗം ആരംഭിച്ചത്.

## THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION



# Terms of Reference

*for*

# Kerala Higher Education Commission (AKPCTA) 2014-15

*(Constituted by The All Kerala Private College Teachers' Association (AKPCTA) for Reviewing Kerala's Higher Education Scenario and Recommending Reforms)*

Kottayam
30th August 2014

അത്തരത്തിൽ തികഞ്ഞ ത്യാഗമനഃസ്ഥിതിയോടെ ഉന്നതവിദ്യാഭ്യാസരംഗത്ത് സ്ഥാനംപിടിച്ച സ്ഥാപനങ്ങൾ പോലും കമ്പോള യുക്തിയാൽ വലയം ചെയ്യപ്പെടുന്ന തികച്ചും ദൗർഭാഗ്യകരമായ അവസ്ഥയാണ് നിലവിലുള്ളത്. വിവിധ കൈവഴികളിലൂടെ കേരള സമൂഹം ആർജ്ജിച്ച നേട്ടങ്ങളാണ് കേരള മാനവികതയ്ക്ക് ബലിഷ്ഠമായ അടിത്തറ പാകാൻ ഇടയാക്കിയത്. സാമൂഹ്യമുന്നേറ്റ പ്രക്രിയയിൽ ചില സന്ദർഭങ്ങളിലെങ്കിലും ഉണ്ടായ കല്ലേറുകൾ ചരിത്രത്തിൽ നിർണ്ണായകമായിട്ടുള്ളത് ഇപ്പോൾ നമ്മൾ ഓർക്കേണ്ടതുണ്ട്. അതിലൊന്നായിരുന്നു ശ്രീ നാരായണ ഗുരു നടത്തിയ കല്ലേറ്. കട്ടപിടിച്ച യാഥാസ്ഥിതികതയുടെ മുഖത്തേയ്ക്കെറിഞ്ഞ കല്ലായിരുന്നു ശ്രീനാരായണൻ കൈയിലെടുത്തത്. പ്രതിഷ്ഠയും ആരാധനയും ഏറ്റെടുത്ത അതേ ശ്രീനാരായണൻ തന്നെ പിന്നീട് പറഞ്ഞത് ക്ഷേത്രങ്ങൾ അല്ല വേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആണെന്നാണ്. അയ്യങ്കാളിയുടെ പ്രവർത്തനങ്ങളാണ് പഞ്ചമിയുടെ കൈപിടിച്ച് സ്കൂളിലേക്ക് കൊണ്ടുപോകാൻ ഇടയാക്കിയത്. ഇത്തരത്തിൽ നവോത്ഥാന കേരളത്തെ രൂപപ്പെടുത്തിയ അക്ഷരങ്ങളുടേയും അറിവിന്റെയും സ്രോതസ്സുകളെ കമ്പോളയുക്തിയാൽ ഇരുട്ടിലടക്കാനുള്ള ശ്രമങ്ങളെ പ്രതിരോധിക്കാൻ എ. കെ. പി.സി.ടി.എ യുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കഴിയട്ടെയെന്ന് ശ്രീ. എം. എ. ബേബി പ്രത്യാശിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്തെ ഘടനാപരമായ പരിമിതികളെ മുറിച്ചുകടക്കാൻ നമുക്ക് കഴിയേണ്ടതുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഉന്നതവിദ്യാഭ്യാസമേഖലയിലെ പഠനമാധ്യമമായി മാതൃഭാഷ മാറേണ്ടതിന്റെ അനിവാര്യതയും ചൂണ്ടിക്കാട്ടുകയുണ്ടായി.

ഉന്നതവിദ്യാഭ്യാസമേഖലയിലെ ഗുണമേന്മ എന്ന കാതലായ പ്രശ്നത്തെ സാമൂഹ്യ നീതിയുടേയും ജനാധിപത്യ ബോധത്തിന്റെയും യുക്തിബോധത്തിന്റെയും ശാസ്ത്രീയ ചിന്തയുടേയും മതേതര ദർശനത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുകയും പഠിക്കുകയും ചെയ്യുക എന്ന ഉയർന്നലക്ഷ്യമാണ് കേരള ഉന്നതവിദ്യാഭ്യാസ കമ്മീഷനുള്ളതെന്ന് പരിഗണനാ വിഷയങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് ഡോ. ആർ.വി. ജി മേനോൻ അഭിപ്രായപ്പെട്ടു. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമേഖലയുടെ ചരിത്രവും സംഘടനാ ചരിത്രവും സമാന്തരമായി നീങ്ങുന്നുവെന്ന് പ്രൊഫ. കെ. സദാശിവൻനായരും ഉന്നതവിദ്യാഭ്യാസമേഖലയിലെ കാതലായ പരിവർത്തനങ്ങൾക്ക് എക്കാലവും നമ്മൾ നേതൃത്വം നൽകിയിട്ടുണ്ടെന്ന് പ്രൊഫ. തോമസ് ജോസഫും അഭിപ്രായപ്പെട്ടു. കെ. എസ്.ടി. എ ജനറൽ സെക്രട്ടറി ശ്രീ. എ. കെ. ഉണ്ണികൃഷ്ണൻ, എൻ. ജി. ഓ യൂണിയൻ സംസ്ഥാന സെക്രട്ടറി ശ്രീ. അജയൻ കെ. മേനോൻ, കെ. ജി. ഓ എ സംസ്ഥാന സെക്രട്ടറി ഡോ. കെ. എം. ദിലീപ്, സി.എം.എസ് കോളജ് പ്രിൻസിപ്പൽ ഡോ. റോയി സാം ഡാനിയൽ, ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ജില്ലാ സഹായസമിതി ചെയർമാൻ അഡ്വ. കെ. അനിൽകുമാർ, എസ്. എഫ്. ഐ സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജൂഖാൻ, എസ്.എഫ്.ഐ കേന്ദ്ര കമ്മിറ്റി അംഗം കുമാരി ധന്യാ വിജയൻ, എഫ്.യു.ടി.എ മേഖലാ സെക്രട്ടറി ഡോ. പ്രകാശ്കുമാർ എന്നിവർ ആശംസയർപ്പിച്ച ചടങ്ങിൽ എ. കെ. പി.സി.ടി.എ അക്കാദമിക് കമ്മിറ്റി കൺവീനർ സി. പത്മനാഭൻ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ പരിചയപ്പെടുത്തുകയും സംഘടനാ വൈസ് പ്രസിഡന്റ് ഡോ. ഡി. കെ ബാബു നന്ദി പറയുകയും ചെയ്തു.

തയ്യാറാക്കിയത്
**എ. ജി. ഒലീന**



# രാഷ്ട്രീയ ജീവിതത്തിലെ പെൺകരുത്ത്

മലയാള പുസ്തക പ്രസാധന രംഗത്ത് ശക്തമായ ചുവടുറപ്പിച്ച പ്രൊഫ. ടി എ ഉഷാകുമാരി എ കെ പി സി ടി എയുടെ സംസ്ഥാന വൈസ് പ്രസിഡൻറ്, സംസ്ഥാന വനിതാ കൺവീനർ എന്നീ സ്ഥാനങ്ങൾ വഹിക്കെ ഔദ്യോഗിക  രംഗത്തു നിന്ന് വിരമിച്ചു. സംഘടനയുടെ സംഘാടനത്തിലും സമരപോരാട്ട വേദികളിലും നിറസാന്നിദ്ധ്യമായിരുന്നു ടീച്ചർ. വെറുതെ ഇരിക്കാനോ, “എന്തെങ്കിലുമൊക്കെ ചെയ്യാനോ” തയ്യാറാകാത്ത ടീച്ചർ തൻെറ പ്രവർത്തനങ്ങൾ സാർത്ഥകമാകണമെന്ന് നിഷ്കർഷിക്കുന്നു. അതുകൊണ്ട് സ്ത്രീകൾ കടന്നു ചെല്ലാൻ മടിക്കുന്ന ഇടങ്ങൾ കണ്ടെത്തി പ്രവർത്തനം ഉറപ്പിക്കുന്നു. ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ശേഷം പുസ്തക പ്രസാധന രംഗത്തെത്തിയത് ഇങ്ങനെയാണ്. അതിൻ ഫലമാണ് *സമത എ കളക്ടീവ് ഫോർ ജൻറർ ജസ്റ്റിസ്* എന്ന പ്രസിദ്ധീകരണം. പുസ്തക വ്യവസായികളുടെ ലാഭക്കൊതിയല്ല ടീച്ചറിനെ ഇതിലേക്ക് നയിച്ചത്. സ്ത്രീ എന്ന നിലയിലുള്ള വ്യക്തമായ കാഴ്ചപ്പാടും സങ്കല്പങ്ങളും അവതരിപ്പിക്കാനാണ് ഒപ്പം ചരിത്ര വഴികളിലൂടെ സഞ്ചരിച്ച നിസ്സഹായരായ സ്ത്രീകളെ സഹായിക്കാനും. തന്റെ പ്രവർത്തനത്തെ സംബന്ധിച്ച് കാര്യമായ ലക്ഷ്യബോധവും ടീച്ചറിനുണ്ട്.

**രാഷ്ട്രീയ ജീവിതത്തിലെ പെൺകരുത്തായ ഉഷാകുമാരി ടീച്ചറുമായി അല്പസമയം.**

ആദ്യ വനിതാ പ്രസാധക മിനി സുകുമാരൻ, പാർവ്വതീദേവി എന്നിവരൊക്കെയുണ്ട്. വിമൻസ് ഇംപ്രിൻറ് പോലെയുള്ള പ്രസിദ്ധീകരണവുമുണ്ടായിട്ടുണ്ട്. പക്ഷേ അതൊക്കെ ഒന്നോ രണ്ടോ പുസ്തക പ്രസാധനത്തിനു ശേഷം പിൻവാങ്ങി. മാത്രമല്ല, അതൊക്കെ ഒററ വ്യക്തികളുടെ സംരംഭമായിരുന്നു. ഇന്ന് അവയൊന്നും രംഗത്തില്ല. തീർത്തും നിശ്ചലമായിരിക്കുന്നു. സമത ഒരു പെൺകൂട്ടായമയാണ്. 29 അംഗ ട്രസ്റ്റാണിത്. ഇതിൽ എല്ലാ മേഖലയിലുമുള്ള വനിതകളുണ്ട്. ലളിത ലെനിൻ ആണ് ചെയർപേഴ്സൺ. ആർ. പാർവതീദേവി വൈസ് പ്രസിഡന്റും, എ. ജി. ഒലീന ട്രഷററുമാണ്. 2010 നവംബർ ഒന്നിന് ആണ് സമത എ കലക്ടീവ് ഫോർ ജൻറർ ജസ്റ്റിസ് എന്ന പേരിൽ ചാരിററബിൾ ട്രസ്റ്റായി സ്ഥാപനം രജിസ്റ്റർ ചെയ്തത്. മാനേജിംങ് ട്രസ്റ്റിയാണ് ഞാൻ.

പക്ഷേ, സമത നേരത്തേയുണ്ട്. 1987 മുതൽ 1997 വരെയുള്ള പത്തുവർഷക്കാലം വളരെ പ്രവർത്തന സജ്ജമായിരുന്നു. വനിതകളുടെ ഒരു തീയ്യററർ ഗ്രൂപ്പായിരുന്നു സമത. കേരളത്തിനകത്തും പുറത്തും ആയിരത്തി അഞ്ഞൂറിലധികം വേദികളിൽ സമത കലാപരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിലാദ്യമായി വനിതകൾക്കായി ഒരു തീയ്യററർ വർക്ക്ഷോപ്പ് സംഘടിപ്പിച്ചത് സമതയാണ്. ഇതിനു ശേഷമാണ് മിനി സുകുമാരനും മററും നടത്തിയത്. കോലഴിയിലായിരുന്നു ക്യാമ്പ്. പഠന കളരിയായിരുന്നു. പി. ഗംഗാധരനായിരുന്നു ഇതിന് നേതൃത്വം കൊടുത്തത്. വലിയ ജനകീയതയായിരുന്നു ഇതിന്. ഓരോ ദിവസവും സെമിനാർ ഉണ്ടായിരുന്നു. ഗൗരിയമ്മ, സാനുമാഷ്, എം എ ബേബി, ഈയ്യങ്കോട് ശ്രീധരൻ തുടങ്ങി ഒരുപിടി പ്രഗത്ഭർ സെമിനാറിൽ പങ്കെടുത്തു. ക്യാമ്പിൻെറ പ്രൊഡക്ഷനായിരുന്നു അടുക്കള എന്ന നാടകം. 2500 വേദികളിൽ പിന്നീടത് അരങ്ങേറുകയുണ്ടായി. വലിയ ജനകീയ ഘോഷയാത്രയോടു കൂടിയാണ് ക്യാമ്പിൻെറ സമാപന സമ്മേളനം നടന്നത്. കോലഴിയുടെ പരിസര രംഗത്തുള്ള വിവിധ പ്രദേശങ്ങളിൽ പരിപാടികൾ നടത്തിയിരുന്നു.

സമത രണ്ട് കാസററ് ഇറക്കി. ആദ്യ കാസററ് ദേവകി വാര്യരും രണ്ടാമത്തേത് ഇ എം എസും പ്രകാശനം ചെയ്തു. തുടർന്ന് ബ്രഹ്ററിൻെറ അമ്മ, ചോരക്കുഞ്ഞിനെക്കൊന്ന മേരി ഫെറാർ എന്നിങ്ങനെ ധാരാളം നാടകങ്ങളും സമത അവതരിപ്പിക്കുകയുണ്ടായി. ഞാൻ സ്ത്രീ എന്ന സംഗീത ശില്പവും ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്.

പിന്നീട് കരിവള്ളൂരിൽ പത്തു ദിവസത്തെ ക്യാമ്പ് നടന്നു. സ്വാഗതസംഘം രൂപീകരിച്ച് ഒരു വീട് വാടകയ്ക്കെടുത്ത് താമസിച്ചു കൊണ്ടായിരുന്നു പഠനകളരി. ജന പങ്കാളിത്തത്തോടെയുള്ള അവതരണങ്ങളായിരുന്നു അവിടെ.

ഇടതുപക്ഷ സഹയാത്രിക എന്ന നിലയിലും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടും കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ടും വളരെ ചലനാത്മക കാലമായിരുന്നു അത്. അപ്പോഴായിരുന്നു വിവാഹം. കുടുംബം, കുട്ടികൾ, അതോടെ വേണ്ട വിധത്തിൽ പ്രവർത്തിക്കാൻ കഴിയാതെ വന്നു. സമതയും തളർന്നു. പിന്നീട് ഉദ്യോഗത്തിൽ നിന്ന് വിരമിച്ച ശേഷം സമതയെ പുനരുജ്ജീവിപ്പിക്കുകയാണ് ചെയ്തത് *"Samatha A Collective for Gender Justice"* എന്ന പേരിൽ.

പുനർജ്ജനിച്ച സമതയുടെ പ്രവർത്തനത്തിൻെറ ഒരു മേഖല മാത്രമാണ് പുസ്തക പ്രസാധനം. പുസ്തക പ്രസാധനത്തിൽ നിന്നും ലഭിക്കുന്ന തുക കൊണ്ടുള്ള സാംസ്കാരിക പ്രവർത്തനം. ഇതുകൂടാതെ പഴയകാല പോരാളികളായ അമ്മമാർക്ക് സഹായമായി പെൻഷൻ നല്കുന്നു. പി ഡബ്ലിയു ഡി യുടെ മൂന്ന് സെൻറ് പുറമ്പോക്കിൽ കഴിയുന്ന നല്ലങ്കര കർഷക സമര സേനാനിയായ ഇററ്യാനത്തിന് 1000 രൂപ വീതം മാസം തോറും നല്കി സഹായിക്കുന്നു. സ്ത്രീ കൂട്ടായ്മയിൽ നിന്നു പിറന്ന തൊഴിൽ കേന്ദ്രത്തിലേക്ക് എന്ന നാടകത്തിലെ കഥാപാത്രത്തെ രംഗത്തവതരിപ്പിച്ച കാവുങ്കര ഭാർഗ്ഗവിക്കും 1000 രൂപ വീതം പ്രതിമാസം പെൻഷൻ നല്കുന്നു.



മൂന്നു വർഷത്തിനുള്ളിൽ 24 പുസ്തകം പ്രസിദ്ധീകരിച്ചുകൊണ്ടാണ് പ്രസാധന രംഗത്ത് ശക്തമായ സാന്നിദ്ധ്യം ഉറപ്പിച്ചത്. ലോകചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച വനിതാ പോരാളികളെ അടുത്തറിയുക, പ്രാന്തവല്ക്കരിക്കപ്പെട്ട സ്ത്രീ സമരങ്ങളെയും മുന്നേററങ്ങളെയും അടയാളപ്പെടുത്തുക, കീഴാള പക്ഷത്തു നിന്ന് സാഹിത്യത്തെ പുനർ വാ

യിക്കുക തുടങ്ങിയവയാണ് പുസ്തക പ്രസാധാനത്തിൽ സമതയെ നയിക്കുന്നത്. അടുത്തിറങ്ങാൻ പോകുന്നത് മച്ചാട്ട് വാസന്തിയുടെ ആത്മകഥയാണ്.

പ്രസാധന രംഗത്തെ സവിശേഷത... യൂറോപ്പിലും മററും പ്രസാധനത്തിൻെറ നേതൃ സ്ഥാനത്ത് സ്ത്രീകളുണ്ടാവും. ഇന്ത്യയിൽ വിശേഷിച്ച് കേരളത്തിൽ അങ്ങനെയൊരു സ്ഥാനത്ത് സ്ത്രീയുണ്ടാവില്ല. ഇവിടെ സ്ത്രീ ഒരു വായനക്കാരി മാത്രമാണ്. ഗൗരവമുള്ള വായന സ്ത്രീയ്ക്കില്ല. പെൺ ജീവിതം പൈങ്കിളിയാണ്. എന്നിങ്ങനെയുള്ള ധാരണകളെ തിരുത്തും വിധമുള്ള സ്ത്രീ ജീവിതങ്ങളെ അടയാളപ്പെടുത്തുകയാണ് സമത ചെയ്യുന്നത്. പത്തു പുസ്തകം ഉടൻ പ്രകാശനത്തിന് തയ്യാറായിരിക്കുന്നു. തട്ടിൻപുറത്തെ ബുദ്ധൻ, കാശ്മീർ-വേദനിക്കുന്ന പറുദീസ എന്നിവ അവയിൽ ചിലതാണ്. പരിസ്ഥിതി, പൊളിററിക്കൽ, സംസ്കാരം എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട പുസ്തകങ്ങളാണ് പ്രസാധനത്തിന് പരിഗണിക്കുന്നത്.

പഠിക്കുന്ന കാലം മുതലേ എസ് എഫ് ഐയുടെ സജീവ പ്രവർത്തകയായിരുന്നു. ഭാരവാഹിയും എസ് എഫ് ഐ ക്ക് ആദ്യമായി വനിതാ സബ്കമ്മററി ഉണ്ടാകുന്നത് മടപ്പള്ളി കോളജിലാണ്. അതിൻെറ കൺവീനറായിരുന്നു. കാലിക്കററ് സർവ്വകലാശാല സിൻഡിക്കേററിൽ വിദ്യാർത്ഥി പ്രതിനിധിയായിരുന്നു. അടിയന്തരാവസ്ഥ കാലത്ത് തലശ്ശേരി ബ്രണ്ണൻ കോളജിൽ എം.എ വിദ്യാർത്ഥിയായിരിക്കെ പോരാട്ടസമരങ്ങളിൽ പങ്കെടുത്ത് പോലീസ് മർദ്ദനത്തിന് വിധേയയായിട്ടുണ്ട്. സർവ്വീസിൽ കയറിയപ്പോൾ മുതലേ സംഘടനയിൽ അംഗവും പ്രവർത്തകയും വിവിധ നേതൃസ്ഥാനങ്ങൾ വഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ആദ്യമായി എ കെ പി സി ടി എ യുടെ സംസ്ഥാന വനിതാ കൺവെൻഷൻ നടക്കുന്നത് സംഘടനയുടെ സുവർണ്ണ ജൂബിലി വർഷത്തിൽ എന്റെ നേതൃത്വത്തിലാണ്. തൃശൂരിൽ വെച്ച് വൈവിധ്യമാർന്ന പരിപാടികളോടെ അതിവിപുലമായി അദ്ധ്യാപികമാരുടെ പങ്കാളിത്തത്തോടെ നടത്തുകയുണ്ടായി. കേരളവർമ്മയിൽ ശ്രദ്ധിക്കപ്പെടുന്ന നിരവധി പരിപാടികൾ സംഘടിപ്പിച്ചു. സർവ്വീസിൽ നിന്ന് വിരമിച്ചെങ്കിലും പുസ്തക പ്രകാശനം മാത്രമല്ല പ്രവർത്തമണ്ഡലം സി ഐ ടി യു, അസംഘടിത തൊഴിലാളികളെ സംഘടിപ്പിക്കുക എന്നിങ്ങനെ കർമ്മമണ്ഡലം വിപുലവുമാണ്. വെറുതെ ഇരിക്കാനാവില്ല, എന്തെങ്കിലും ചെയ്താൽ മതി എന്നു കരുതാനും വയ്യ. സ്വകാര്യമേഖലയിലെ നഴ്സുമാരെ സംഘടിപ്പിച്ചതും സമര പോരാട്ടം നടത്തി സേവന വേതന വ്യവസ്ഥ പരിഷ്കരിക്കാൻ കഴിഞ്ഞതുമൊക്കെ വലിയ സംതൃപ്തി നല്കുന്ന പ്രവർത്തനമാണ് ഇനിയും ഇത് തുടരുക തന്നെയാണ്.



ഡോ. എൻ.എം.സണ്ണി
*മലബാർ ക്രിസ്ത്യൻ കോളജ്,*
*കോഴിക്കോട്*



# ഹുദ് ഹുദ്

ഹുദ് ഹുദ് ഒരു പാവം മരംകൊത്തി
നീയെങ്ങിനെ ഒരു ദുരന്തത്തിന് പേരായി
ടിക്കറ്റില്ലാത്ത യാത്രികന്റെ വണ്ടി
കള്ളവണ്ടി
പൂഴ നിറച്ച ബക്കറ്റിന്
തീ എന്ന് പേരു വിളിച്ചു
ഒരു പണത്തൂക്കം
വെള്ളിയില്ലാത്തതും
ഇരുമ്പ് വടി വെള്ളിക്കോൽ
വെളിച്ചെണ്ണയിൽ ചുട്ട അപ്പത്തിനും
പേര് നെയ്യപ്പം
ഡെസർട്ടും ഹോട് ഡോഗും പോലെ
കൊലചെയ്യുന്നവന്റെ ,കയ്യിലകപ്പെട്ട
കത്തി കൊലക്കത്തി
എലിയല്ലാഞ്ഞും കമ്പ്യൂട്ടർ ഫീഡറിന്
മൂഷികനെന്ന് പേര്
പുത്തൻ സാമ്രാജ്യത്വത്തിന്
ആഗോളീകരണം
വിപണി വാഴ്ചയ്ക്ക്
ഉദാരവൽക്കരണം
കോഴക്കും പകൽക്കൊള്ളക്കും
സ്വാശ്രയം നല്ല പേര്
ഹുദ് ഹുദ് തിരിയുന്നില്ല
ഈ അപനിർമ്മിതിയുടെ പൊരുൾ.
അല്ലെങ്കിൽ നിന്റെ ഈ പേര്
ഞങ്ങളുടെ ദാനമല്ലേ?

(ഹുദ് ഹുദ്) 2014-10-12 ന്
ആന്ധ്ര തീരത്ത് നാശം വിതച്ച ചുഴലിക്കാറ്റിന്റെ പേര്




# സ്ത്രൈണവല്ക്കരിക്കപ്പെട്ട അധ്യാപനവും അധ്യാപികമാരുടെ ബൗദ്ധിക ജീവിതവും - ചില ചിന്തകൾ



ടി. വി. സുനീത
*ഗുരുവായൂരപ്പൻ കോളജ്
കോഴിക്കോട്*

അധ്യാപനജോലിയുടെ സ്ത്രൈണവല്ക്കരണം ആഗോള തലത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഇത് എന്തുകൊണ്ട് സംഭവിക്കുന്നു, ഇതിൻെറ സാമൂഹ്യസ്വാധീനം, ഇത് സ്ത്രീ ശാക്തീകരണത്തിൽ വഹിക്കുന്ന പങ്ക് തുടങ്ങിയവയൊക്കെ പലമട്ടിൽ സംവാദത്തിനു വിഷയമാവുന്നു. എന്നാൽ ഇന്ത്യയിൽ പൊതുവെയുള്ള ചിത്രം നോക്കിയാൽ അധ്യാപനം സ്ത്രൈണവല്കൃതമാണെന്ന് പറയാനാവില്ല. 2006-2007 കാലഘട്ടത്തിൽ സ്കൂൾ തലത്തിലുള്ള അധ്യാപികാ സാന്നിധ്യം 39.1% ആണ്. ഇത് ഏററവും കുറവുള്ള സംസ്ഥാനം രാജസ്ഥാനും (30%ൽ താഴെ) ഏററവും കൂടുതലുള്ളത് കേരളത്തിലുമാണ് (2009-ൽ 74%)

വളരെ സവിശേഷമായ ഒരു വികസനാനുഭവത്തിലൂടെ കടന്നു പോവുകയാണ് കേരളം. ഇന്ത്യയിൽ ഏററവും കൂടുതൽ സ്ത്രീകൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് കടന്നു വരുന്ന സംസ്ഥാനമാണിത്. കേന്ദ്രമാനവവിഭവശേഷി വികസന മന്ത്രാലയത്തിൻെറ കണക്കുകൾ പ്രകാരം കേരളത്തിലെ 100 വിദ്യാർത്ഥികൾ 54 ഉം പെൺകുട്ടികളാണ്. ഇന്ത്യയിൽ ഇത് 40 മാത്രമാണ്.

19-ാം നൂററാണ്ടിൻെറ രണ്ടാം പകുതിയോടെ രൂപപ്പെട്ട വമ്പിച്ച പരിവർത്തനങ്ങളുടെ ഫലമായി ആധുനിക വിദ്യാഭ്യാസം നേടിയ പുരുഷന്മാരാണ് തങ്ങളുടെ കുടുംബത്തെ ആധുനീകരിക്കാനായി അഭ്യസ്തവിദ്യയായ മാതൃകാ വീട്ടമ്മയെ രൂപപ്പെടുത്താനുള്ള ശ്രമങ്ങളാരംഭിച്ചത്. സ്ത്രീ വിദ്യാഭ്യാസം പ്രാധാന്യം നേടുന്നത് അതോടൊപ്പം. ഈ മാതൃകാ വീട്ടമ്മയുടെ റോളിൻെറ തുടർച്ചയെന്നോണമാണ് അധ്യാപനവും പിന്നീട് നേഴ്സിംഗും ഉയർന്നു വന്നത്. അതുകൊണ്ടു തന്നെ കേരളീയ സ്ത്രീ

കളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം അതിപ്രധാനമാണെങ്കിലും അത് ലിംഗപരമായ ഒരു ചട്ടക്കൂടിലാണ് നിലനിൽക്കുന്നതെന്നു കാണാം. പുരുഷന്മാരും സ്ത്രീകളും തെരഞ്ഞെടുക്കുന്ന കോഴ്സുകൾ ഈ ലിംഗപരതയെപ്പററിയുള്ള കൃത്യമായ സൂചനകൾ തരുന്നതാണ്. പുരുഷന്മാർ താരതമ്യേന സാങ്കേതികമോ തൊഴിലധിഷ്ഠിതമോ ഭരണനിർവ്വഹണപരമോ ആയ കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ സ്ത്രീകൾ അധ്യാപനമോ നേഴ്സിങോ ഇതര തൊഴിലധിഷ്ഠിതമല്ലാത്ത പൊതു സ്വഭാവ കോഴ്സുകളോ തിരഞ്ഞെടുക്കുന്നു. ഈ തിരഞ്ഞെടുപ്പിനു കാരണം കുടുംബങ്ങൾ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഭാവിയെ വ്യത്യസ്തമായി കാണുകയും അതിനായി ചില വഴിക്കുന്ന തുക വ്യത്യസ്തമായി ( തീർച്ചയായും പുരുഷാനുകൂലമായി) വകയിരുത്തുകയും ചെയ്യുന്നതു കൊണ്ടാണ്. പെൺകുട്ടികളെ തൊഴിലധിഷ്ഠിതമല്ലാത്ത പൊതുവിഭാഗത്തിൽ ചേർക്കുന്നത് പലപ്പോഴും പ്രച്ഛന്നമായ തൊഴിലില്ലായ്മയോ വിവാഹം വരെയുള്ള സമയം ചിലവഴിക്കാനുള്ള ഏർപ്പാടായോ ഒക്കെയാണ്. ഇതിൽ നിന്നും വ്യത്യസ്തമായി കാണപ്പെടുന്നത് സ്ത്രൈണവല്ക്കരിക്കപ്പെട്ട തൊഴിൽ മേഖലകളിലെയ്ക്കുള്ള പരിശീലന കോഴ്സുകളിലാണ്.

എന്നാലും വിദ്യാഭ്യാസത്തിനനുസൃതമായ സ്ത്രീ തൊഴിൽ പങ്കാളിത്തത്തിൻെറ അഭാവമാണ് കേരള വികസന മാതൃകയുടെ പരിമിതികളിൽ പ്രധാനപ്പെട്ട ഒന്ന്. സ്ത്രീകൾ കൂടുതലുള്ള മെച്ചപ്പെട്ട വരുമാനമുള്ള ഏകതൊഴിൽ മേഖല സ്കൂൾ ടീച്ചർമാരുടെതാണ് എന്ന് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ കേരള പഠന റിപ്പോർട്ട് കണ്ടെത്തുന്നു. വീട്ടമ്മയുടെ റോളിൻെറ തുടർച്ച എന്ന രീതിയിലാണ് കേരള സമൂഹത്തിൽ പുരുഷ കേന്ദ്രീകൃതമായ അധ്യാപനം സ്ത്രീ സമ്പന്നമാവുന്നത്. ഇതിനെ വീണ്ടും സൂക്ഷ്മമായി പരിശോധിച്ചാൽ പ്രീ പ്രൈമറി തലത്തിലാണ് അധ്യാപികമാരുടെ എണ്ണം ഏററവും കൂടുതലുള്ളത് എന്നു കാണാം. കുറഞ്ഞ വരുമാനമുള്ളതും ഏതാണ്ട് സമ്പൂർണ്ണമായിത്തന്നെ സ്ത്രീവൽകൃതവും ആയ മേഖലയാണിത്. അവിടെ നിന്നും ഉയർന്ന ക്ലാസുകളിലേക്ക് പോവുന്തോറും ഈ കണക്ക് തലതിരിഞ്ഞു വരുന്നതായി കാണാൻ സാധിക്കും. അതിൽത്തന്നെ, സർക്കാർ, എയ്ഡഡ് സ്കൂളുകളിലെതിനേക്കാൾ വരുമാനം കുറഞ്ഞതും ജോലിയുടെ സ്ഥിരത ഇല്ലാത്തതുമായ സ്വകാര്യ വിദ്യാലയങ്ങളിലാണ് അധ്യാപികമാർ കൂടുതലുള്ളത് എന്നും ശ്രദ്ധേയമാണ്. സ്കൂൾ തലം വിട്ട് കോളജ്, യൂണിവേഴ്സിററി തലങ്ങളിലേയ്ക്ക് വരുമ്പോൾ, അധ്യാപനം പുരുഷവല്കൃതമാവുന്നതു കാണാം. (അധ്യാപികമാരുടെ എണ്ണം അനുദിനം വർദ്ധിച്ചുവെന്നത് കാണാതെവയ്യ, വർത്തമാനകാലത്തെ ഏകദേശ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഇതു പറയുന്നത്)

അപ്പോൾ കേരളത്തിൽ അധ്യാപനത്തിൻെറ സ്ത്രൈണവല്ക്കരണം സംഭവിച്ചത് സ്കൂൾ തലത്തിലാണെന്നു കാണാനാവും. എന്നാലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ വർദ്ധിച്ചു വരുന്ന അധ്യാപികാ സാന്നിധ്യത്തിൻെറ പ



ശ്ചാത്തലത്തിൽ ഈ രംഗത്തെ സ്ത്രീ സാന്നിധ്യത്തെ വിശകലന വിധേയമാക്കേണ്ടത് ആവശ്യമാണ്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കേരള വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് (2000) ആനുഷണികമായി വിദ്യാഭ്യാസ മേഖലയിലെ സ്ത്രീ പുരുഷ ഭേദത്തെപ്പററി ചില നിരീക്ഷണങ്ങൾ മുന്നോട്ടു വെയ്ക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗം കണക്കിലെടുക്കുമ്പോൾ സ്ത്രീകളുടെ പദവി പുരുഷന്മാരുടേതു പോലെ നല്ല നിലയിലാണ്. എന്നാൽ വൈയക്തികമായ ആശയവിനിമയവും.

അനൗപചാരിക സംഘങ്ങളിലെ ചർച്ചകളും വ്യക്തമാക്കുന്നത് ശ്രദ്ധ ആവശ്യപ്പെടുന്ന മറെറാരു ചിത്രം ഉരുത്തിരിയുന്നുവെന്നതാണ്. ജനസംഖ്യാപരമായ ചിത്രം നല്ല നിലയിലാണെങ്കിലും തങ്ങളുടെ ജീവിത ഗുണനിലവാരത്തെ സംബന്ധിച്ചടത്തോളം ആശാസ്യമായ ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതാണ് എന്നതിനോട് ഭൂരിപക്ഷം സ്ത്രീകളും യോജിച്ചു. നിത്യജീവിതത്തിലെ നിരവധി ആവശ്യാനുസരണമായി കേന്ദ്രീകരിച്ചതാണ് അവരുടെ അസംതൃപ്തി. സ്ത്രീകൾ വിധേയത്വ മാർന്നവരും ഒന്നിലും ഇടപെടാത്തവരും ലജ്ജാശീലരും സ്വയം ശ്രദ്ധാകേന്ദ്രമാകാതിരിക്കേണ്ടവരും ആകുന്നതിന് അനുകൂലമായ മൂല്യബോധം ശക്തമായി വളർന്നു വരുന്നു. കോളജുകളിലും സർവ്വകലാശാലകളിലും പ്രചരിക്കുന്ന കഥകളുടെ അടിസ്ഥാനത്തിലാണ് ഈ നിഗമനം. പെൺകുട്ടികൾ ക്ലാസിൽ ചോദ്യങ്ങളുന്നയിക്കാറില്ലെന്നും പറയപ്പെടുന്നു. ഇതിന്റെ കാരണങ്ങൾ സങ്കീർണ്ണമാണെന്നതിനാൽ ഇവിടെ അപഗ്രഥനത്തിന് മുതിരുന്നില്ല എങ്കിലും പാഠ്യപദ്ധതിയിലും അധ്യാപന രീതിയിലും പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന രീതിയിലും മാറ്റങ്ങൾ ആവശ്യമാണെന്ന് മിക്ക സ്ത്രീകളും കരുതുന്നു. അവയിൽ പാഠ്യപദ്ധതിയിലെ ലിംഗപദവി ചിത്രീകരണത്തിലെ മാററം, പാഠപുസ്തക സമിതികളിൽ സ്ത്രീകളുടെ ഗുണപരമായ പങ്കാളിത്തം, പെൺകുട്ടികൾക്കും സ്ത്രീകൾക്കുമായി കൗൺസിലിംഗ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതി

**സ്ത്രീകളുടെ പരമ്പരാഗത വേഷങ്ങൾ എല്ലാം ആടിത്തീർക്കുന്ന കൂട്ടത്തിൽ കെട്ടുന്ന ഒരധികവേഷമാണ് ബൗദ്ധിക സർഗ്ഗാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീ. കടുത്ത ഇത്തരം എതിർപ്പുകളെ മറികടക്കാനായെങ്കിൽ മാത്രമേ അതിന്റെ വില കൊടുക്കാൻ സന്നദ്ധരായാൽ മാത്രമേ ബൗദ്ധിക ലോകത്ത് സ്ത്രീകൾക്ക് തന്റെ ഇടം കണ്ടെത്താനാവൂ.**

നുള്ള സവിശേഷ പദ്ധതിയിൽ അധ്യാപകരുടെ സമീപനം മെച്ചപ്പെടുത്താൻ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയ നിർദ്ദേശങ്ങളും മുന്നോട്ടുവെയ്ക്കുന്നു.

അധ്യാപകനെ മാസ്റ്റർ എന്നു വിളിച്ചാദരിച്ചാലും അധ്യാപികയെ ടീച്ചർ ആയി മാത്രം (അവർ മാസ്റ്ററി നേടിയിട്ടില്ല എന്നു സാരം) കണക്കാക്കുകയും ചെയ്യുന്ന നാടാണിത്. അധ്യാപനവൃത്തിയിലേർപ്പെടുന്ന പുരുഷന്മാർക്ക് യഥേഷ്ടം വിജ്ഞാനസമ്പാദനത്തിനും യാത്രകൾക്കും ഉപരിപഠനത്തിനും സാമൂഹികവത്ക്കരണങ്ങൾക്കും ബൗദ്ധിക സംവാദങ്ങൾക്കും ഉള്ള സാധ്യതകൾ ലഭ്യമാവുന്നു. അതുവഴി അവർ തങ്ങളുടെ ജോലിയിലും സാമൂഹ്യ രംഗത്തും ബഹുമാനം ആർജിക്കുകയും തൊഴിൽ നേടുകയും ചെയ്യുന്നു. എന്നാൽ കുടുംബങ്ങളിലെ ഉത്തരവാദിത്തങ്ങളും തൊഴിൽ രംഗത്തെ ഉത്തരവാദിത്തങ്ങളും ഒരുപോലെ പേറേണ്ടി വരുന്ന സ്ത്രീകൾക്ക് പലപ്പോഴും തൊഴിൽ രംഗത്തെ ഉയർച്ചയ്ക്കു വേണ്ടി (ഇതു സാങ്കേതികമായ പ്രൊമോഷന്റെ കാര്യമല്ല) കാര്യക്ഷമമായി പ്രവർത്തിയ്ക്കാൻ കഴിയാതെ വരുന്നു. ഇത് തൊഴിൽപരമായ അസംതൃപ്തിയും വലിയ സമ്മർദ്ദങ്ങളും സ്ത്രീകൾക്ക് നല്കുന്നു. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന അതിസമർത്ഥരായ അധ്യാപികമാർ ന്യൂനപക്ഷമാണെന്നല്ല ഇവിടെ പറഞ്ഞു വരുന്നത്. മറിച്ച് സ്ത്രീകൾ ഉണ്ടാക്കുന്ന നേട്ടങ്ങളെല്ലാം വലിയ ശ്രമങ്ങളുടെയും നിരന്തരമായ പോരാട്ടങ്ങളുടെയും ഫലമാണ് എന്ന യാഥാർത്ഥ്യമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

സ്ത്രീകളോടു അവരുടെ തൊഴിലിനോടും സ്വാതന്ത്ര്യത്തോടും ബൗദ്ധിക പ്രവർത്തനങ്ങളോടും കലാപ്രവർത്തനങ്ങളോടും ഒക്കെ നിഷേധാത്മക മനോഭാവം പുലർത്തുന്ന ഒരു സമൂഹത്തിൽ നിന്ന് അതിനോട് നിരന്തരം എതിരിട്ടുകൊണ്ടു മാത്രമേ സ്ത്രീകളുടെ ബൗദ്ധിക ജീവിതം സാധ്യമാകൂ. നമ്മിൽ എത്രപേർക്ക് വായിക്കാനായി സ്വന്തമായൊരു മുറിയും സമയവും സൗകര്യവും കിട്ടുന്നുണ്ട് എന്നത് നിശിതമായി അപഗ്രഥിക്കേണ്ടതുണ്ട്. ജ്ഞാനോല്പാദനത്തിന് അടിസ്ഥാനപരമായി വേണ്ട മുന്നുപാധികളായ സ്വാതന്ത്ര്യവും സംവാദാത്മകതയും ജനാധിപത്യപരമായ ചുററുപാടുകളും നമുക്ക് ലഭ്യമാവുന്നുണ്ടോ എന്നും ഗൗരവമായി ചിന്തിയ്ക്കണം.

സ്ത്രീകളുടെ പരമ്പരാഗത വേഷങ്ങൾ എല്ലാം ആടിത്തീർക്കുന്ന കൂട്ടത്തിൽ കെട്ടുന്ന ഒരധികവേഷമാണ് ബൗദ്ധിക സർഗ്ഗാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീ. കടുത്ത ഇത്തരം എതിർപ്പുകളെ മറികടക്കാനായെങ്കിൽ മാത്രമേ അതിന്റെ വില കൊടുക്കാൻ സന്നദ്ധരായാൽ മാത്രമേ ബൗദ്ധിക ലോകത്ത് സ്ത്രീകൾക്ക് തന്റെ ഇടം കണ്ടെത്താനാവൂ. ഇവിടെ പോരാട്ടം എന്നത് ജീവിതത്തിന്റെ പര്യായമാവുന്നു. കുടുംബ-തൊഴിൽ ഇടങ്ങളിലെ ജനാധിപത്യ വല്ക്കരണത്തിനും തുല്യതയ്ക്കും അറിവുല്പാദനത്തിലെ സജീവ പങ്കാളിത്തത്തിനും വേണ്ടിയുള്ള വിട്ടു വീഴ്ചയില്ലാത്ത സമരങ്ങളിലൂടെ മാത്രം സാധ്യമാവുന്ന ഒന്നാണ് സ്ത്രീകളുടെ ബൗദ്ധിക ജീവിതം; അധ്യാപികമാരുടെയും.



# അനന്തമൂർത്തി - സർഗ്ഗാത്മകതയുടെ പ്രകാശഗോപുരം




**ഡോ.അജി.സി.പണിക്കർ**

*എം.എ.കോളജ്, കോതമംഗലം*


അനന്തമൂർത്തി ഒരു മഹത്വ്യക്തിയുടെ നാമത്തിനുമപ്പുറത്ത് താൻ കടന്നുവന്ന കാലത്തോട് കൃത്യതയോടെ കലഹിക്കുകയും തന്റെ വീക്ഷണങ്ങളെ നിർഭയമായി സമൂഹത്തിന് സമർപ്പിക്കുകയും ചെയ്ത സർഗ്ഗധനനായ വിപ്ലവകാരിയാണ്. നാടിന്റെ വൈജ്ഞാനികമേഖലയ്ക്കും സാംസ്കാരികധാരയ്ക്കും തന്റേതായ സംഭാവനകൾ നൽകിയാണ് ആ മഹാനായ മനുഷ്യസ്നേഹി കടന്നുപോയത്. സ്വന്തം ജീവിതത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളുടെ പുറന്തോട്ഭേദിച്ച് തന്റെയൊപ്പം ജീവിച്ചിരുന്നവരുടെ സാമൂഹ്യബോധത്തിലേക്ക് പുതിയവെളിച്ചം പ്രവഹിപ്പിക്കുവാൻ തന്റെ സർഗ്ഗചേതനയെ ആയുധമാക്കിയതാണ് എഴുത്തുകാരനിൽ നിന്നും സാമൂഹിക പരിഷ്കർത്താവിന്റെ മണ്ഡലത്തിലേക്ക് അദ്ദേഹത്തെ വളർത്തിയത്. തന്റെ ശരികളെ പോയകാല ജീവിതാനുഭവങ്ങളുമായി സമഞ്ജസമായി സമ്മേളിപ്പിച്ച് തന്റെ നാടിന്റെ വരുംകാലത്തിന് നന്മയുടെ പ്രഭചൊരിയുവാൻ തന്റെ ജീവിതവും വളമാകണമെന്ന് അദ്ദേഹം കരുതിയിട്ടുണ്ടാകണം. നമ്മുടെ നാടിന്റെ സാംസ്കാരിക മണ്ഡലത്തിൽ അനന്തമൂർത്തി എന്ന മഹാനായ മനുഷ്യൻ സൃഷ്ടിച്ചെടുത്ത ചിന്തയുടേയും എഴുത്തിന്റേയും പ്രപഞ്ചത്തെ വരുംതലമുറ നെഞ്ചോട് ചേർക്കുമെന്നുറപ്പാണ്.

കർണ്ണാടകത്തിലെ ഷിമോഗ ജില്ലയിൽപ്പെട്ട മലിഗെ എന്ന മനോഹരമായ ഗ്രാമത്തിൽ 1932 ൽ മാധ്വാബ്രാഹ്മണ സമൂഹത്തിലാണ് രാജഗോപാലാചാര്യ അനന്തമൂർത്തി എന്ന യു. ആർ. അനന്തമൂർത്തി ജനിച്ചത്. ബ്രാഹ്മണ സമുദായത്തിന്റെ കടുത്ത യാഥാസ്ഥിതികതയും ആചാരാഭാസങ്ങളും കണ്ടു വളർന്ന അനന്തമൂർത്തി ജനലുകളും വാതിലുകളും കൊട്ടിയടച്ച് കാറ്റും വെയിലും കടക്കാത്ത അഗ്രഹാരങ്ങളിലെ ചിതലരിച്ച അനുഷ്ഠാനങ്ങളുടെ ഇരുട്ടിൽ സ്വയം തിരിച്ചറിയാനാകാതെ കഴിഞ്ഞിരുന്ന അന്തണവർഗ്ഗത്തിന്റെ അവസ്ഥയോട് കൗമാരത്തിൽ തന്നെ കലഹിച്ചു തുടങ്ങി. ജീർണ്ണിച്ച ഈ വ്യവസ്ഥിതികളെ തച്ചുതകർക്കുവാൻ അനന്തമൂർത്തിയിലെ കൊച്ചുബാലൻ തയ്യാറായി. വിദ്യാഭ്യാസ

കാലത്ത് രാഷ്ട്രീയമായി എത്തിപ്പെട്ടത് സോഷ്യലിസ്റ്റ് പാർട്ടിയിലാണ്. പ്രശ്നങ്ങളെ ഒന്നൊന്നായി അർത്ഥശങ്കക്കിടയില്ലാത്തവിധം നിർദ്ധാരണം ചെയ്യുന്നതിന് പകരം വികല്പങ്ങളുടെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുന്ന ഒരു വീക്ഷണം വീണ്ടെടുക്കുവാൻ സോഷ്യലിസ്റ്റ് ആശയഗതിയിലേക്കുള്ള ചായ്‌വ് അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടാകണം. ചിന്താഗതികളുടെ അർത്ഥാസക്തിയിൽ എന്നും ഇടതു ചേർന്നു നടക്കുവാനാണ് അനന്തമൂർത്തി ഇഷ്ടപ്പെട്ടത്. എന്നാൽ ഒരു കൊടിയുടേയും തണലിൽ ആ വിപ്ലവകാരിയെ തളച്ചിടുവാൻ കഴിയുമായിരുന്നില്ല. ഫാസിസത്തെ എന്നും എതിർത്തിരുന്ന അദ്ദേഹം ഫാസിസത്തിന്റെ വരവിനെ തന്റെ ദീർഘദൃഷ്ടിയിലൂടെ തിരിച്ചറിയുകയും മോദി അധികാരത്തിലെത്തുന്ന ഇന്ത്യയിൽ താൻ ജീവിക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നു പരസ്യമായി വെളിപ്പെടുത്തുകയും ചെയ്തു. വർഗ്ഗീയഫാസിസത്തിന്റെ വരവിനെ നഖശിഖാന്തം എതിർത്ത അനന്തമൂർത്തി സംഘപരിവാറിന്റെ ആശയശാസ്ത്രങ്ങളേയും അതിന്റെ പ്രയോഗരീതികളേയും തിരിച്ചറിയുവാൻ ഇവിടുത്തെ യുവജനങ്ങളെ ആഹ്വാനം ചെയ്തിരുന്നു. കോർപ്പറേറ്റുകളെ വളർത്തികൊണ്ടു വരുന്ന കോൺഗ്രസ്സ് ഭരണത്തേക്കാൾ വർഗ്ഗീയതയ്ക്കെതിരെ പൊരുതുവാൻ ഒരു ഇടതുപക്ഷബദലിന്റെ വരവിനെ അദ്ദേഹം പ്രതീക്ഷിച്ചിരുന്നു.

ദുർവാസപുരം സംസ്കൃത സ്ക്കൂളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയ അനന്തമൂർത്തി തന്റെ ബിരുദബിരുദാനന്തര കാലഘട്ടം മൈസൂർ യൂണിവേഴ്സിറ്റിയിലായിരുന്നു. തുടർന്ന് അവിടെ അദ്ധ്യാപകനായ അദ്ദേഹം കോമൺവെൽത്ത് സ്കോളർഷിപ്പോടെ ബർമിംഗ്ഹാം യൂണിവേഴ്സിറ്റിയിൽ നിന്നും 'പൊളിറ്റിക്സ് ആന്റ് ഫിക്ഷൻ ഇൻ 1930' എന്ന വിഷയത്തിൽ ഡോക്ടറേറ്റു നേടി. ഇംഗ്ലീഷ് അദ്ധ്യാപകനായി മൈസൂർ യൂണിവേഴ്സിറ്റിയിൽ കാലം ചിലവഴിക്കുമ്പോഴും പല ഇന്ത്യൻ സർവ്വകലാശാലകളിലും വിദേശയൂണിവേഴ്സിറ്റികളിലും വിസിറ്റിംഗ് പ്രൊഫസറായി ക്ലാസ്സെടുത്തി




രുന്നു.

ഒരു മടിയും കൂടാതെ സമൂഹത്തിനുനേരെ ഇവിടുത്തെ വ്യവസ്ഥിതികൾക്കെതിരെ ശക്തമായ ഒരു കൊടുങ്കാറ്റായി വീശിയടിച്ച അനന്തമൂർത്തി എന്ന ധിക്കാരിയായ മനുഷ്യസ്നേഹി ഈ സമൂഹം സമ്മാനിച്ച മുൾകിരീടവും ശിരസ്സിലണിഞ്ഞ് വിരിഞ്ഞ നെഞ്ചുമായി നടയിറങ്ങിപ്പോയപ്പോൾ ആ മനുഷ്യന്റെ നാവിനു വിലങ്ങിടുവാൻ ഇവിടുത്തെ അധികാരസ്ഥാനങ്ങൾക്കോ രാഷ്ട്രീയ ശക്തികൾക്കോ കഴിഞ്ഞില്ല. കുരിശുയുദ്ധങ്ങൾ നയിച്ച ആ പോരാളി എല്ലാ ചക്രവ്യൂഹങ്ങളേയും നിസ്സാരമായി ഭേദിച്ചു ഒത്തുതീർപ്പിനു വഴങ്ങാത്ത ആ വ്യക്തിത്വം ആശയസംപുഷ്ടമായ ഒരു നീതിബോധത്തിന്റെ പ്രതിസ്ഫുരണമായിരുന്നു.

കാൽനൂറ്റാണ്ടു മുമ്പ് 1987 ലാണ് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അമരക്കാരനായി യു.ആർ. അനന്തമൂർത്തി എന്ന വലിയ മനുഷ്യൻ മലയാളികളുടെ ഇടയിലേക്ക് കടന്നുവരുന്നത്. എന്നാൽ അതിനു വളരെ മുൻപുതന്നെ 'സംസ്കാര' എന്ന അദ്ദേഹത്തിന്റെ കൃതിയിലൂടെ അദ്ദേഹത്തെ നാം ഹൃദയത്തിലേറ്റി കഴിഞ്ഞിരുന്നു. കർണ്ണാടകത്തിൽ വളരെയധികം കോളിളക്കങ്ങൾ സൃഷ്ടിച്ച് ആ കൃതി സംസ്കാരിക പ്രബുദ്ധരായ മലയാളി - നവോത്ഥാന കാലഘട്ടത്തിലൂടെ കടഞ്ഞെടുത്ത മലയാളിയുടെ സംപുഷ്ടമായ മനസ്സ് - രണ്ടുകൈയ്യും നീട്ടി ഏറ്റുവാങ്ങി എന്നത് അദ്ദേഹത്തെ വളരെയധികം സന്തോഷിപ്പിച്ചു. കെ.പി. ശങ്കരൻ ഉൾപ്പെടെയുള്ള പ്രഗത്ഭമതികളുടെ കൈകകളിലൂടെ അത് മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടപ്പോൾ കന്നഡസാഹിത്യത്തിലെ വി.ടി യായി അദ്ദേഹം മാറുകയായിരുന്നുവോ എന്ന് നാം സന്ദേഹിച്ചിരുന്നു. കണ്ണുകളിൽ ഒളിപ്പിച്ച കവിതയും ചുണ്ടുകളിൽ വിടരുവാൻ മടിച്ചുനിൽക്കുന്ന മന്ദസ്മിതവും ഉയരങ്ങൾ കീഴടക്കുവാനുള്ള ആവേശവുമായി മലയാളത്തിന്റെ പടിവാതിൽ കടന്നുവന്ന അനന്തമൂർത്തി നമ്മുടെ മുന്നിൽ സാംസ്കാരിക നവോത്ഥാനത്തിന്റെ പുതിയ അദ്ധ്യായങ്ങൾ തുറന്നുവെച്ചു. എന്നാൽ അദ്ദേഹത്തെ വേണ്ടരീതിയിൽ ഉൾക്കൊള്ളുവാനുള്ള സാംസ്കാരികപ്രബുദ്ധത നമുക്കില്ലാതെ പോയി.

ബർമിങ്ഹാം യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കാലത്ത് 1965 കളിലാണ് അദ്ദേഹം 'സംസ്കാര'യുടെ രചനയിലേയ്ക്ക് കടന്നത്. ഗവേഷണത്തിന്റെ ഭാഗമായി 19-ാം നൂറ്റാണ്ടിലെ പത്രങ്ങൾ വായിക്കുന്നതിനായി അദ്ദേഹം ലണ്ടൻ മ്യൂസിയം ലൈബ്രറിയിൽ പതിവായി പോവാറുണ്ടായിരുന്നു. ദൈനംദിന വാർത്തകളിലൂടെ ഇംഗ്ലണ്ടിന്റെ ജീവിതശൈലികളും ചിന്താഗതികളും അദ്ദേഹം മനസ്സിലാക്കി. വേറിട്ട ആ അറിവുകൾ സ്വന്തം നാടിനേയും സമൂഹത്തിനേയും ഒരു സാംസ്കാരിക അപഗ്രഥനത്തിനു വിധേയമാക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ആ ശ്രമത്തിന്റെ ഫലമാണ് 'സംസ്കാര'. ബ്രാഹ്മണരോടൊത്തുള്ള ജീവിതവും അവരുടെ സംസാരരീതിയും തങ്ങൾക്കെല്ലാമറിയാമെന്ന ഭാവവും ദൈവികർ എന്ന നാട്യവും അദ്ദേഹത്തിന് വെറുപ്പായിരുന്നു. പവിത്രമായവകൾ തകർക്കപ്പെടണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. കുട്ടിയായിരുന്നപ്പോഴേ പലതിലും സ്പർശിക്കുന്നതുപോലും തടയപ്പെട്ടിരുന്നു. മരത്തിനു ചുവട്ടിലുള്ള കല്ലുപോലും പവിത്രമാണെന്ന് വിശ്വസിപ്പിച്ചിരുന്നു . അതുകൊണ്ടുതന്നെയാവാം സംസ്കാരയിൽ നാരാണപ്പനെ കൊണ്ട് സാളഗ്രാമം എടുത്തെറിയിച്ചു കള



College Teacher Nov.jobFORM 3 A



യുന്നുണ്ട്. പിന്നെ സ്വന്തം ഭാഷയിലെഴുതുന്നതിന്റെ ചാരുത അദ്ദേഹം തന്നെ എടുത്തുപറയുന്നുണ്ട്. വേറൊരു ഭാഷയിലായിരുന്നു തന്റെ എഴുത്തെങ്കിൽ ഇത്രമാത്രം തീവ്രതയോടെ തന്റെ വികാരവിചാരങ്ങൾ പ്രതിഫലിപ്പിക്കുവാൻ അദ്ദേഹത്തിനാകുമായിരുന്നില്ല. എല്ലാ എഴുത്തുകാരും വേദവ്യാസനിലേയ്ക്കും മഹാഭാരതത്തിലേയ്ക്കും രാമായണത്തിലേയ്ക്കും മടങ്ങിപ്പോകേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

സാമൂഹ്യ നവോത്ഥാനത്തെ തുടർന്ന് വന്നുചേർന്ന വ്യാവസായിക വിപ്ലവത്തിൽ വർഗ്ഗങ്ങൾ കൂടിക്കലരുവാൻ തുടങ്ങി. സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരും സ്ത്രീകളും മുഖ്യധാരയിലേക്കെത്തി. അത് ജനാധിപത്യ വിപ്ലവങ്ങൾക്ക് വഴിവച്ചു. ഈ സാഹചര്യങ്ങൾ സാമൂഹ്യയാഥാർത്ഥ്യത്തിന്റെ അസ്ഥിരത വെളിപ്പെടുത്തുന്നതായിരുന്നു. മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ട ഒരു ജനതക്ക് സ്വന്തം അവകാശബോധങ്ങളെപ്പറ്റി ഉണ്ടാകുന്ന തിരിച്ചറിവിന്റെ ഭാഗമായാണ് കലകളും കലാപങ്ങളും പൊട്ടിപ്പുറപ്പെടുന്നത്. അടിമത്തത്തിന്റെ കാരിരുമ്പ് ചങ്ങലയിൽ ബന്ധിതരായിരുന്ന ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാർ വിമോചനത്തിന്റെ പുത്തൻ ഇതിഹാസങ്ങൾ രചിച്ചതും നാം കണ്ടതാണ്. മനുഷ്യ മനസ്സിനെ പരിപൂർണ്ണമായി കീഴ്പെടുത്തി നശിപ്പിക്കുവാനാവില്ല എന്ന മഹത്തായ സന്ദേശം അദ്ദേഹം അതിൽ നിന്നും നമുക്ക് ചൂണ്ടിക്കാട്ടി തരുന്നു. മുതലാളിത്ത വ്യവസ്ഥിതിയോടൊത്ത് നഗരവത്കരണത്തിലേക്ക് നീങ്ങിയില്ലെങ്കിൽ ഫ്യൂഡലിസത്തെ മറികടക്കുവാനാവില്ല എന്നദ്ദേഹം വിശ്വസിച്ചിരുന്നു. നഗരവത്കരണം മതവർഗ്ഗീയതകളേയും യാഥാസ്ഥികത്വത്തേയും ചെറുക്കും എന്നകാര്യത്തിൽ അദ്ദേഹത്തിന് സംശയമുണ്ടായിരുന്നില്ല.

അദ്ദേഹത്തിന്റെ ആശയലോകം മനുഷ്യകുലത്തെ രണ്ടായി തിരിക്കുന്നു. ലിപി അറിയാത്തവനും ലിപി അറിയുന്നവനും. ലിപി അറിയാത്തവന്റെ സാഹിത്യമായി അദ്ദേഹം വാങ്മയസാഹിത്യത്തെ തുറന്നുകാട്ടുന്നു. അത്ഭുതകരമായ അക്ഷയഖനിയാണ് അതെന്ന് അദ്ദേഹം അവകാശപ്പെടുന്നു. എഴുത്തിന്റെ പരിമിതികളെ മറികടക്കുവാനുള്ള കരുത്തുണ്ട് സ്വരത്തിന് എന്ന് വാങ്മയസാഹിത്യം തെളിയിക്കുന്നു. ആയിരക്കണക്കിന് താളുകൾ മനപ്പാഠമാക്കിയ നിരക്ഷരരായ ധാരാളം സ്ത്രീകൾ കർണ്ണാടകത്തിലുണ്ട് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടു തന്നെ വാങ്മയസാഹിത്യം പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാഹിത്യം തന്നെയായിമാറുന്നു. ലിപി അറിയാത്തവരുടെ ശബ്ദം അതു നമുക്കറിയാത്ത അനുഭവങ്ങളുടെ ആഴക്കടലാണ്. വാങ്മയസാഹിത്യം ഏതെങ്കിലും ഒരു നൂറ്റാണ്ടിന്റെ സൃഷ്ടിയല്ല. അതിന് മനുഷ്യകുലത്തോളം തന്നെ പഴക്കമുണ്ട്. പ്രാന്തവൽക്കരിക്കപ്പെട്ടവൻ ഒരുകാലത്തും നിശബ്ദനായിരുന്നിട്ടില്ല. അവന്റെ പ്രക്ഷുബ്ധമായ മനസ്സ് പ്രതികരിച്ചുകൊണ്ടേയിരിക്കും. അതിന്റെ സൃഷ്ടിയാണ് പ്രാചീനസാഹിത്യം. 10-ാം നൂറ്റാണ്ടിൽ കന്നടയിൽ കർണ്ണനെ നായകനാക്കി പാമ്പർ മഹാഭാരതം രചിച്ചു. ഇതിഹാസങ്ങളിൽ ഏറ്റവും അധികം മുറിവേറ്റ ഹൃദയവും കർണ്ണന്റേതായിരുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സംസ്കൃതം ദേവഭാഷയായി അംഗീകരിച്ചപ്പോഴും ഇന്ത്യകണ്ട മഹാനായ എഴുത്തുകാരൻ ബഷീറായി തീർന്നത് സാധാരണ മലയാളഭാഷയിലൂടെ സാധാരണക്കാരന്റെ ജീവിതം ചിത്രീകരിച്ചതുകൊണ്ടാണ് എന്നും ഏതെങ്കിലും പാശ്ചാത്യനാണ് 'പാത്തുമ്മയുടെ ആട്' എഴുതിയിരുന്നത് എങ്കിൽ പാശ്ചാത്യസാഹിത്യകാരനായ കാഫ്കെയ്ക്ക് തുല്യനായി പരിഗണിക്കപ്പെട്ടേനേം എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. സവർണ്ണനെന്നും അവർണ്ണനെന്നും കറുത്തവനെന്നും വെളുത്തവനെന്നും ഭേദമില്ലാതെ വംശീയതയില്ലാതെ എല്ലാ വൈവിധ്യങ്ങളും കൂടിക്കലർന്ന സമ്പന്നമായൊരു സാഹിത്യം ഇവിടെ വളർന്നുവരണം. രാമായണത്തിന്റെ ഒരു കാണ്ഡം പിഴുതെടുത്ത് അതിൽ നിന്ന് തെരുവുനാടകരൂപത്തിൽ ഒരു വാങ്മയചിത്രം ചമച്ചെടുക്കുവാൻ കഴിയുന്നത് അതുകൊണ്ടാണ്. മഹാശ്വേതാദേവി, വൈദേഹി, ദേവനൂർ മഹാദേവൻ ഇവരൊക്കെ ഇത്തരം ഒരു ധാരയുടെ പ്രതിനിധികളായ എഴുത്തുകാരാണ്. അനന്തമൂർത്തി അദ്ദേഹത്തിന്റെ തന്നെ ബാല്യങ്ങളെ അടർത്തിയെ

ടുത്ത് രൂപപ്പെടുത്തിയ പൂമുഖവും പിന്നാമ്പുറവും ഇഴപിരിച്ചെടുത്താൽ അദ്ദേഹത്തിലെ എഴുത്തുകാരൻ രൂപംകൊണ്ട ക്യാൻവാസ് നമ്മുടെ മുൻപിൽ മറനീക്കി വരുന്നതുകാണാം. ഒരു ബ്രാഹ്മണകുടുംബം എന്ന നിലയിൽ ജാതി വിവേചനം മാനദണ്ഡമാക്കിയാണ് അദ്ദേഹത്തിന്റെ വീട്ടിൽ അതിഥികളെ പ്രവേശിപ്പിച്ചിരുന്നത്. ഉയർന്ന ജാതിക്കാരെ സ്വീകരിക്കുവാൻ പൂമുഖത്തെ വരാന്തയിൽ പരവതാനി വിരിക്കും. താഴ്ന്ന ജാതിക്കാരെ കുലം അനുസരിച്ച് നിലത്തും പുറത്തുമായി ഇരുത്തും. അദ്ദേഹത്തിന്റെ അച്ഛനാവും എല്ലാ സംഭാഷണങ്ങളിലേയും അദ്ധ്യക്ഷൻ. രാമായണ-ഭാരത-ഇതിഹാസങ്ങൾ മുതൽ നായാട്ടുവരെ അവിടെ ചർച്ചാവിഷയമാവും. മൈസൂറിൽ പോയി ദസറ കാണുന്നത് ഏറെ ചിലവേറിയ കാര്യമായതിനാൽ ശ്രോതാക്കൾ അച്ഛന്റെ വിവരണത്തിലൂടെ ദസറ ആസ്വദിച്ചിരുന്നതും, എത്രകേട്ടാലും മതിവരാത്ത കഥകളും അനുഭവങ്ങളുമൊക്കെയായി മുറ്റവും പൂമുഖവും പുരുഷൻമാരുടെ സാന്നിദ്ധ്യംകൊണ്ട് സജീവമാവുന്നതും അദ്ദേഹം ഓർക്കുന്നു. പിന്നെ അടുക്കളയാണ്, ആർക്കും അവിടേയ്ക്ക് കുളിയ്ക്കാതെ പ്രവേശനമില്ല. അതായിരുന്നു അമ്മയുടെ ലോകം. പിന്നെയുള്ളത് വീടിന്റെ പിന്നാമ്പുറം . അതായിരുന്നു സ്വാതന്ത്ര്യത്തിന്റെ ലോകം. അതിന്റെ ഒരു മൂലയിലായിരുന്നു കിണർ. ജാതി-മതഭേദമന്യേ തൊട്ടടുത്തവീട്ടിലെ സ്ത്രീകളൊക്കെ അവിടെ വെള്ളം കോരുവാനെത്തും. അമ്മയുമായി അവർനടത്തിയിരുന്ന സംഭാഷണങ്ങളിലൂടെ വീടിനുപുറത്തുള്ള ലോകം അദ്ദേഹം മനസ്സിലാക്കി. ഭർത്താക്കന്മാരുടെ ക്രൂരത മറ്റുവീടുകളിൽ നടക്കുന്ന അവിഹിതബന്ധകഥകൾ തുടങ്ങി അമ്മയുമായി അവർ പങ്കുവയ്ക്കുന്ന സുഖങ്ങളും ദുഃഖങ്ങളും അനന്തമൂർത്തി എന്ന കുട്ടിയിൽ അനുഭവസമ്പത്തായി ഉറഞ്ഞുകൂടി. പിന്നാമ്പുറത്തെ അമ്മയുടെ വ്യവഹാര മണ്ഡലമാണ് അനന്തമൂർത്തിയെ കവിയും കലാകാരനുമാക്കി മാറ്റിയത്. അവിടെ ജാതിയോ വർഗ്ഗമോ തുടങ്ങിയ ഒരു വേർതിരിവുകളുമില്ലാതെ പച്ചയായ മനുഷ്യരുടെ അനുഭവങ്ങൾ പങ്കുവയ്ക്കലായിരുന്നു. പൂമുഖത്തെ ഭാഷ സംസ്കൃതമായിരുന്നെങ്കിൽ പിന്നാമ്പുറത്ത് എല്ലാ ഭാഷകളുടേയും സമഞ്ജസ സമ്മേളനമായിരുന്നു. മുത്തപ്പൻ ഔഷധച്ചെടികൾ ശേഖരിച്ചിരുന്നതും പിന്നാമ്പുറത്തുനിന്നായിരുന്നു. ഇങ്ങനെ ശരിക്കും സർഗ്ഗാത്മകമായ ഒരു ഭൂമികയായിരുന്നു മനുഷ്യത്വം വ്യവഹരിച്ചിരുന്ന വീടിന്റെ പിന്നാമ്പുറം. അങ്ങനെ അനന്തമൂർത്തി അറിയാതെ മനുഷ്യസ്നേഹിയായ ഒരു സാഹിത്യകാരനായി മാറുകയായിരുന്നു.

അമേരിക്കൻ ജനതയുടെ നമ്മൾ കാണാത്ത ഒരു ചിത്രം അദ്ദേഹം അനാവരണം ചെയ്യുന്നുണ്ട്. പാശ്ചാത്യനാഗരികതയുടെ ഇടപെടൽമൂലം പാർശ്വവൽക്കരണത്തിന് ഇരയായ തദ്ദേശീയരായ അമേരിക്കൻ വംശജർ. വെള്ളക്കാരൻ അമേരിക്കയിൽ കുടിയേറി തദ്ദേശീയരെ ഉന്മൂലനം ചെയ്തു. അവരുടെ ഭൂമി കൈയ്യേറി, നദികൾ മലിനമാക്കി. അവരെ പൂർണ്ണമായും അടിച്ചമർത്തുകയോ നശിപ്പിക്കുകയോ ചെയ്തു. ഒരു കാലത്ത് അപാരമായ സാംസ്കാരിക പൈതൃകത്തിന്റെ ഉടമകളായിരുന്നവർ ഇന്ന് മദ്യത്തിന്റെയും മയക്കുമരുന്നിന്റേയും അടിമകളായി വേട്ടക്കാരന്റെ ഔദാര്യത്തിൽ ജീവിക്കുന്നു. അവർ പാവങ്ങളല്ലെങ്കിലും അവരിലെ അസ്തിത്വവും മനുഷ്യത്വവും പൂർണ്ണമായും കവർന്നെടുക്കപ്പെട്ടിരിക്കുന്നു. ഇതിനെ അതിജീവിച്ചവരാണ് നമ്മൾ ഇന്ത്യാക്കാർ. ആത്മവിശ്വാസത്തിന്റെ ഊർജ്ജം നമ്മിൽ ഉള്ളിടത്തോളം കാലം ഒരു ശക്തിക്കും നമ്മെ പൂർണ്ണമായും ഉന്മൂലനം ചെയ്യാനാവില്ല. ഇത്തരം സമ്മർദ്ദശക്തികൾക്കു മുന്നിൽ വീർപ്പുമുട്ടുന്ന യഥാർത്ഥ മനുഷ്യനിൽ നിന്നും സമുദായത്തിന്റെ തോടുകൾ പൊട്ടിച്ച് ശക്തരായ എഴുത്തുകാർ രൂപം കൊള്ളുന്നു. അവരുടെ സൃഷ്ടികൾ ഇതിഹാസങ്ങളും മഹാകാവ്യങ്ങളുമായിതീരുന്നു. ഇന്ന് മികച്ച സാഹിത്യസൃഷ്ടികൾ നടത്തുന്നത് ദളിതരും സ്ത്രീകളും കറുത്ത വർഗ്ഗക്കാരുമായതിന്റെ മൂലകാരണമിതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അധിനിവേശാനന്തരം ഭാരതത്തിന്റെ ഏറ്റവും വലിയ ബലഹീനത തുടർഅടിമത്തമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

രാമക്ഷേത്ര നിർമ്മാണത്തെക്കുറിച്ചും ഗുജറാത്ത് കലാപത്തെക്കുറിച്ചും ടിയാനൻമെൻ സംഭവത്തെക്കുറിച്ചും നരേന്ദ്രമോദിയെക്കുറിച്ചും ഒക്കെ അദ്ദേഹത്തിന് വ്യക്തവും തീഷ്ണവുമായ വീക്ഷണങ്ങൾ ഉണ്ടായിരുന്നു. ജീവനുള്ള മനുഷ്യർക്ക് അമ്പലങ്ങൾ പണിയുവാനുള്ള കല്ലുകളേക്കാൾ വിലയുണ്ടെന്ന് അദ്ദേഹം തുറന്നടിച്ചു. സരളമായ ഭാഷയിൽ വളച്ചുകെട്ടില്ലാതെ കാര്യങ്ങൾ അവതരിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് ശ്ലാഘനീയമായിരുന്നു. പലതരം പൗരന്മാരെ സൃഷ്ടിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ അദ്ദേഹം എന്നും എതിർത്തിരുന്നു. പൊതുപള്ളിക്കൂടങ്ങളെ ശാക്തീകരിക്കുന്ന ഒരു പ്രസ്ഥാനം തന്നെ ഇവിടെ വളർന്നു വരേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുപറഞ്ഞിരുന്നു. പൊതുവിദ്യാലയങ്ങൾ സമൂഹത്തിന്റെ പരിച്ഛേദമാണെന്നും അവിടെ ബഹുസ്വരത ഉണ്ടെന്നും അത് ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തെ എങ്ങനെ സഹായിക്കുന്നുവെന്നും പല എഴുത്തുകാരേയും നോബൽ സമ്മാനിതരേയും നിരത്തി നിർത്തി അദ്ദേഹം പ്രതിപാദിക്കുന്നു. മാതൃഭാഷയും മാനവിക വിഷയങ്ങളും ചരിത്രവും പഠിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. ജീവിതവുമായി വളരെയധികം ബന്ധപ്പെട്ട ഈ വിഷയങ്ങളും അവയുടെ പഠനവും വരും തലമുറയെ സമ്പൂർണ്ണമായ സ്മൃതി നാശത്തിൽ നിന്നും രക്ഷിക്കാനുതകും എന്നദ്ദേഹം വിലയിരുത്തുന്നു. വെള്ളവും വായുവും സ്വകാര്യവത്കരിക്കുകയും വിൽക്കുകയും ചെയ്യരുതെന്നും ജൈവകൃഷിയിലേയ്ക്ക് മടങ്ങിപോകേണ്ടത് നമ്മുടെ നാടിന്റെ ആവശ്യമാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്നത്തെ രൂപത്തിലാക്കിയെടുത്തതിൽ അനന്തമൂർത്തി എന്ന വലിയ മനുഷ്യൻ വഹിച്ച പങ്ക് ചെറുതല്ല. സർവ്വകലാശാലക്ക് കല്ലുമല, നാല്പാത്തിമലയിൽ ആസ്ഥാനം ഒ

രുക്കുന്നതുമുതൽ യു.ജി.സി അംഗീകാരം നേടിയെടുക്കുന്നതിൽ, പ്രഗത്ഭരായ അദ്ധ്യാപകനിരയെ അണിനിരത്തി പഠനഗവേഷണ വകുപ്പുകൾ ഒരുക്കുന്നതിൽ എല്ലാം അദ്ദേഹം വ്യത്യസ്ഥത നിറഞ്ഞ പ്രാഗത്ഭ്യം പുലർത്തി. നിയമാവലികളും ഭരണസംവിധാനങ്ങളും ഗുണഭോക്താക്കൾക്ക് പ്രയോജനം ചെയ്യുന്നില്ലെങ്കിൽ ഉപേക്ഷിച്ചുകളയണം എന്നദ്ദേഹം എപ്പോഴും പറയുമായിരുന്നു. അക്ഷരങ്ങൾക്ക് ജീവൻ വെയ്ക്കുന്നത് വെറും വായനകൊണ്ട് മാത്രമല്ലെന്നും അത് വ്യവഹാരങ്ങളിലൂടെയും ആവിഷ്കാരങ്ങളിലൂടെയും മനസ്സിലാക്കപ്പെടുമ്പോഴാണെന്നും അദ്ദേഹം ആവർത്തിച്ചിരുന്നു. സർവ്വകലാശാലയിൽ അന്തർവൈജ്ഞാനികപഠനവകുപ്പുകൾ തുടങ്ങുവാൻ തീരുമാനമെടുത്തു. അദ്ദേഹത്തിന്റെ ഏറ്റവും വലിയസ്വപ്നമായിരുന്നു അക്ഷരകളരി. (School of letters) എഴുത്തും വായനയും പഠനവും സമന്വയിപ്പിച്ചുകൊണ്ടുള്ള വ്യത്യസ്തമായ ഒരു വ്യവഹാരമണ്ഡലത്തിനു തുടക്കമിടുവാനാണ് അദ്ദേഹം ശ്രമിച്ചത്. ജി ശങ്കരപിള്ളയെ അതിന്റെ തലപ്പത്ത് എത്തിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, ബയോസയൻസ്, ഗാന്ധിയൻ സ്റ്റഡീസ് തുടങ്ങി പുതിയ പഠനവകുപ്പുകൾ രൂപംകൊണ്ടു. കേരളത്തിനകത്തു നിന്നും പുറത്തുനിന്നും കിട്ടാവുന്ന ഓരോ മേഖലയിലേയും പ്രഗത്ഭരെ അദ്ദേഹം സർവ്വകലാശാലയിൽ എത്തിച്ചു. നാല്പാത്തിമല ക്യാമ്പസിന് 'പ്രിയദർശിനി ഹിൽസ്' എന്ന് നാമകരണം ചെയ്തതും അദ്ദേഹമാണ്. 'ഡിപ്പാർട്ടുമെന്റ്' എന്ന വിശേഷണം മാറ്റി പഠനവിഭാഗങ്ങളെ സ്ക്കൂളുകളാക്കി മാറ്റി. സംസ്ഥാനത്ത് ആദ്യമായി ഒരു സർവ്വകലാശാല യു.ജി.സി നടപ്പിലാക്കിയെടുത്തു എന്ന നേട്ടവും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് നേടിക്കൊടുത്തതും അദ്ദേഹത്തിന്റെ കഴിവായിരുന്നു.

ഒരു സർവകലാശാല വൈസ് ചാൻസിലർ എന്ന നിലയിൽ സമൂഹത്തിനെ ആഴത്തിൽ സ്പർശിക്കുന്ന ഏത് വിഷയത്തിലും അഭിപ്രായം പറയേണ്ടുന്ന ഉത്തരവാദപ്പെട്ട വ്യക്തിയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ആഡംബരങ്ങളെ ഇഷ്ടപ്പെടാത്ത അദ്ദേഹം സ്വന്തം മുറിയിൽ എ.സി.യോ സ്വന്തമായി ഒരു കാറോ അവസാനകാലംവരെ ഉപയോഗിച്ചിരുന്നില്ല. ലാളിത്യത്തിന്റേയും വിനയത്തിന്റേയും മൂർത്തിമത്ഭാവമായിരുന്നു അദ്ദേഹം. അദ്ധ്യാപകരേയും സർവ്വകലാശാല ജീവനക്കാരേയും വിദ്യാർത്ഥികളേയും ഒരേ ചരടിൽ കോർത്ത മുത്തുകളായികണ്ട് ഒന്നിച്ചുനിർത്തുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. 1991 ലാണ് അദ്ദേഹം വൈസ്ചാൻസിലർ സ്ഥാനം രാജിവയ്ക്കുന്നത്. പ്രതിബദ്ധതകൊണ്ടും ആത്മാർത്ഥത കൊണ്ടും സവിശേഷമായ ഇടപെടലുകൾ കൊണ്ടും സർവ്വകലാശാലകണ്ട ഏറ്റവും മഹാനായ വൈസ് ചാൻസിലറായി അദ്ദേഹം എന്നും ഓർമ്മിക്കപ്പെടും. ശരിയ്ക്കും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സുവർണ്ണകാലം.

**മരണത്തെ മുൻപിൽ കണ്ടിരുന്ന കാലഘട്ടത്തിലും അദ്ദേഹം സംഘപരിവാറിനെ വിചാരണ ചെയ്യുന്ന 'ഹിന്ദുത്വമോ, ഹിന്ദുസ്വരാജോ' എന്ന പുസ്തകത്തിന്റെ രചനയിലായിരുന്നു. വളരെ താമസിയാതെ പുറത്തിറങ്ങുവാൻ പോകുന്ന ഈ പുസ്തകവും ഗോഡ്സേശിഷ്യർക്ക് തലവേദനയാകും എന്നതിൽ സംശയമില്ല.**

1992 ൽ അദ്ദേഹം നാഷണൽ ബുക്ക് ടെസ്റ്റ് ഓഫ് ഇന്ത്യയുടെ ചെയർമാനായി. 1993 ൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായി. 1994 ൽ അദ്ദേഹത്തിന് ജ്ഞാനപീഠം ലഭിച്ചു. 1998 ൽ രാജ്യം പത്മഭൂഷൺ നൽകി അദ്ദേഹത്തെ ആദരിച്ചു. ഏറ്റവും ശ്രദ്ധേയമായ അഞ്ചുനോവലുകൾ സംസ്കാര, ഭാരതിപുര, അവസ്ഥ, ഭാവ, ദിവ്യ. 'ഘടശ്രാദ്ധ' ഉൾപ്പെടെ എട്ടു കഥാസമാഹാരങ്ങൾ മൂന്ന് കാവ്യസമാഹാരങ്ങൾ. 'ആവഹനം' എന്ന നാടകവുമാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ.

'സംസ്കാര'യുടെ രചന നടന്നത് വിദേശത്തുവച്ചാണ്. സ്വന്തം ഗ്രാമം അവിടെ ജീർണ്ണിക്കുന്ന ജീവിതം, പൈതൃകം. ചിട്ടവട്ടങ്ങളുടെ നീതിരാഹിത്യം, ജാതി വ്യവസ്ഥയുടെ നിഷ്ഠൂരത ഇവയൊക്കെ തുറന്നുകാട്ടുന്നതാണ് ഈ നോവൽ. 'സംസ്കാര' ഒരു പ്രതിഷേധ വിസ്ഫോടനമായി തന്നെ കർണ്ണാടകയിൽ ആഞ്ഞടിച്ചു. സവർണ്ണ മേ



ധാവിത്വത്തിന് നൽകാവുന്ന കുറിക്കുകൊള്ളുന്ന മറുപടിയായതു മാറി. പാരമ്പര്യവാദികൾ അനന്തമൂർത്തി എന്ന എഴുത്തുകാരനെതിരെ ഉറഞ്ഞുതുള്ളി. എന്നാൽ പുതിയ തലമുറ ഇതിനെ വഴികാട്ടിയായി കണ്ട് സ്വീകരിച്ചു. ഒരു ശവസംസ്കാരത്തോടനുബന്ധിച്ച് ദുർവ്വാസപുരം എന്ന ഗ്രാമത്തിലെ ആത്മീയാചാര്യനും ഗുരുനാഥനും വേദപണ്ഡിതനുമായ പ്രാണേശാചാര്യ അഭിമുഖീകരിക്കുന്ന ആത്മസംഘർഷങ്ങളുടെ കഥയാണ് 'സംസ്കാര'. നാരണപ്പൻ എന്ന ബ്രാഹ്മണൻ ബ്രാഹ്മണ്യത്തിന്റെ എല്ലാ ചിട്ടവട്ടങ്ങളേയും ലംഘിച്ച് കുടിച്ചും മാംസാഹാരങ്ങൾ ഭക്ഷിച്ചും, താഴ്ന്ന ജാതിക്കാരിയായ ചന്ദ്രി എന്ന വേശ്യയ്ക്കൊത്ത് അഭിരമിച്ചും കഴിയുന്നു. അതുകൊണ്ടുതന്നെ ബ്രാഹ്മണ്യം അയാളെ സംസ്കാരഹീനനെന്നു വിലയിരുത്തുന്നു. കുളിയും തേവാരവും സന്ധ്യാവന്ദനവും നാമജപവും ഒക്കെയായി ശുദ്ധിയോടെ ജീവിക്കുന്ന അഗ്രഹാരത്തെരുവിന് അയാൾ അയിത്തക്കാരനായിത്തീരുന്നു. സാംസ്കാരിക ജീർണ്ണതയുടെ മേൽ ഒരു മഹാമാരിയായി പ്ലേഗ് പടർന്നുപിടിക്കുന്നതോടെ പലരുടേയും കൂട്ടത്തിൽ ചന്ദ്രിയുടെ കുടിലിൽ വച്ച് നാരാണപ്പൻ മരണപ്പെടുന്നു. ബ്രാഹ്മണ്യം നിഷേധിച്ചു നടന്നിരുന്ന നാരാണപ്പനെ ബ്രാഹ്മണ്യത്തിനു നിഷേധിക്കുവാനാകുന്നില്ല എന്നനിലയ്ക്ക് ആ മരണം അഗ്രഹാരതെരുവിലേക്കും ആചാര്യനായ പ്രാണേശാചാര്യന്റെ മനസ്സിലേക്കും ഒരു പ്രഹേളികയായി കടന്നുവരുന്നു.

അഗ്രഹാരത്തിലെ ബ്രാഹ്മണരുടെ ആഹാരത്തിനോടുള്ള ആർത്തിയും അവരുടെ ശാരീരിക വർണ്ണനകളും വിഷയാസക്തിയിൽ ലയിച്ചു കിടക്കുന്ന ബ്രാഹ്മണയാഥാസ്ഥിതികത്തിന്റെ കടയ്ക്കലെ കത്തിയായി മാറുമ്പോൾ ബ്രാഹ്മണ്യത്തെ നിഷേധിച്ച നാരാണപ്പന്റെ സംസ്കാരചടങ്ങുകൾക്ക് പഴുതുകൾ തേടി ആചാര്യൻ വേദഗ്രന്ഥങ്ങൾ തിരയുന്നു . താഴ്ന്ന ജാതിക്കാരിയെങ്കിലും സുന്ദരിയായ ചന്ദ്രിയെ ആർത്തിയോടെ വീക്ഷിക്കുന്ന അഗ്രഹാരത്തിലെ പരമപാപികളായ ബ്രാഹ്മണരുടെ മുന്നിൽ നാരാണപ്പന്റെ സംസ്കാരചിലവുകൾക്കായി ചന്ദ്രി തന്റെ ആഭരണങ്ങൾ ഊരി ആചാര്യനു സമർപ്പിക്കുന്നു. ലൗകിക ജീവിതത്തിൽ ഉപേക്ഷയുടെ പാഠങ്ങൾ അത്യാഗ്രഹികളായ ബ്രാഹ്മണർ അവളിൽ നിന്നും പഠിക്കട്ടെ എന്ന് നോവലിസ്റ്റ് ചിന്തിച്ചിട്ടുണ്ടാകാം. സർഗ്ഗാത്മകതയുടേയോ സൗന്ദര്യത്തിന്റേയോ സാന്നിദ്ധ്യമൊന്നും അഗ്രഹാരതെരുവിനില്ല. അവിടുത്തെ സ്ത്രീകൾ സ്ത്രൈണഭാവമില്ലാത്ത വിരൂപകളും അത്യാഗ്രഹികളും അസൂയാലുക്കളുമാണ്. നോവലിൽ അഗ്രഹാരത്തിന് പുറത്തുനിന്നുവരുന്ന രണ്ട് സ്ത്രീകൾ ചന്ദ്രിയും ,വെള്ളിയുമാണ്. ഇവർ ഊർജ്ജസ്വലരും ആർജ്ജവമുള്ളവരും മണ്ണിന്റെ നിറവും അഴകുമുള്ളവരുമാണ്. നാരാണപ്പന്റെ ശവസംസ്കാരത്തിനുവഴിതേടി പോകുന്ന പ്രാണേശാചാര്യ ചന്ദ്രിയുടെ സൗന്ദര്യത്തിനു മുമ്പിൻ ദുർബ്ബലനായി പോകുന്നു. ഫലമോ അന്നോളം അയാൾ കാത്തുസൂക്ഷിച്ച ഒരു പൂജാരിയുടെ ബ്രഹ്മചര്യം നഷ്ടമാകുന്നു. കുറ്റബോധം മൂലം പ്രാണേശാചാര്യ നാടുവിടുന്നു.

ചന്ദ്രി, നാരാണപ്പന്റെ ജഡം ഒരു മുസ്ലീമിന്റെ സഹായത്തോടെ സംസ്കരിക്കുന്നു. മാറ്റത്തിന്റെ അനിവാര്യത അദ്ദേഹം പറയാതെ പറയുന്നുണ്ട്. സാളഗ്രാമം എടുത്തെറിയുന്ന നാരാണപ്പൻ, കോൺഗ്രസ്സുകാർ അയിത്തക്കാരെ അമ്പലത്തിൽ കയറ്റും എന്ന് പ്രഖ്യാപിക്കുന്ന നാരാണപ്പൻ - നിഷേധിയായി, ധിക്കാരിയായി യാഥാസ്ഥിതികത്വത്തിനെതിരെ തിരിയുമ്പോൾ സാംസ്കാരിക ജീർണ്ണതകളുടെ ഉന്മൂലനത്തിനായി ഒരു മഹാമാരിയും കടന്നുവരുന്നു. പഴയതൊക്കെ തകർന്നടിഞ്ഞും പുതിയവയുടെ വരവിനായി നാം കാതോർക്കുന്നു.

'വെള്ളിയെ വർണ്ണിക്കുമ്പോൾ 'പെയ്യുന്ന മഴയ്ക്ക് ചായുന്ന കതിരാണവൾ' എന്ന ശ്രീപതിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. എന്നാൽ വെള്ളിയുടെ വാക്കുകളിലെ പടർന്നുപിടിക്കുന്ന മഹാമാരിയുടെ ഭീകരത ശ്രീപതി തള്ളിക്കളയുന്നത് എത്ര നിസ്സാരമായിട്ടാണ്. ചന്ദ്രിയുടെ പരിശുദ്ധിയെ ഒഴുകുന്ന പുഴയോടാണ് ഉപമിക്കുന്നത്. വേശ്യാകുലത്തിൽ പിറന്നവൾ, വൈധവ്യമില്ലാത്ത നിത്യസുമംഗലി, ഒഴുകുന്ന പുഴയ്ക്ക് മാലിന്യമില്ല, ദാഹം മാറ്റുവാനുമാവാം. ദേഹത്തിലെ അഴുക്ക് കളയാനുമാവാം ദേവന്റെ ശിരസ്സിൽ അഭിഷേകത്തിനുമാവാം - വളരാത്ത, വാടാത്ത, തളരാത്ത കളകളമായ തുംഗാനദി പോലെ. എത്ര നിതാന്തമായ സ്ത്രീ സങ്കൽപ്പം. ജീവിതത്തിൽ മുറുകെ പിടിക്കുന്ന വിശ്വാസപ്രമാണങ്ങളോട് അൽപം പോലും ധാർമ്മികത പുലർത്തുവാനാവാതെ പ്രാണേശാചാര്യൻ വിഷമിക്കുമ്പോൾ ധാർമ്മികതയെ വഴിയിൽ ഉപേക്ഷിച്ച് ലൗകികതയെ പുണരുന്ന നാരാണപ്പൻ വിഷയസുഖങ്ങളിൽ മുഴുകിത്തീരുന്ന മനുഷ്യജീവിത പ്രഹസനമാണ്. പ്രാണേശാചാര്യൻ കാമത്തെ വിട്ടാലും കാമത്തിന് അദ്ദേഹത്തെ കൈവിടാനാവുന്നില്ല. പ്രാണേശാചാര്യന്റെ ആത്മജ്ഞാനമോ നാരാണപ്പന്റെ ലൗകിക ജ്ഞാനമോ വലുത് എന്ന ഉത്തരം കിട്ടാത്ത ചോദ്യം വായനക്കാരന്റെ മനസ്സിൽ നിറയുന്നു. ആത്മജ്ഞാനത്തെ വെടിഞ്ഞ് ലൗകികതയെ പുണരുന്ന നാരാണപ്പൻ മഹാമാരി പിടിപെട്ട് മരണത്തിന് കീഴടങ്ങുന്നു. ലൗകികതയെ വെടിഞ്ഞ് ആത്മജ്ഞാനത്തെ പുണർന്ന പ്രാണേശാചാര്യൻ ഗതി കിട്ടാതെ കാലദേശങ്ങൾ തോറും അലയുന്നു.

അദ്ദേഹത്തിന്റെ രചനകളെല്ലാം അനിവാര്യമായ മാറ്റത്തിന്റെ സന്ദേശം പേറിയിരുന്നു. അടഞ്ഞ വ്യവസ്ഥകൾ ജഡത്വത്തെയാണ് സൃഷ്ടിക്കുന്നതെന്നും സമ്പൂർണ്ണമായ ജഡത്വത്തിൽ നിന്നുള്ള മോചനമാണ് പുതിയ തലമുറയ്ക്ക് വേണ്ടത് എന്നദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. പരിചയപ്പെട്ട ഓരോ മനുഷ്യരുടെ മനസ്സിലും ഇത്രയധികം ഇടം നേടിയെടുത്ത ഒരു മനുഷ്യൻ വേറെയുണ്ടായിട്ടില്ല. അതായിരുന്നു അനന്തമൂർത്തി. മരണത്തെ മുൻപിൽ കണ്ടിരുന്ന കാലഘട്ടത്തിലും അദ്ദേഹം സംഘപരിവാറിനെ വിചാരണ ചെയ്യുന്ന 'ഹിന്ദുത്വമോ, ഹിന്ദുസ്വരാജോ' എന്ന പുസ്തകത്തിന്റെ രചനയിലായിരുന്നു. വളരെ താമസിയാതെ പുറത്തിറങ്ങുവാൻ പോകുന്ന ഈ പുസ്തകവും ഗോഡ്സേശിഷ്യർക്ക് തലവേദനയാകും എന്നതിൽ സംശയമില്ല.

# നാട്യശാസ്ത്രം – ഒരു സ്ത്രീപക്ഷ വായന

അതിപ്രാചീനവും അതിബൃഹത്തുമായ വാങ്മയ വിശേഷമാണ് വൈദിക സാഹിത്യം. മനുഷ്യരാശിയുടെ ആദ്യത്തെ അറിവായി ഋഗ്വേദം. വിലയിരുത്തപ്പെട്ടിട്ടുണ്ട്. വേദവിദ്യയും, ധർമ്മാനുഷ്ഠാനങ്ങളിലും എന്നല്ല പൗരോഹിത്യത്തിൽ പോലും വേദകാലത്ത് സ്ത്രീ പുരുഷന്മാർ സമസ്കന്ധരായിരുന്നു എന്നാണ് ചരിത്രം. കുഷ്ഠരോഗിയായ അപാല എന്ന സ്ത്രീ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളായിട്ട് സ്വയം സോമയാഗം ചെയ്ത് രോഗവിമുക്തി നേടിയ കഥ പോലും ഋഗ്വേദത്തിലുണ്ട്. ഗാർഗ്ഗി, മൈത്രേയി തുടങ്ങിയ വേദാന്ത പ്രതിഭകൾ ജനക രാജസദസ്സിനെ അലങ്കരിച്ചതും, യാജ്ഞവല്യനെത്തന്നെ വേദാന്തകാര്യത്തിൽ വെല്ലുവിളിച്ചതും പ്രസിദ്ധമാണ്. ജൈമിനിയുടെ അഭിപ്രായത്തിൽ പുരുഷന് യജ്ഞകർമ്മം നിർവ്വഹിക്കാൻ സ്ത്രീ സാഹിത്യം അനിവാര്യമത്രെ. മതകാര്യത്തിലും വിദ്യാഭ്യാസ കാര്യത്തിലും വൈദിക കാലത്തെ സ്ത്രീകൾ പുരുഷന്മാരോട് തുല്യത പുലർത്തിയിരുന്നെന്ന് വി കെ നാരായണ ഭട്ടതിരിയുടെ അഭിപ്രായം. (വേദാർത്ഥ വിചാരം- പേ. 36) ഇവിടെ സ്മരണീയമാണ്.



ഡോ.സുമിതാനായർ എൻ
*എൻ.എസ്.എസ് കോളജ്, മട്ടന്നൂർ*

വേദകാലം മുതൽക്കേ സ്ത്രീ സൗന്ദര്യത്തിന്റെ പ്രതീകമായി വർണ്ണിക്കപ്പെട്ടു പോന്നു. ഋഗ്വേദത്തിൽ തന്നെ ദ്യോവിന്റെ പുത്രിയായ ഉഷസ്സന്ധ്യയെ പാവനാംഗിയായ ഒരു സുന്ദരിയായി പല സൂക്തങ്ങളിലും വർണ്ണിച്ചിട്ടുണ്ട്. സൗന്ദര്യത്തിനു മാത്രമല്ല അപ്രതിരോധ്യമായ ശക്തിക്കും സ്ത്രീയെ പ്രതീകമായി കാണുന്ന ശക്തിസൂക്തം ഇതിനു ദൃഷ്ടാന്തമാണ്. അതിലെ 6-ാം മന്ത്രത്തിൽ ധനുർധാരിയായ ശിവന്റെ കൈയിൽ ശക്തിയായി വർത്തിക്കുന്നത് താനാണെന്ന് ദേവി തന്നെ പറയുന്നു. ശക്തിയില്ലെങ്കിൽ ശിവനും ശവം എന്നു സൂചിപ്പിക്കുന്നതാണല്ലോ സൗന്ദര്യലഹരിയിലെ ശിവശ്ശക്ത്യായുക്തോ എന്നാരംഭിക്കുന്ന പ്രഥമ ശ്ലോകം

മമ രൂപാസി ത്വം ദേവി
ന ഭേദോസ്തി ത്വയാ മമ

എന്ന നിർവ്വാണ തന്ത്രപരാമർശവും സ്ത്രീ ശക്തിയിൽ വേരോടി നില്ക്കുന്നു.

എന്നാൽ ബ്രാഹ്മണേതര ജാതികൾ വേദാദ്ധ്യായനത്തിന് അധികാരികളല്ലെന്ന് വിധിച്ച കാലം മുതൽ സ്വാമി വിവേകാനന്ദൻ പറഞ്ഞതു പോലെ അധീശ വർഗ്ഗം സ്ത്രീകളുടെ സ്വാതന്ത്ര്യവും അവകാശവും നിഷേധിച്ചു കളഞ്ഞു. അതോടെ സ്ത്രീത്വമെന്നത് വെറും പൗരുഷത്തിന്റെ അഭാവമായി തീർന്നു. ഫൂക്കോയുടെ ഭാഷയിൽ പറഞ്ഞാൽ ആരാണോ Discourse (പറച്ചിൽ) നിയന്ത്രിക്കുന്നത് അവരാണ് സത്യത്തെ ഉല്പാദിപ്പിക്കുന്നത് എന്നാണ്. അങ്ങനെയാണെങ്കിൽ ഒരു പുരു



**വേദകാലം മുതൽക്കേ സ്ത്രീ സൗന്ദര്യത്തിന്റെ പ്രതീകമായി വർണ്ണിക്കപ്പെട്ടു പോന്നു. ഋഗ്വേദത്തിൽ തന്നെ ദ്യോവിന്റെ പുത്രിയായ ഉഷസ്സന്ധ്യയെ പാവനാംഗിയായ ഒരു സുന്ദരിയായി പല സൂക്തങ്ങളിലും വർണ്ണിച്ചിട്ടുണ്ട്. സൗന്ദര്യത്തിനു മാത്രമല്ല അപ്രതിരോധ്യമായ ശക്തിക്കും സ്ത്രീയെ പ്രതീകമായി കാണുന്ന ശക്തിസൂക്തം ഇതിനു ദൃഷ്ടാന്തമാണ്.**

ഷഭാഷ സൃഷ്ടിച്ച സത്യത്തിന്റെ വലയിൽ കുടുങ്ങിപ്പോയവരാണ് സ്ത്രീകളും അവരുടെ ആവിഷ്കാരങ്ങളും അധികൃതസങ്കേതങ്ങളിൽ നിന്നാണ് പ്രായേണ ചരിത്രം വ്യാഖ്യാനിക്കപ്പെടുന്നത്. തന്നിമിത്തം അധികാരികളുടെ വാഴ്ചയ്ക്കും കാഴ്ചപ്പാടിനുമനുസരിച്ച് വ്യാഖ്യാനങ്ങൾ തങ്ങൾക്കനുസൃതമായി വന്നു കൊണ്ടിരിക്കും

അരിസ്റ്റോട്ടിൽ പ്രഖ്യാപിച്ചത് സ്ത്രീ സ്ത്രീയായിരിക്കുന്നത് ചില ഗുണങ്ങളുടെ അഭാവം കൊണ്ടാണ് എന്നത്രെ. ഗുണങ്ങൾ എന്നതു കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പുരുഷഗുണങ്ങളാണെന്ന് വ്യക്തം സെന്റ് തോമസ് എക്യുനസ് സ്ത്രീയെ തികവില്ലാത്ത പുരുഷൻ എന്ന് നിർവ്വചിക്കുമ്പോഴും അത് പുരുഷകേന്ദ്രീകൃതമായ ഒരു വ്യാഖ്യാനമായ തീരു പക്ഷ പൗരാണിക ഭാരതത്തിലെ ശക്തിസ്വരൂപിണികളായ സ്ത്രീകളുടെ നില ഇങ്ങനെയായിരുന്നില്ലെന്ന് വ്യക്തമാക്കിയല്ലോ സ്ത്രീയെ അമ്മയായും ദേവിയായും ആരാധിച്ചു പോരുന്ന ആർഷസംസ്കൃതിയുടെ ഊർജ്ജം പ്രസരിക്കുന്ന ഒരു കാലഘട്ടത്തിന്റെ ഉല്പന്നമാണ് നാട്യശാസ്ത്രം എന്നു പറയാം ആ നിലയ്ക്ക് സ്ത്രൈണ പ്രഭാവത്തിന്റെ ശക്തമായ അന്തഃസ്രോതസ്സ് അതിൽ കാണാതെ വയ്യ. ബി സി 5-ാം നൂററാണ്ടിനും എ ഡി 3-ാം നൂററാണ്ടിനുമിടയിൽ എന്നോ രചിക്കപ്പെട്ടു എന്നു കരുതുന്ന നാട്യശാസ്ത്രത്തിൽ അതുകൊണ്ടു തന്നെ സ്ത്രീ പ്രാതിനിധ്യവും സ്ത്രീ പ്രഭാവവും ഒളിമങ്ങാതെ കിടക്കുന്നു

ചതുർവേദങ്ങളിൽ നിന്ന് ആവശ്യമായ അംശങ്ങൾ സ്വീകരിച്ച് നാട്യവേദം സൃഷ്ടിച്ച ബ്രഹ്മാവ്, ആ നൃത്ത പ്രകടനത്തിന് പൂർണ്ണതാ പ്രതീതി കൈ വരുത്താൻ കൈശികി വൃത്തി കൂടി അതിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചതു തന്നെ നൃത്താവിഷ്കാരത്തിൽ സ്ത്രീ സാന്നിദ്ധ്യത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നു എന്തെന്നാൽ ലാസ്യപ്രധാനമായ കൈശികിക്ക് പ്രകാശന സാഫല്യം കിട്ടാൻ സ്ത്രീയുടെ ശരീരഭാഷയും ഭാവവുമാണ് ഏറെ പ്രയോജനപ്പെടുകയെന്ന് നാട്യശാസ്ത്രകാരന് ബോധ്യമുണ്ടായിരിക്കണം കൈശികി കൈകാര്യം ചെയ്യാൻ ഇരുപത്തിനാല് അപ്സരസ്സുകളെ സൃഷ്ടിച്ച ബ്രഹ്മദേവൻ തന്റെ 108 പുരുഷ പ്രജകളിൽ അതു പരാജയപ്പെട്ടത് നേരിട്ട് മനസ്സിലാക്കിക്കാണും

കൈശികി ശ്ലക്ഷ്ണ നൈപഥ്യ
ശൃംഗാര രസ സംഭവാ
അശക്യാ പുരുഷൈ സാ തു
പ്രയോക്തും സ്ത്രീ ജനാദൃതേ

സ്ത്രീ സൗന്ദര്യത്തിന്റെ താളാത്മകമായ ചലനഭംഗിയും ശൃംഗാര രസ പ്രകടനങ്ങളും നൃത്തകലയുടെ വശ്യതയ്ക്കും ആസ്വാദ്യതയ്ക്കും അനിവാര്യവുമാണെന്ന ആചാര്യസിദ്ധാന്തമാണ് ഈ വരികളിൽ സ്പഷ്ടമാകുന്നത്.

മഹാരാജാവിനോടൊപ്പം നർത്തകികൾക്കും സമ്മാന്യതയും, സംപൂജ്യതയും നാട്യശാസ്ത്രത്തിൽ കല്പിക്കപ്പെട്ടിട്ടുണ്ട്. ജർജ്ജര പൂജക്കും, ഹോമത്തിനും ശേഷം ഹോതാവു തന്നെ രാജാവിനും നർത്തകികൾക്കും ദീപ്തി വർദ്ധിപ്പിക്കാൻ ജ്വലിക്കുന്ന പന്തങ്ങളുഴിക്കുന്ന നീരാജനകർമ്മം ഇതാണ് വെളിപ്പെടുത്തുന്നത്.

മഹാകുലേ പ്രസൃതാഃ സ്ഥ
ഗുണനൃത്യൈശ്ചാപ്യലങ്കൃതാ
യഥാജന്മ ഗുണോപേതം
തദ്വോ ഭവതു നിത്യശ:

രാവിനെന്നതു പോലെ ഗുണോല്ക്കർഷങ്ങൾ നർത്തകിമാർക്കും നിലനില്ക്കണമെന്ന ആശംസ വെറുമൊരാശംസയിൽ കവിഞ്ഞ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. രാജ്യത്തിന് രാജാവിന്റെ മഹത്വമെന്നതു പോലെ നർത്തകികളുടെ മഹത്വവും ക്ഷേമവും ഒഴിച്ചു കൂടാത്തതാണ് എന്ന് ഒരർത്ഥസ്പന്ദവും ഇവിടെയുണ്ട്.

താണ്ഡവം പുരുഷനൃത്തവും ലാസ്യം സ്ത്രീ നൃത്യവുമാണെന്ന വിധി നിലനില്ക്കുന്നുണ്ട്. എന്നാൽ രേചകങ്ങളോടും അംഗഹാരങ്ങളോടും കൂടി ശിവൻ ചെയ്യുന്ന നൃത്തവിശേഷത്തിന് പരഭാഗ ശോഭ ന



ല്കുന്നത് പാർവ്വതീ ദേവിയുടെ സുകുമാരമായ നൃത്തമാണെന്ന് ആചാര്യൻ സൂചിപ്പിക്കുന്നു. സ്ത്രൈണമായ ശരീരവടിവും ഭാവഭംഗിയും വെളിപ്പെടുത്തുമാറ് സ്ത്രീ നിലകളും ഗതിപ്രചാരങ്ങളും അവതരിപ്പിച്ച നാട്യശാസ്ത്രകാരൻെറ അന്തർദർശനം അത്ഭുതാവഹമാണ്. സവിശേഷമായ സ്ത്രീയുടെ ശരീരഘടന, അനുഭവം ഇവ അവളുടെ ഭാവനയേയും എഴുത്തിനേയും സംസാരത്തേയും വ്യത്യസ്തമാക്കുന്നുവെന്നത് ഒരു സത്യമാണ്. ലിംഗപരമായ ഈ ജീവശാസ്ത്ര വീക്ഷണമാണ് ഗതിപ്രചാരണങ്ങൾക്കും മററും അടിസ്ഥാനം.

എന്നാൽ സ്ത്രൈണതയെ കുററിയടിച്ചു കെട്ടാതെ വേണ്ടുവോളം സ്വാതന്ത്ര്യം അനുവദിച്ച് വികസനോന്മുഖമാക്കാനും ആചാര്യൻ മറന്നിട്ടില്ല.

സ്ത്രീ പുംസ പ്രകൃതി കുര്യാത്
സ്ത്രീഭാവം പുരുഷേപി ച

നടനകർമ്മത്തിൽ സ്ത്രീക്ക് ഇഷ്ടം പോലെ പുരുഷ വേഷം ധരിക്കാവുന്നതാണെന്ന് ആചാര്യൻ സ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ളതു കൊണ്ട് സ്ത്രീത്വത്തിന് ഏറെ ഫ്ളക്സിബിലിററി അനുഭവപ്പെടുന്നുണ്ട്.

ചന്ദന പൗരുഷിം കുര്യാത്
ഭൂമികാ സ്ത്രീ പ്രയോഗതാം

റോബൻ ലാക്കോഫ് എന്ന സാമൂഹ്യഭാഷാ ശാസ്ത്രജ്ഞൻെറ അഭിപ്രായം സ്ത്രീ ഭാഷയിൽ ദൗർബല്യവും ഉറപ്പില്ലായ്മയും ഉണ്ട്. അതുകൊണ്ട് സാമൂഹികമായ തുല്യത കൈവരിക്കാൻ അവൾ പുരുഷൻെറ ഭാഷ ഉൾക്കൊള്ളണം എന്നാണ്. എന്നാൽ നാട്യശാസ്ത്രകാരൻ സ്ത്രീക്ക് പുരുഷനായി അഭിനയിക്കാനുള്ള സ്വാതന്ത്ര്യവും നല്കുന്നു.

നാട്യശാസ്ത്രകാരൻ വിവരിക്കുന്ന സ്ത്രീകൾ അവരുടെ പദവിക്കും സംസ്കാരത്തിനുമിണങ്ങിയ രീതിയിൽ വ്യത്യസ്തമായ പദങ്ങൾ കൊണ്ടാണ് സംബോധന ചെയ്യുന്നത്. വ്യതിരിക്തമായ ഈ സംബോധനാ ശബ്ദങ്ങൾ തന്നെ സ്ത്രീകളുടെ നാനാവിധമായ വ്യക്തിത്വത്തെ നിശബ്ദമായി വിവരിക്കുന്നുണ്ട്.

ഭഗവതി- താപസസ്ത്രീ, ദേവിമാർ
ഭവതി- ഗുരുപത്നി, പൂജനീയ സ്ത്രീ
ഭദ്ര- ഗ്രാമ്യമായ സ്ത്രീ
അംബ- വൃദ്ധയായ സ്ത്രീ
ഭട്ടിനി- രാജപത്നിമാരെ പരിജനങ്ങൾ
സ്വാമിനി- മററുള്ള രാജപത്നിമാർ
ദേവി- രാജാവ് പട്ടമഹിഷിയെ
ഭർത്തൃകാരിക- രാജകുമാരിമാരെ
ആര്യ- തപസ്വിനിമാരെ
ഹളാ- സമനിലയിലുള്ള സ്ത്രീകൾ
ഹഞ്ജു- ഉത്തമ സ്ത്രീയെ
അഞ്ജുക -വേശ്യയെ
അത്ത- വേശ്യാമാതാവ്

ദാസിമാർക്കു പോലും വിശിഷ്ട കുസുമങ്ങളുടെ പേരുകൾ വേണമെന്നാണ് ആചാര്യൻ നിർദേശിക്കുന്നത്.

സ്ത്രീകളുടെ മാനസികാവസ്ഥകളെ പുരസ്കരിച്ച് സ്ത്രീ സമുദായത്തെ ബാഹ്യപ്രകൃതി, ആഭ്യന്തര പ്രകൃതി, ബാഹ്യാഭ്യന്തര പ്രകൃതി എന്ന് വിഭാഗീകരിക്കുന്ന നാട്യശാസ്ത്രകാരൻ സ്ത്രീകളുടെ സഹജഭാവങ്ങളേയും സ്വഭാവ വിശേഷങ്ങളേയും പററി സൂക്ഷ്മ വിചിന്തനം ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കാം.

ആശയാവിഷ്കാരത്തിന് ഉപയുക്തമായ മുദ്രകൈകളിലും രസഭാവങ്ങളിലും പ്രകടന രീതികളിലും സ്ത്രീ പുരുഷ സമത്വമാണ് നാട്യശാസ്ത്രത്തിൽ അം

ഗീകരിക്കപ്പെട്ട രീതി എന്ന് ശ്രദ്ധേയമാണ്. സ്ത്രീ സാന്നിദ്ധ്യവും സ്ത്രീ പ്രാതിനിധ്യവും സ്വാതന്ത്ര്യവും ദൃശ്യകലാ രൂപത്തിൽ സഫലമായും സംശുദ്ധമായും വെളിപ്പെടുത്തുന്ന ഒരു ഉത്തമ ദൃഷ്ടാന്തമാണ് നാട്യശാസ്ത്രമെന്ന് നിർവ്വിശങ്കം നിർണ്ണയിക്കാവുന്നതാണ്

കലാചരിത്രകാരിയും Indologist ആയ അനുപാ പാൻഡെ യുടെ വിഖ്യാത പുസ്തകമായ A Historical & Cultural Study of Natysasthra. അക്കാലത്തെ സാമൂഹ്യ സംസ്കാരിക അവസ്ഥകളുടെ ഭൗതികമായ തലങ്ങളും സാമൂഹിക ജീവിത ഘടനയും മൂല്യങ്ങളും സംബന്ധിച്ച ഉൾക്കാഴ്ചയും നല്കുന്നുണ്ട്. പ്രസ്തുത പുസ്തകത്തിലെ നാലും അഞ്ചും അദ്ധ്യായങ്ങൾ യഥാക്രമം.geographical horizon and material culture, as[ect of social life, structure, institution and values. മാനവികമായ ഒരു സത്താബോധത്തിൻെറ ചരിത്ര സ്മൃതികളെ അനാവരണം ചെയ്യുന്നുണ്ട്. എല്ലാ വ്യവഹാരങ്ങളും അതതു കാലത്തിൻെറ രാഷ്ട്രീയ വെളിപ്പെടുത്തലുകളാണെന്ന് Terry Eaglton ഉം അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് തന്നെ നിശിതമായ ഒരു ചരിത്ര വിചാരണയ്ക്ക് പ്രത്യേകിച്ചും നവചരിത്രവാദപരമായ പുനർവായനയ്ക്ക് നാട്യശാസ്ത്ര ഗ്രന്ഥത്തെ വിധേയമാക്കുമ്പോഴാണ് സ്ത്രീപക്ഷ വായനയ്ക്ക് അനുകൂലമായ ഫലഭൂയിഷ്ഠമായ മണ്ണ് നമ്മൾ ഇവിടെ കണ്ടെത്തുന്നത്.



# ഭാരതീയഭക്തിപ്രസ്ഥാനത്തിലെ പ്രതിരോധ ദർശനം



ഡോ.ഷീജാ നാരോത്ത്
മഹാത്മാഗാന്ധി കോളജ്, ഇരിട്ടി

പാരമ്പര്യം ഉയർത്തിപ്പിടിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ള കലാരൂപങ്ങൾ കീഴടങ്ങിക്കൊണ്ടുള്ള പ്രതിഷേധ പ്രകടനമാണ് നടത്തുന്നത്. സമാനരീതിയിലുള്ള ഒരു പ്രക്രിയയാണ് ഭക്തിപ്രസ്ഥാനവും മുന്നോട്ടു വെയ്ക്കുന്നത്. ദൈവഹിതത്തിന് തന്നെത്തന്നെ സമർപ്പിച്ച് ഭക്തൻ ഒന്നുമില്ലായ്മയിലേക്ക് ലഘൂകരിക്കപ്പെടുന്ന പ്രക്രിയയാണിത്. അവൻ/അവൾ ഇതിലൂടെ സ്വാതന്ത്ര്യത്തിന്റെ പരമപദം ആർജ്ജിക്കുന്നു. ധിക്കാരത്തിന്റെയും കലാപത്തിന്റെയും തീർത്തും വിഭിന്നമായൊരു രീതിയാണ് അതിഭൗതിക തലത്തിൽ ഭക്തിപ്രസ്ഥാനം മുന്നോട്ട് വെയ്ക്കുന്നത്. ഉയർന്ന ജാതിയിൽപെട്ടവനായാലും താഴ്ന്ന ജാതിയിൽ പെട്ടവനായാലും ദൈവത്തിന്റെ മുമ്പിൽ സമന്മാരാണെന്ന ഭക്തിപ്രസ്ഥാനത്തിന്റെ സിദ്ധാന്തം പൗരോഹിത്യത്തിനും ജാതിമർദനത്തിനുമെതിരെ പോരാടാൻ ജനങ്ങളെ പ്രാപ്തരാക്കിയിരുന്നു.

12-ാം നൂററാണ്ടു മുതൽ 17-ാം നൂററാണ്ടു വരെ ഭക്തിപ്രസ്ഥാനത്തിന്റെയും മതപരിഷ്കരണത്തിന്റെയും കാലഘട്ടമായിരുന്നു. സമൂഹത്തിലെ എല്ലാ തുറകളിലും പെട്ട ജനങ്ങൾക്കും ഈശ്വരനെ പ്രാപിക്കാൻ ജനാധിപത്യപരമായ ഒരവകാശമാണ് ഭക്തിയുടെ എല്ലാ ധാരകളും സൂക്ഷിച്ചിരുന്നത്. കീഴ്ജാതിക്കാർക്കും സ്ത്രീകൾക്കും തുറന്നു കിട്ടിയ പ്രധാനപ്പെട്ട ഇടമായിരുന്നു അത്. അനുഷ്ഠാന ക്രമത്തിൽ നിന്നും ഒഴിവാക്കപ്പെട്ടതിനെ പ്രതിരോധിക്കാനും മററൊരു തരത്തിൽ ജീവിക്കാൻ നിർബന്ധപൂർവ്വം അവരെ നിയോഗിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് രക്ഷനേടാനും ഏററവും ആഴത്തിലുള്ള വൈയക്തിക വിശ്വാസത്തിന്റെ, ഭക്തി പാരമ്പര്യത്തിന്റെ സത്തയുണ്ടായിരുന്നു. നമ്മുടെ സമൂഹത്തിലെ സമഭാവനകളുടെ പ്രകാശനമെന്ന നിലയിൽ ഭക്തിപ്ര

സ്ഥാനം ഏറെ പ്രകീർത്തപ്പെട്ടിട്ടുണ്ട്

ഭക്തിപ്രസ്ഥാനത്തിൻെറ ചില ധാരകളിൽ നിന്നാണ് ജാതിവ്യവസ്ഥയ്ക്കെതിരായ ശ്രദ്ധേയമായ പ്രതിരോധം ഉയർന്നു വന്നിട്ടുള്ളത്. പല കാലങ്ങളിലായി തമിഴ് പ്രദേശങ്ങളിലും മഹാരാഷ്ട്രയിലും ഉത്തരേന്ത്യയിലും ഇന്ത്യയുടെ കിഴക്കൻ പ്രദേശങ്ങളിലും ഭക്തിയുടെ പാരമ്പര്യം പ്രത്യക്ഷപ്പെടുകയുണ്ടായി. അബ്രാഹ്മണ വിഭാഗങ്ങളിൽ നിന്നും കീഴ്ജാതികളിൽ നിന്നും ഭക്തന്മാരും ഭക്തകളും രൂപപ്പെട്ടിരുന്നു. ഭക്തിയുടെ സ്വാധീനം ജാതിവ്യവസ്ഥ അനുശാസിക്കുന്ന സാമൂഹ്യ ബന്ധങ്ങളെ മാററിത്തീർക്കാൻ സഹായിച്ചിട്ടുണ്ട്. ജാതിവ്യവസ്ഥയുടെ അതിരുകൾക്കകത്ത് രൂപപരിണാമം വരുത്തിയ ഭക്തിസാധനയിലൂടെ ബ്രാഹ്മണ്യത്തിനെതിരായ തീക്ഷ്ണ വിമർശനങ്ങളുണ്ടായിരുന്നു.

മഹാരാഷ്ട്രയിലെ ഭക്തിപാരമ്പര്യം ജാതിവ്യവസ്ഥയെക്കുറിച്ച് ഉന്നയിച്ചിട്ടുള്ള തീവ്രവിമർശനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ബ്രാഹ്മണർ അനുശാസിക്കുന്ന ജാത്യധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥയിൽ സ്ത്രീകൾക്ക് അനുവദിക്കപ്പെട്ടിരുന്ന ഗാർഹികതയിലെ ഏകവേഷത്തിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള അത്യധികമായ ആഗ്രഹത്തെ മഹാരാഷ്ട്രയിലെ മഹാനുഭാവ ധാര പ്രസ്ഥാനം സാക്ഷാത്കരിക്കുന്നു.

വടക്കൻ കർണ്ണാടകത്തിലെ വീരശൈവ പ്രസ്ഥാനത്തിലൂടെ വളരെയധികം സ്ത്രീകൾ ജാതിവ്യവസ്ഥയ്ക്കെതിരായ നിലപാട് സ്വീകരിച്ചിരുന്നു. വീരശൈവർക്ക് അതിശക്തമായ ബ്രാഹ്മണ വിരുദ്ധ പാരമ്പര്യമുണ്ടായിരുന്നു. 17-ാം നൂററാണ്ടിൽ ആരംഭിച്ച് സത്നാമി വിഭാഗത്തിനും ജാതിഭേദം നിരോധിച്ച് കീഴാളരുടെ പിന്തുണ നേടാൻ കഴിഞ്ഞിരുന്നു. ജനാധിപത്യപരവും സമത്വാവാദിധിഷ്ഠിതവുമായ സാമൂഹിക സ്വപ്നങ്ങൾ പുലർത്തുന്ന സ്ത്രീ പുരുഷന്മാർക്ക് സമ്പന്നമായ സാംസ്കാരിക ശേഖരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള അവസരം സൃഷ്ടിക്കുന്നു എന്നതാണ് ഭക്തിയുടെ ശാശ്വതമായ പൈതൃകം.

സിദ്ധപ്രസ്ഥാനം, ലിംഗായതം, വർക്കാരി, സൂഫിസം എന്നീ ഭക്തിയുടെ മുന്നേങ്ങൾ ബ്രാഹ്മണാധിനിവേശത്തിനെതിരായ പ്രതിരോധമായി കണക്കാക്കാവുന്നതാണ്. ഭാരതീയ പാരമ്പര്യത്തിലെ അധീശത്വവിരുദ്ധ സാഹിത്യ രൂപങ്ങളെ സൂചിപ്പിക്കാനാണ് സച്ചിദാനന്ദൻ ശ്രമണ കാവ്യപ്രസ്ഥാനം എന്ന സംജ്ഞ ഉപയോഗിക്കുന്നത്. ശ്രമണ കാവ്യപാരമ്പര്യം ജീവിതത്തിൻെറ നൈതികവും ആത്മീയവും സൗന്ദര്യാത്മകവുമായ തലങ്ങളെ പുതുക്കിയെഴുതി. കീഴാളരുടെ ആത്മബോധത്തിൻെറയും വിമോചനത്തിൻെറയും മാതൃകയാണ് ഈ കാവ്യപാരമ്പര്യം പിൻതുടരുന്നത്. സാമാന്യജനതയുടെ സംഭാഷണ പ്രയോഗങ്ങളും നാടോടിതാളവും അധീശത്വകാവ്യ പാരമ്പര്യനിഷേധവുമാണ്. ഈ പ്രസ്ഥാനം മുന്നോട്ടുവെച്ചത്. ബ്രാഹ്മണം- ശ്രമണം എന്നു വിളിക്കപ്പെടുന്ന ധാരകളെ മേലാൾ- കീഴാൾ എന്ന അർത്ഥങ്ങളെ സൂചിപ്പിക്കുന്ന ഭാരതീ. രൂപകങ്ങളായി സച്ചിദാനന്ദൻ ചൂണ്ടിക്കാട്ടുന്നു.

മനുഷ്യരുടെ തുല്യതയാണ് ലിംഗായത ഭക്തിപ്രസ്ഥാനത്തിൻെറ ലക്ഷ്യം. പൗരോഹിത്യത്തെയും രാജാധികാരത്തെയും അവർ എതിർക്കുന്നു. യജമാന- ആശ്രിതഭാവം ഇവർക്കിടയിലില്ല. ഭാരുദ്, ബീജക്, പദം, അഭംഗ് എന്നീ സാഹിത്യ രൂപങ്ങളും ബ്രാഹ്മണ സാഹിത്യത്തിന് ബദലായി രൂപം കൊണ്ട ശ്രമണ കാവ്യരൂപങ്ങളാണ്. ഭക്തിപ്രസ്ഥാനത്തിലെ രാമാനന്ദമാർഗം ഭൗതികമായ സമത്വമാണ് ഉദ്ഘോഷിക്കുന്നത്.

അധികാരത്തിൻെറയും ചൂഷണത്തിൻെറയും ഘടകങ്ങൾ ഉൾച്ചേർന്നിരിക്കുന്ന ഒന്നാണ് ജാതിവ്യവസ്ഥ എന്നതിനാൽ അതിൻെറ മേൽത്തട്ടിലിരിക്കുന്ന ബ്രാഹ്മണരുടെ മേധാവിത്വത്തിനെതിരായി ജാതിവ്യവസ്ഥ രൂപപ്പെട്ട കാലം മുതൽ സംഘടിതവും അസംഘടിതവുമായ ഒട്ടേറെ പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. അതിൽ ഏററവും പ്രധാനപ്പെട്ടത് ബുദ്ധമതം തന്നെയാണ്. പിൽക്കാലത്ത് ബുദ്ധസത്തിൻെറ ജനകീയ ധാരകളും ഗുരുനാനാക്കും അക്കമഹാദേവിയും ചൊക്കലിംഗവും, രാംദാസും വൈകുണ്ഠ സ്വാമികളും ഒരു പരിധിവരെ ശ്രീനാരായണ ഗുരുവും അബ്രാഹ്മണികമായ ജ്ഞാനവിഷയങ്ങളെ പ്രചരിപ്പിച്ചിരുന്നു. ബുദ്ധൻ ബഹുജനഹിതത്തിനും ബഹുജനസുഖത്തിനും വേണ്ടി ധർമ്മം ആചരിക്കാൻ പറയുകയുണ്ടായി. ചാതുർവർണ്യത്തിൻെറ അടിസ്ഥാനത്തിൽ വർഗസമൂഹം സൃഷ്ടിക്കുന്നതിനെതിരായ ജനകീയ പ്രക്ഷോഭമായിരുന്നു ബുദ്ധിസം . നിരീശ്വരവാദമായിരുന്നു അതിൻെറ ദർശനം.

ബുദ്ധിസവും ജൈനിസവും മർദിത ജാതിക്കാരുടെ വർഗസമരത്തിൻെറ ഒരു രൂപമായിരുന്നു. ബുദ്ധമതം ഒരു രാഷ്ട്രീയ ചിന്താപദ്ധതിയെന്ന നിലയിൽ ആവിർഭവിക്കുന്നത് പ്രാചീനഭാരതത്തിൽ നിലനിന്ന സാമൂഹ്യ രാഷ്ട്രീയാവസ്ഥകളോട് പ്രതിപ്രവർത്തിച്ചു കൊണ്ടാണ് ഈ പ്രതിപ്രവർത്തനത്തിൽ ബ്രാഹമണാധീശത്വത്തിൻെറ സമഗ്ര ചതാപദ്ധതിയെന്ന നിലയിൽ വൈദിക കാലം മുതൽ വേദോപനിഷദ് ചിന്തകളിലൂടെ ബ്രാഹ്മണർ പ്രതികരിച്ചിരുന്നു. ബുദ്ധമതം സമ്പദ്ഘടനയെ എന്ന പോലെ സാമൂഹ്യ ജീവിതത്തെയും പരിഷ്കരിച്ച് വ്യക്തിയെ ഭൂതകാലത്തിൽ നിന്ന് മോചിപ്പിക്കുകയും ജനാധിപത്യവല്ക്കരണത്തിൽ സ്വയം നിർണ്ണയനം സാധ്യമാക്കുകയും ചെയ്തിരുന്നു.

പ്രത്യയ ശാസ്ത്രവല്ക്കരിക്കപ്പെട്ട മതധർമ്മത്തെ ബുദ്ധൻ ചോദ്യം ചെയ്തത് മതാവബോധം അന്തർലീനമായൊരു പ്രത്യയശാസ്ത്രമണ്ഡലം സൃഷ്ടിച്ചുകൊണ്ടാണ്. ബുദ്ധമതം മാത്രമാണ് സമത്വം എന്ന ആശയം സൈദ്ധാന്തികമായി സ്വീകരിച്ചത്. എന്നാൽ വേദാന്ത തത്വജ്ഞാനികളിൽ നിന്നും ബുദ്ധിസത്തിനും ജൈനിസത്തിനുമുണ്ടായ പരാജയം മർദ്ദിത ജാതിക്കാർക്ക് രാഷ്ട്രീയാധികാരം ഉപയോഗപ്പെടുത്തിയ ഉയർന്ന ജാതിക്കാരിൽ നിന്നുമേററ പരാജയമായിരുന്നു.

ദേശീയ പ്രസ്ഥാന ഘട്ടത്തിൽ മഹാത്മാ ഫൂലെയുടെ ഇടപെടലുകളിലൂടെയും ഏറെ മാററമുണ്ടായി. അദ്ദേഹം 1873 ൽ സത്യശോധക് സമാജം എന്ന അബ്രാഹ്മണ പ്രസ്ഥാനം കെട്ടിപ്പടുക്കുകയും ഹൈന്ദവ ചിഹ്ന പ്രതീകവ്യൂഹത്തിന് പ്രതിഘടന പ്രഖ്യാപിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഭരണം



ഇന്ത്യയിലെ അധസ്ഥിതർക്ക് നേട്ടങ്ങളുണ്ടാക്കിയതായും ശൂദ്രരും അതിശൂദ്രരും ദേശീയ പ്രസ്ഥാനത്തിൽ നിന്നും അകന്നു നിൽക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ആര്യാധിനിവേശത്തെയും ബ്രാഹ്മണാധിപത്യത്തെയും എതിപർത്ത സത്യശോധക് സമാജ് മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കുമൊപ്പം അധസ്ഥിതർക്കും പ്രാതിനിധ്യം നൽകി.

ഹിന്ദുസമുദായ രൂപവത്ക്രകണങ്ങളെ നാരായണ ഗുരു പ്രതിരോധിച്ചത് മതപരവും പ്രാദേശികവുമായി പാർശ്വലല്ക്കരിക്കപ്പെട്ട സ്വത്വരൂപ വത്ക്കരണങ്ങളെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു കൊണ്ടാണ്.അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠ ബ്രാഹ്മണ്യപൗരോഹിത്യ നിരാസമാണ് സാധ്യമാക്കിയത്. അതിലൂടെ അവർണ്ണനായതുകൊണ്ടു മാത്രം ആദ്ധ്യാത്മിക ലോകത്ത് തിരസ്ക്കരിക്കപ്പെടുന്നവർക്ക് ഇടം നേടാനായി. സംസ്ക്കാര രൂപവത്ക്കരണങ്ങൾ സൃഷ്ടിച്ച സംഘർഷങ്ങളെ വൈവിധ്യങ്ങളുടെ ബഹുത്വത്തിൻെറ സംവാദമാക്കാൻ കഴിഞ്ഞതിലൂടെയാണ് ശ്രീനാരായണ ദർശനത്തിൽ ദലിതരുൾപ്പെടുന്ന കീഴാളർക്കിടം കിട്ടുന്നത്. സാംസ്ക്കാരിക മണ്ഡലത്തെ സാമ്പത്തിക രാഷ്ട്രീയ ബലതന്ത്രങ്ങളിൽ നിന്നും സ്വതന്ത്രമാക്കുന്നതിലൂടെ അത് ദേശീയ പ്രസ്ഥാനത്തിൻെറ സാംസ്ക്കാരിക വിവക്ഷകളെ പ്രതിരോധിക്കുന്നതായി മാറി.

നാഥ് സിദ്ധർ ഉൾപ്പെടെ ജാതിയെ നിരാകരിച്ച പല നാടൻ മതപ്രസ്ഥാനങ്ങളുമുണ്ടായിരുന്നു. ഗുരുനാനാക്കിനെപ്പോലെയുള്ളവരും ചില സൂഫികളും തങ്ങൾ ഹിന്ദുവോ മുസ്ലീമോ അല്ലെന്ന് പ്രസ്താവിക്കുകയുണ്ടായി. ജാതിയോടുള്ള അവരുടെ എതിർപ്പ് പ്രസിദ്ധമായിരുന്നു . ബ്രാഹ്മണ്യം ജന്മസിദ്ധമല്ലെന്നും കർമ്മ സിദ്ധമാണെന്നും പറഞ്ഞ ഗുരുനാനാക്കിനെ ജാതിയുടെ നിഷേധസ്വരത്തിൽ ഓർമ്മിക്കേപ്പെടേണ്ടതാണ്. കബീർദാസും ജാതീയതയ്ക്കെതിരെ വളരെ ശക്തമായി പ്രതികരിച്ചിരുന്നു. 17-ാം നൂററാണ്ടിലെ പ്രശസ്ത മഹാരാഷ്ട്ര ഭക്തകവിയായിരുന്ന തുക്കാറാം ജാതിവിഭചനത്തിൻെറ പേരിൽ ബ്രാഹ്മണരെ ആക്രമിച്ചു.

ദൈവം ഒൻേറ
ജാതി ഒൻേറ
മതം ഒൻേറ എന്ന് വൈകുണ്ഠസ്വാമികളും ആഹ്വാനം ചെയ്തിരുന്നു.

ജാതിമേധാവിത്വത്തിൽ നിന്ന് മുസ്ലീം ക്രിസ്ത്യൻ മതങ്ങളിലേക്ക് മതപരിവർത്തനം നടത്തിയിരുന്നു. ജാതി അടിസ്ഥാനത്തിലുള്ളതല്ലാത്ത തൊഴിലുകൾ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം മതംമാറിയവർക്ക് ലഭ്യമായിരുന്നു. ഇത് വരുമാനവും സാമൂഹ്യ അന്തസ്സും വർദ്ധിപ്പിക്കുമെന്നവർ കരുതി. മതപരിവർത്തനം കീഴാളർക്ക് ഒരു മോചനമാർഗമായിരുന്നു. പൊതു സമൂഹത്തിൽ ഇടപെടാനുള്ള മറയും സൗകര്യവുമായിരുന്നു അത്. ബ്രാഹ്മണ പ്രത്യയശാസ്ത്രം ദേശീയവാദപരമായി രൂപപ്പെടുന്ന സന്ദർഭത്തിലാണ് മതപരിവർത്തനത്തെ അബ്രാഹ്മണ അധസ്ഥിത വിഭാഗങ്ങൾ ഒരു രാഷ്ട്രീയ പ്രതിരോധമാക്കി ഉയർത്തിയത്. അയ്യങ്കാളിയും അംബേദ്ക്കറും മതപരിവർത്തനത്തെ ഒരു രാഷ്ട്രീയ പ്രത്യയ ശാസ്ത്രാപാധിയാക്കി. ഒരു മതേതര രാഷ്ട്രത്തിൻെറ ആണിക്കല്ല് മതമില്ലാതിരിക്കുവാനുള്ള സ്വാതന്ത്ര്യത്തോടൊപ്പം മതപരിവർത്തനത്തിനുള്ള അവകാശം കൂടിയാണെന്ന് 1953 ൽ സ്വയം ബുദ്ധമത പരിവർത്തനം ചെയ്ത അംബേദ്ക്കർ പ്രഖ്യാപിച്ചു.

വർണ്ണാശ്രമ ധർമ്മത്തിലെ കീഴാളരും സ്ത്രീകളും വിലക്കുകൾ ലംഘിച്ച് ഇഴുകിച്ചേർന്ന് പ്രവർത്തിച്ച ഒന്നായിരുന്നു ഭക്തി പ്രസ്ഥാനം. ഇക്കാരണത്താൽ ഭക്തി പ്രസ്ഥാനത്തെ വർണ്ണാശ്രമ ധർമ്മത്തിനെതിരായ ജനകീയ മുന്നേററമായും അധസ്ഥിത വിഭാഗങ്ങളുടെ സ്വത്വബോധത്തെയും തൻേറടത്തെയും ഉത്തേജിപ്പിച്ച ഒരു സംരംഭമായും പൊതുജീവ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നു. ബ്രാഹ്മണ്യത്തിൻെറ വൈജ്ഞാനിക കുത്തക തകർത്ത് അധസ്ഥിതർക്ക് ആ മേഖലയിലേക്ക് പ്രവേശനം നൽകുന്നതോടൊപ്പം ആ മേഖലകളിൽ സംതൃപ്തിയോടു കൂടി ഇഴുകിച്ചേർന്ന് ആ വ്യവസ്ഥയുടെ അടിത്തറ വിപുലമാക്കാൻ ഭക്തി പ്രസ്ഥാനത്തിൻെറ ജനകീയവത്ക്കരണത്തിന് കഴിഞ്ഞു.

### സഹായ ഗ്രന്ഥങ്ങൾ

1. ഗെയിൽ ഓംവെദ്, ദളിത് ചിന്തകൾ. വിവ. ബിജുരാജ്യൻദോ., മാതൃഭൂമി ബുക്സ്, 2010, പുറം 30
2. അതേ പുസ്തകം പുറം. 36
3. സച്ചിദാനന്ദൻ, 1999 ലെ പ്രേംജി സ്മാരക പ്രഭാഷണം ഡി. സി കോട്ടയം. 2001. പുറം. 36
4. കെ. കെ. ബാബുരാജ്.മറെറാരു ജീവിതം സാധ്യമാണ്. സബ്ജെക്ട് ആൻറ് ലാംഗേജ് പ്രസ്. 2008. പുറം 38
5. കെ. കെ. കൊച്ച് ബുദ്ധനിലേക്കുള്ള ദൂരം. ഡി സി ബുക്സ്. 2011. പുറം 32
6. ഇ എം എസ് പുസ്തകങ്ങളിലൂടെ, ചിന്ത പബ്ലിക്കേഷൻസ്. 1975. പുറം. 8
7. ഡോ. ഗംഗാധരൻ തിക്കുറിശ്ശി, തൈക്കാട് അയ്യാവു സ്വാമി (ലേഖനം) മാതൃഭൂമി വരി. 2006. പുസ്തകം 60. പുറം 5



# Concept of Gender equality in India and Millennium Development Goals



**Vijaya Kumari.K**

*All Saints' College, Thiruvananthapuram*

Gender is closely related to the roles and behavior assigned to women and men based on their sexual differences. Gender inequality prevailing in our country is distinct from other types of all social and economic inequalities. It stem from pre-existing gendered social norms and social perceptions and differences in economic endowments between women and men. Discrimination against women and girls - including gender-based violence, economic discrimination, reproductive health inequities, and harmful traditional practices - remains the most pervasive and persistent form of inequality

Gender equality is now universally accepted as being a prerequisite for sustainable human development. It has an impact on development goals as it influences economic growth and social development. In India, although some progress in women's development has been made, women continue to lag behind men. The adverse sex ratio, poor educational and nutritional status, inequality in wages and the prevalence of violence against women are all pointers to the fact of glaring gender inequalities in the key areas of social, economic and political participation and decision-making. As a consequence, the potentials, perspectives and contributions of women, who are one half of the population, remain largely invisible and unacknowledged.

Gender equality cannot come about only through changes in the conditions of women's lives - it requires transformation of the patriarchal structures and systems that lie at the root of women's



subordination and gender inequality. These structures cannot be transformed by external interventions alone - women must themselves become *active agents of change*. Gender equality, therefore, demands women's empowerment. Strategies for women's empowerment must recognise the fact that gender oppression and marginalisation are the outcome of a web of complex forces. At every stage in their lives, beginning from before birth, women are affected not only by their present circumstances, but also by the cumulative burdens of their pasts.

Gender equality is, first and foremost, a human right. Women are entitled to live in dignity and in freedom from want and from fear. Empowering women is also an indispensable tool for advancing development and reducing poverty. Empowered women contribute to the health and productivity of whole families and communities and to improved prospects for the next generation. The importance of gender equality is underscored by its inclusion as one of the eight Millennium Development Goals. Gender equality is acknowledged as being a key to achieving the other seven goals

The Millennium Development Goals are development goals decided by the international community. There are Eight Millennium Development Goals adopted by United Nations:-

1. To eradicate extreme poverty and hunger
2. To achieve universal primary education
3. To promote gender equality and empower women
4. To reduce child mortality
5. To improve maternal health
6. To combat HIV/AIDS, malaria and other diseases
7. To ensure environmental sustainability
8. To develop a global partnership for development.

In both rich and poor countries, gender discrimination persists, and its consequences are difficult to ignore. Without at least a complete primary education, women face limited employment options, discrimination, lower pay, and less control over their health and well-being.

The third Millennium Development Goal aims to attain gender equality through education by 2015. However, it is insufficient to ensure the emancipation of women from violence and discrimination. UN Women calls for a commitment to achieve gender equality and women's rights in the post-2015 development framework. Goal 3 calls on countries to ensure that girls have equal access to education by 2015. Doing so will contribute to overall country growth and development advances.

Educated girls have many more choices and opportunities for employment, and they have the knowledge and capabilities to access information that positively affects them and their families. They are more empowered to shape their country's political, social, economic and environmental progress. India faces the challenge of achieving gender equality, urban sustainability and improving public health, while it builds infrastructure for its fast-growing urban population.

Population of India as per 2011 Census -121 crore, Urban Male- 31.20%, Female- 51.54% Population. Rural Male- 68.80% Female- 48.46% Population• Percentage of population Below Poverty Line (BPL) 2004-05 and 2009-10 Rural 42.0 , 33.8 Urban 25.5 , 20.9.All India level it is 37.2 ,29.8.

United Nations Development Program's Human Development Report 2013 reports a very bad picture on this front. According to this report India stood at 132nd

position out of 187 countries on the gender inequality index - performing worse than even Pakistan (123). The condition is such that India is far behind than all nations in South Asia. Except Afghanistan, all performed better than India, with Sri Lanka (75) topping them all. Nepal is at rank 102nd and Bangladesh stood at 111th rank. Gender inequality Index is a very good way of showing a counties real picture in terms of gender biasing. Gender Inequality Index measures the loss in a country's progress and human development because of gender inequality in three sectors:

1. Reproductive health 2.Women empowerment 3.Labor market participation.

The key factors which put India on such a low position are:

Skewed sex ratio, with only 914 females every 1000 males due to female feticide,

Only 29% of Indian women above the age of 15 in 2011 were a part of the country's labour force, compared to 80.7% men.

In Parliament, only 10.9% of lawmakers are women, while in Pakistan 21.1% are women.

According to the report education and health status of women in India are as folows:

Only 26.6% women above 25 years received a secondary education in 2010, compared to 50.4% of men.

In maternal mortality ratio the condition is very pathetic, in India, 200 women died in every 100,000 childbirths. Again, every second young child in India is malnourished, less than ¼ of rural population use toilets, only 4 out of 10 girls who enroll complete eight years of schooling. Because of all these factors and many more, on the human development index, India ranks 136th out of 187 countries as mentioned in the study. In India huge income disparities, gender inequality, poverty, educational backwardness of women, violence and the caste divide remain major issues.

The Constitution of India ensures gender equality in its preamble as a fundamental right. By ways of a number of legislation and policies government adopted many measures of positive discrimination in favour of women. India has also ratified various international conventions and human rights forums to secure equal rights of women, such as ratification of Convention on elimination of all forms of discrimination against women in 1993. Women have been finding place in local governance structures, overcoming gender biases. Over one million women have been elected to local panchayats as a result of 1993 amendment to the Indian Constitution requiring that 1/3 rd of the elected seats to the local governing bodies be reserved for women.

The passing of Pre-natal Diagnostic Tech Act in 1994 also is a step in removing gender discrimination. This Act seeks to end sex-determination tests and female foeticide and prohibits doctors from conducting such procedures for the specific purpose of determining the sex of the fetus. Since the inception of the ambitious 10th Five Year Plan in 2003, current rates of progress on many indicators are not sufficient to meet many of the child-related National Development Targets by 2007, or the Millennium Development Goals (MDGs) by 2015.

Gender equality is achieved when women and men enjoy the same rights and opportunities across all sectors of society, including economic participation and decision-making, and when the different behaviours, aspirations and needs of women and men are equally valued and favoured. We need active participation by people and social awakening for solving this problem. It will act as eye opener for the government and society to act together against this social disease.

The MDG on gender equality and women's empowerment demonstrated the impact that a dedicated gender goal can have - as a mechanism to hold governments accountable for their responsibilities to women. It can act as an advocacy tool for organisations concerned with gender equality and human rights. The MDGs taught us that, without addressing the underlying structural causes of gender inequality, social progress and national growth will not be possible. With the influence of MDG, India Government also announced the National policy for empowerment of women in 2001 to bring out advancement, development and empowerment of women. As persistent gender inequalities continue we need to rethink concepts and strategies for promoting women's dignity and rights. Greater effort and focus must be directed to enrolling all children in education and ensure that, women are in the right path, are participating in the development process through improved management and provision of quality basic social services, promoting women friendly and child-related behaviour change within households, and creating a better environment for women and children at home and at workplace and institutions related to them and it will surely bring gender equality and social and national development.

**References:**

Millennium Development Goals

1. UNDP: 2013 Human Development Report; accessed on 21st March, 2013
2. Gender studies by Sujata Sen



# എന്റെ ഭൂമി... എന്റെ ആകാശം...



**എൻ. രേണുക**
*എൻ.എസ്.എസ് കോളജ്, ചേർത്തല*

### ഒന്ന്

ഒരു ഡിസംബർ മാസം അന്ന് ഞാൻ ഗവേഷണ വിദ്യാർത്ഥിയായിരുന്നു. ഗവേഷണവുമായി ബന്ധപ്പെട്ട് കേരള സർവ്വകലാശാലയിൽ പോയതാണ്. ലയോള കോളജിനടുത്ത് കന്യാസ്ത്രീകൾ നടത്തിയിരുന്ന ഹോസ്റ്റലിലായിരുന്നു താമസം. ജങ്ഷനിൽ നിന്ന് കുറച്ചു ദൂരം ഉള്ളിലേയ്ക്കു നടക്കണം. രണ്ടു ദിവസത്തെ ലൈബ്രറി ആവശ്യങ്ങൾക്കു ശേഷം അടുത്ത ദിവസം രാവിലെ എറണാകുളത്ത് കോളജിൽ എത്തേണ്ട അത്യാവശ്യമുണ്ടായിരുന്നു. അതിരാവിലെയുള്ള ട്രെയിൻ കിട്ടിയാൽ മാത്രമേ ഉദ്ദേശിച്ച സമയം എറണാകുളത്ത് എത്തുകയുള്ളൂ. ഹോസ്ററലിൽ നിന്ന് റെയിൽവേ സ്റ്റേഷനിലേയ്ക്ക് ഏറെ ദൂരമുള്ളതിനാൽ എങ്ങനെ എത്തുമെന്ന ആധി മാത്രമായിരുന്നു മനസ്സിൽ. അവസാനം വാർഡൻ സിസ്റ്റർ പറഞ്ഞു വെളുപ്പാൻ കാലം മൂന്നുമണിയോടടുക്കുമ്പോൾ വാച്ച്മാൻ പോകും. കാവൽപ്പണിയ്ക്കു പുറമേ അയാൾക്ക് പത്രവിതരണവും പാൽവിതരണവുമുണ്ട്. അയാളോടൊപ്പം പോയാൽ ബസ്സ്റ്റോപ്പിലെത്താം. ചില നിമിഷങ്ങൾ അങ്ങനെയാണ്. മാർഗങ്ങളിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് നാം ഓർക്കില്ല; അതിന്റെ ഫലം ദൂരവ്യാപകമായിരിക്കുമെങ്കിലും. അങ്ങനെ പിറേറന്ന് വെളുപ്പിന് വാച്ച്മാനോടൊപ്പം ഹോസ്റ്റലിൽ നിന്നിറങ്ങി. ആളനക്കമില്ലാത്ത റോഡ്. ഒററക്കുതിപ്പിന് മെയിൽ റോഡിലെത്താനുള്ള ഉത്സാഹമായിരുന്നു. നടന്ന് നടന്ന് പകുതിവഴി ആയപ്പോഴേയ്ക്കും എവിടെ നിന്നോ ഭയം തീവ്രമായി എന്നിലാവേശിച്ചു. ആരോടൊപ്പമാണ് ഞാൻ ഇറങ്ങിപ്പോന്നത്? കന്യാസ്ത്രീയുടെ ആശീർവാദത്തോടു കൂടിയാണെങ്കിലും ഏതോ ഒ

| Next | 5,00,000 | - | 20% | 100,000 |
| Balance | 1,38,100 | - | 30% | 41430 |
| | | Total | | 1,66,430 |
| Education | Cess 3% of | 1,66,430 | | 4,993 |
| | **Total Tax Liability** | | | **1,71,423** |

**Deductible Amount u/s 80C**

| | | |
|---|---|---|
| 1. | P.F. contribution current | 48000 |
| 2. | P.F. D.A. arrear credited | 8000 |
| 3. | Interest on NSC | 2000 |
| 4. | Principal of H. Loan | 10000 |
| 5. | LIC premium paid | 12000 |
| 6. | Educational Expense First Child | 10000 |
| | Second child | 15000 |
| 7. | Contribution to pension fund (80CCC) | 5000 |
| | **Total** | **110000** |

**Notes:**

1. Qualifying sum deductible u/s 80 C Rs. 1,50,000 (including pension fund contribution u/s 80 CCC) **Or** Rs. 110000 whichever is less.
2. Treatment of NSC and Interest on NSC
   a. NSC purchased during the year if any qualified for deduction u/s 80 C
   b. Include interest on NSC under the Head income from other source.
   c. Qualifies for deduction u/s 80 C

**Tax deduction at source (TDS) and deductions**

Principal (DDO) is expected to follow the following steps before making TDS.

5. Estimate the salary that the employee is expected to draw during the financial year as per the above provisions
6. Make the following deductions to arrive at total income
   a. Interest on housing loan after getting the proper certificate from the employee
   b. 80C, 80CCC, 80CCF, 80D, 80DD, 80DDB, 80E, 80EE. 80G (only 100% deductible donations), 80U.
   c. exemptions for HRA
7. Compute tax and education cess at the prescribed rates
8. Compute the monthly TDS by dividing the tax and education cess by 12 months.
9. Recalculate the total income and tax payable in the month of Dec / Jan and make necessary changes in the TDS, if needed.

KERALA PRIVATE COLLEGE TEACHER



# കോപ്പർനിക്കൻ യുഗവും ഒരു പരികൽപനയുടെ ദൃഢതയും

**ഡോ.എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*



മനുഷ്യന്റെ ചിന്തയെയും ജീവിതത്തെയും സമൂഹഘടനയെയും മാറ്റിമറിച്ചത് വൈജ്ഞാനിക വിപ്ലവമാണ് (scientific revolution). അതിന്റെ സമുദ്ഘാടനം 1543 ൽ സംഭവിച്ചതായി ശാസ്ത്ര ചരിത്രകാരനായ ജോൺ ഗ്രിബിൻ പറയുന്നു. പോളണ്ടുകാരൻ നിക്കോളാസ് കോപ്പർനിക്കസിന്റെ സൗരയൂഥസിദ്ധാന്തം ഒരു കൃതിയായി പ്രസിദ്ധീകരിച്ച വർഷം അതത്രെ. ആ കൃതി മാത്രമല്ല ബെൽജിയംകാരനായ ആന്ദ്രിയാസ് വെസാലിയുസിന്റെ മനുഷ്യശരീര ഘടനയെക്കുറിച്ചുള്ള കൃതിയും ആ വർഷം തന്നെയാണ് പ്രസിദ്ധീകരിച്ചത്. വൈജ്ഞാനിക വികാസ ചരിത്രത്തിലെ ഒരു നിർണ്ണായക സംഭവമായി ആ ഗ്രന്ഥപ്രസാധനങ്ങളെ കണക്കാക്കാവുന്നതാണ് എന്ന് ഗ്രിബിൻ ബോദ്ധ്യപ്പെടുത്തുന്നു.

യൂറോപ്യൻ വൈജ്ഞാനിക ലോകത്തെ മുടിചൂടാ മന്നനായിരുന്നു അരിസ്റ്റോട്ടിൽ. അദ്ദേഹത്തിന്റെ ദർശനങ്ങൾ പതിനെട്ടു നൂറ്റാണ്ടുകളോളം ലോകവിജ്ഞാനത്തിന്റെ അവസാന വാക്കുകളായിരുന്നു. അവയുടെ കോട്ടകളെ തകർത്ത വൈജ്ഞാനിക വിപ്ലവമായിരുന്നു കോപ്പർ നിക്കസിന്റെ (1473 - 1543) സൗരയൂഥ സിദ്ധാന്തം.

### കോപ്പർനിക്കസ് ജനിക്കുന്നു

പോളണ്ടിലെ വിസ്തുലാ നദിക്കരയിലുള്ള തൂറിൻ നഗരത്തിൽ 1473 ഫെബ്രുവരി 19 ന് നിക്കോളാസ് കോപ്പർ നിക്കസ് ജനിച്ചു. പോളിഷ് ഭാഷയിൽ പേര്

നിക്കോളായ കോപ്പർ നിഗ്സ് എന്നാണ് ഉച്ചരിക്കുക.അച്ഛൻ ചെമ്പ് വ്യാപാരി ആയിരുന്നു. പരമ്പരാഗത തൊഴിൽ ഇത് ആകയാൽ ലഭിച്ചതാവാം പേരിലെ കോപ്പർ എന്ന ചേർപ്പ്. അമ്മ ബാർബറ, ഒരു പേരു കേട്ട ജർമൻ തറവാട്ടിലെ അംഗമായിരുന്നു. ഒരു സഹോദരനും സഹോദരിയും അദ്ദേഹത്തിന് ഉണ്ടായിരുന്നു. അമ്മയുടെ സഹോദരൻ ലൂക്കാസ് വാറ്റ്സെൽ റോഡ ഒരു മതസഭാ മേലദ്ധ്യക്ഷനും ബിഷപ്പും ആയിരുന്നു. നിക്കോളാസിന് പത്തു വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. പിന്നെ ലൂക്കോസ് വാറ്റ്സെൽ എന്ന ബിഷപ്പായ മാമനായിരുന്നു നിക്കോളാസിനെ വളർത്തിയത്.

അമ്മാവന് 26 വയസ്സ് മൂപ്പുണ്ടായിരുന്നു. ഗൗരവക്കാരനും അഹംഭാവിയുമായിരുന്നു മാമൻ. അനന്തരവനാകട്ടെ മിതഭാഷിയും കാതരമിഴികളിൽ അല്പമാത്രം ആത്മവിശ്വാസമുള്ളവനും ആയിരുന്നു. പക്ഷെ അദ്ദേഹം അനന്തരവന് വാത്സല്യം വാരിക്കോരി കൊടുത്തു, പഠിപ്പിച്ചു. നിക്കോളാസ് ഗണിതശാത്ര ബിരുദം നേടിയത് ക്രാക്കോ യൂണിവേഴ്സിറ്റിയിൽ നിന്നാണ്. അമ്മാവൻ അയാളെ 22-ാമത്തെ വയസ്സിൽ സ്വന്തം പള്ളിയിൽ കാനൻ ജോലിയിൽ പ്രവേശിപ്പിച്ചു. പ്രത്യേക വൈദ്യധർമ്മ സംഹിതയ്ക്കും നിയമാവലിക്കും വിധേയമായി സേവനം ചെയ്യുന്ന വൈദിക സമിതി അംഗമത്രേ കാനൻ. നിക്കോളാസ് അതിനുള്ള ബിരുദം നേടിയത് ബോളോണാ യൂണിവേഴ്സിറ്റിയിൽ നിന്നായിരുന്നു. സ്വന്തം അഭിരുചിക്കും താൽപര്യത്തിനും ഇണങ്ങുന്ന ഗണിതശാസ്ത്രവും ജ്യോതിശാത്രവും വൈദ്യശാസ്ത്രവും ഗ്രീക്ക് ഭാഷയും കോപ്പർനിക്കസ് പഠിച്ചത്, പാദുവ യൂണിവേഴ്സിറ്റിയിലാണ്. കാനൻ ജോലി ഒരു ധനാഗമ മാർഗമായി മാത്രമാണ് കോപ്പർ നിക്കസ് നിലനിർത്തിയിരുന്നത്.





## ഗഹന ചിന്തയുടെ ലോകത്ത്

സർവകലാശാല പഠനകാലത്ത് വിപുലവും ഗഹനവുമായ ചിന്താധാരകളുമായി സമ്പർക്കപ്പെടാൻ കോപ്പർനിക്കസിന് കഴിഞ്ഞു. അരിസ്റ്റോട്ടിൽ, അരിസ്റ്റോർക്കസ്, ഹിപ്പോർക്കസ്, ടോളമി എന്നിവരുടെ പുസ്തകങ്ങൾ വായിച്ചു പഠിച്ചു തർജമ ചെയ്തുമാണ് ഇത് സാദ്ധ്യമായത്. പ്രതിഭാശാലിയായ കോപ്പർ നിക്കസിന്റെ മനസ്സിൽ അവയിലെ ആശയങ്ങൾക്കെതിരെ വിമർശന വിചാരങ്ങൾ നാമ്പിട്ടു. അദ്ദേഹം സംശയഗ്രസ്തമായി അവയെ വിലയിരുത്താനും തുടങ്ങി.

കത്തോലിക്കാ സഭയുടെ ജൂബിലി വർഷമായിരുന്നു 1500 എ.ഡി. അന്ന് കോപ്പർനിക്കസിന് ഇരുപത്തിയേഴ് വയസ്സായിരുന്നു. ചില സഭാ അധികൃതർ ശാസ്ത്രവിജ്ഞാനിയായ ആ യുവാവിനെ ജൂബിലിയോട് ബന്ധപ്പെട്ട പ്രഭാഷണങ്ങൾക്ക് ക്ഷണിച്ചു. ഭൂമിയെ കേന്ദ്രീകരിച്ച് സൂര്യൻ ഉൾപ്പെടെയുള്ള ഇതര ഗ്രഹങ്ങൾ സഞ്ചരിക്കുന്നു എന്ന ടോളമീ സിദ്ധാന്തത്തെ മിതസ്വരത്തിൽ വിമർശിക്കുന്ന പ്രഭാഷണങ്ങളാണ് കോപ്പർ നിക്കസ് ചെയ്തത്. അദ്ദേഹത്തിന്റെ സൂര്യൻ കേന്ദ്രമായുള്ള സിദ്ധാന്തത്തിന്റെ സൗമ്യമായ പ്രകാശനമായിരുന്നു അത്. അങ്ങനെ കത്തോലിക്കാ ജൂബിലിയിൽ കോലാഹലമില്ലാതെ കോപ്പർ നിക്കൻ സിദ്ധാന്തം അരങ്ങേറി.

ബൊളോണ സർവ്വകലാ ശാലയിലെ അദ്ധ്യാപകർ യൂറോപ്യൻ നവോത്ഥാന വീക്ഷണം ഉൾക്കൊണ്ടവർ ആയിരുന്നു. ഡൊമിനിക്കേ ഡ നൊവോറ അങ്ങനെ ഉള്ള ആളായിരുന്നു. അദ്ദേഹം ജ്യോതിശാസ്ത്രജ്ഞനും ദാർശനികനും ആയിരുന്ന യോഗാൻ മുള്ളറുടെ ശിഷ്യനും ആയിരുന്നു. മുള്ളറാകട്ടെ ടോളമി, അരിസ്റ്റോട്ടിൽ എന്നിവരുടെ ഭൗമകേന്ദ്ര പ്രപഞ്ച സിദ്ധാന്തത്തിന്റെ യുക്തിരാഹിത്യം ചൂണ്ടിക്കാട്ടിയ ആളുമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ നൊവോറയെ



എന്ന പോലെ നൊവോറ സ്വന്തം ശിഷ്യനായ കോപ്പർ നിക്കസിനെയും സ്വാധീനിച്ചു. കോപ്പർ നിക്കസിന്റെ സംശയങ്ങൾക്ക് അനുരോധമായി ഗുരുക്കൻമാരുടെ സ്വാധീനം സൗരകേന്ദ്ര പ്രപഞ്ച സിദ്ധാന്ത സാക്ഷാത്കാരത്തിലേക്ക് കോപ്പർ നിക്കസിനെ അടുപ്പിച്ചു. സൗരകേന്ദ്ര പ്രപഞ്ച സിദ്ധാന്തത്തിന് യുക്തിസഹവും ഗണിതശാസ്ത്ര സമ്മതിയുള്ളതുമായ വ്യാഖ്യാനം നൽകാൻ കോപ്പർ നിക്കാസിന് കഴിഞ്ഞു. ദൂരദർശിനി, സൂക്ഷ്മദർശിനി എന്നീ ഉപകരണങ്ങൾ ഇല്ലാതിരുന്ന കാലമായിരുന്നു അത്. നഗ്നനേത്രങ്ങളും പരുക്കൻ നിരീക്ഷണ ഉപകരണങ്ങളും മാത്രമായിരുന്നു വാനനിരീക്ഷണത്തിന് അന്ന് ഉണ്ടായിരുന്നത്.

### *സൗരകേന്ദ്ര പ്രപഞ്ച സിദ്ധാന്തം*

1506 ൽ വൈദ്യശാസ്ത്രത്തിലും കാനോനിക നിയമത്തിലും ഡോക്ടർ ബിരുദം നേടിയ കോപ്പർനിക്കസ് ബിഷപ്പ് ആയ അമ്മാവന്റെ സെക്രട്ടറി ആയി. 1512 ൽ അമ്മാവൻ മരിച്ചു. 1514 ൽ സൗരയൂഥ സിദ്ധാന്തം പൂർണ്ണമായി. മതസഭയുടെ ധാരണകൾക്ക് വിരുദ്ധമായതിനാൽ അത് പ്രസിദ്ധീകരിച്ചില്ല. യുക്തിസഹമായ തന്റെ ധാരണകൾ ശാസ്ത്രജ്ഞരായ സുഹൃത്തുക്കൾക്ക് കൈമാറുക മാത്രം ചെയ്തു. സൗരകേന്ദ്ര സിദ്ധാന്തത്തിന്റെ സംഗ്രഹം ഇങ്ങനെ :

1. ആകാശത്തിലെ ഭ്രമണങ്ങൾക്കും ഗോളങ്ങൾക്കും കേന്ദ്ര ബിന്ദു ഇല്ല.
2. ഭൂമിയുടെ കേന്ദ്രം പ്രപഞ്ചത്തിന്റെ കേന്ദ്രമല്ല. അത് ഗുരുത്വാകർഷണത്തിന്റെയും ചന്ദ്രഗോളത്തിന്റെയും കേന്ദ്രം മാത്രമാണ്.
3. എല്ലാ ഗ്രഹങ്ങളും സൂര്യനെ കേന്ദ്രീകരിച്ച് അതിനു ചുറ്റും കറങ്ങുകയാണ്.
4. ബഹിരാകാശത്തിന്റെ ഔന്നത്യം അന്തമില്ലാത്തതാണ്. അതുമായി തരതമ്യം ചെയ്താൽ സൂര്യനും ഭൂമിയും തമ്മിലുള്ള ദൂരം അവഗണിക്കാവുന്നത് മാത്രമാണ് (ലിഴഹശഴശയഹല)
5. ബഹിരാകാശത്ത് കാണപ്പെടുന്ന ചലനം യഥാർത്ഥത്തിൽ ഭൂമിയുടെ ചലനം കൊണ്ടുള്ള നമ്മുടെ തോന്നൽ മാത്രമാണ്. ഭൂമിയുടെ ചലനം സ്വന്തം അച്ചുതണ്ടിലാണ്.
6. സൂര്യന്റെ സഞ്ചാരവും ഭൂമിയുടെ ചലനം കൊണ്ട് നമുക്ക് തോന്നുന്നത് മാത്രമാണ്.
7. ചില ഗ്രഹങ്ങൾ ചലിക്കുന്നതും ഭൂമിയുടെ ചലനം കൊണ്ട് നമുക്കുണ്ടാകുന്ന തോന്നൽ മാത്രമാണ്.

ഈ സിദ്ധാന്ത സംഗ്രഹം കേട്ടു കേഴ്വിയിലൂടെ പ്രചരിച്ചു. മാർപ്പാപ്പ ലിയോ പത്താമൻ അതിനെ തുറന്ന മനസ്സോടെ പരിഗണിച്ചപ്പോൾ മാർട്ടിൻ ലൂഥർ അതിനെ അധിക്ഷേപിച്ചു. കത്തോലിക്ക സഭയും അതിൽ നിന്ന് വിഘടിച്ച പ്രൊട്ടസ്റ്റന്റ് സഭയും ഒരു പോലെ സ്വീകരിച്ചിരുന്നത് ഭൗമകേന്ദ്ര സിദ്ധാന്തത്തെയാണ്. അതിനാൽ ഈ സൗരകേന്ദ്ര സിദ്ധാന്തം പ്രസിദ്ധീകരിച്ചത് 1543 ൽ കോപ്പർനിക്കസ് ആസന്ന മരണനായി കിടക്കുമ്പോഴാണ്. സഭയുടെ വിശ്വസ്തനും കാനനും ആയ കോപ്പർനിക്കസ് സഭാവിശ്വാസത്തിനെതിരായ ഈ സിദ്ധാന്തം പ്രസിദ്ധപ്പെടുത്താൻ വിമുഖനായിരുന്നു.

### പരികല്പന

അക്കാലത്തെ പണ്ഡിതനും മാർട്ടിൻ ലൂഥറുടെ വലം കയ്യും ആയിരുന്ന ഫിലിപ്പ് മെലാഞ്ച് തോൺ പോലും കോപ്പർ നിക്കസിന്റെ സിദ്ധാന്തത്തെ അംഗീകരിച്ചിരുന്നു. ഒരു യുവ ജർമൻ ഗണിത ശാസ്ത്രജ്ഞനായ നമായ ഗിയാർഗ് റെറ്റിക്കസ് ആയിടെ കോപ്പർ നിക്കസിനെ കാണാൻ എത്തി. കോപ്പർ നിക്കസിന്റെ സിദ്ധാന്തത്തിന്റെ ആരാധകനായി അയാൾ മാറി . പത്താഴ്ചയോളം കോപ്പർനിക്കസിനൊപ്പം താമസിച്ച് റെറ്റിക്കസ് സിദ്ധാന്തം ഹൃദിസ്ഥമാക്കി മടങ്ങി. ഡി റെവലൂഷനറി വെസ്സ്, എന്ന ശീർഷകത്തിൽ അതിന്റെ ആദ്യത്തെ നാലുഭാഗങ്ങൾ റെറ്റിക്കസ് പ്രസിദ്ധീകരിച്ചു. സിദ്ധാന്തം സഭാവിരുദ്ധമായതിനാൽ കോപ്പർനിക്കസ് എതിർത്തെങ്കിലും റെറ്റിക്കസിന്റെ സ്നേഹ നിർബന്ധങ്ങൾക്ക് വഴങ്ങി പ്രസിദ്ധപ്പെടുത്താൻ ഒടുവിൽ അദ്ദേഹം സമ്മതമരുളി. പിന്നീട് ഒരു പ്രൊട്ടസ്റ്റന്റ് പാതിരി ആയിരുന്ന ആന്ദ്രിയാസ് ഒസിയാണ്ടർ അത് പൂർണ്ണ രൂപത്തിൽ പ്രസിദ്ധീകരിച്ചു. കോളിളക്കമുണ്ടാവാതിരിക്കാൻ ഇത് ഒരു പരികൽപ്പന (വ്യ്യീവേലശെ) മാത്രമാണ് എന്ന ആമുഖത്തോടെയാണ് അത് പ്രസിദ്ധീകരിച്ചത്. എന്നാൽ മാർപ്പാപ്പ പോൾ മൂന്നാമന് സമർപ്പിച്ചുകൊണ്ട് കോപ്പർ നിക്കസ് അവകാശപ്പെട്ടത് ഇത് വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ വസ്തുതകൾ നിരത്തി ഞാൻ സ്ഥാപിക്കുന്ന സിദ്ധാന്തമാണ് എന്നാണ്. ജീവിതകാലത്ത് കോപ്പർനിക്കസിന് മതസഭയുടെ ശിക്ഷയോ നിന്ദയോ ലഭിച്ചില്ല. എങ്കിലും സൗരകേന്ദ്രസിദ്ധാന്തത്തെ അനുകൂലിച്ചതിന് മതനിന്ദ, ദൈവനിഷേധം എന്നീ കുറ്റങ്ങൾ ചുമത്തി റോമൻ കത്തോലിക്ക സഭ ഗുർഡിയാനോ ബ്രൂണോയെ (1584-1592) തീ യിൽ ചുട്ടുകൊന്നു. ടെലസ്കോപ്പ് കണ്ടു പിടിച്ച്, സൂര്യനെ ചുറ്റി ഭൂമി കറങ്ങുന്ന കാഴ്ച ലോകത്തിന് കാട്ടിക്കൊടുത്ത ഗലീലിയോയെ (1564-1642) സഭ വാർദ്ധക്യത്തിൽ വീട്ടു തടങ്കലിൽ വയ്ക്കുകയും ഓടുന്ന കുതിരവണ്ടിയിൽ കെട്ടിയിട്ട് വലിച്ചിഴയ്ക്കു കയും ചെയ്തിട്ടുണ്ട്.

ഒടുവിൽ എല്ലാം തിരുത്തി പറയാനും വൈജ്ഞാനിക വിപ്ലവത്തെ നമിക്കാനും മതാധികാരികൾ നിർബന്ധിതരായി തീർന്നത് പിൽക്കാല ചരിത്രം !

(വിവരങ്ങൾക്ക് കടപ്പാട് : പി. ഗോവിന്ദപ്പിള്ള
വൈജ്ഞാനിക വിപ്ലവം, ഒരു സാംസ്കാരിക ചരിത്രം
*State Institute of Languages TVM 2010)*



**Manoj Kuroor**
*NSS Hindu College, Changanassery*

# LOCATION

Thus it was,
the story froze,
stuck to its frame,
with the seventh peg.

Myself, the writer,
amongst the seven,
related the movements
of a red flag
unfurling over green hillocks.

Johny, the editor
returned from the next room,
bathed in sweat and
rendered it a rainy clime
While, Shaji, the producer,
added below it a human physique.

Verma, the artist,
sketched the close- up
of a peasant girl's
mudsplattered blouse
in hues of red and green
holding a scythe and sheaves of rice.

Anil and Sunil
Out, searching for locations
returned.... wiping their faces and lips
laughing at their escapades.

And I, last of all,
did visit the room
but returned quickly.

Amidst the feast of
Chapathies and chicken,
following the clamour
of shared rejoicings,
She came-

"I was told of two only
yet, since morning....,
without a sip of water,
May you rot in hell."

The production executive
collected the notes
hurled back by her
before her speedy departure.

I joked, pointing to
the wet spread-out with
its reddish hues on green bed-spread
that it might have been the location.

The director smirked,
pointing to the camera,
hidden on the cupboard shelves, and
said,
"CUT".

*[Translated by Mallika A. Nair]*



കൈലാസ് സത്യാർത്ഥി

മലാല യൂസുഫ് സായ്



# നൊബേൽ സമ്മാന ജേതാക്കൾ -2014



ഡോ.എം.ആർ.സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം

ഈ വർഷത്തെ രസതന്ത്ര നൊബേൽ സമ്മാനം എറിക് ബെററ്സിഗ്,സ്റ്റെഫാൻ ഹെയ്ൽ,. വില്ല്യം ഇ മോണർ എന്നിവർ തുല്യമായി പങ്കിട്ടു. പ്രകാശത്തിന്റെ തരംഗദൈർഘ്യത്തിന്റെ പകുതിയിലും (0.2 മൈക്രോമീററർ) മെച്ചമായ വ്യക്തത മൈക്രോസ്കോപ്പിനു സാധ്യമല്ലെന്ന പരിമിതി മറി കടന്നതിനാണ് അവർക്ക് നൊബേൽ പുരസ്കാരം ലഭിച്ചത്. ഫ്ളൂറസെൻറ് തന്മാത്രകളുപയോഗിച്ച് കോശത്തിനകത്തുള്ള തന്മാത്രകളുടെ പ്രതിപ്രവർത്തനവും രോഗകാരണമായ പ്രോട്ടീനുകളുടെ കൂടിച്ചേരലും മനസിലാക്കുവാൻ ഈ സാങ്കേതിക വിദ്യ സഹായകരകമായി കൂടാതെ നാനോ തലത്തിൽ കോശവിഭജനം പിന്തുടരുന്നതിനും ഇത് ഉപകരിച്ചു.

മാക്സ് ഫ്ളാക്ക് ഇൻസ്റ്റിററ്യൂട്ടിലെ ശാസ്ത്രജ്ഞനായ സ്റ്റെഫാൻ ഹെയ്ൽ വികസിപ്പിച്ചെടുത്ത Stimulated Emission Depletion (STED) മൈക്രോസക്കോപ്പിയും Howard Hughes Medical Schoolലെ എറിക്


എറിക് ബെട്സീഗ്


സ്റ്റഫാൻ ഡബ്ല്യൂ ഹെൽ


വില്യം ഇമോനോഎർ

ബെററ്സിഗും സ്റ്റാൻഫോർഡ് സർവകലാശാലയിലെ വില്ല്യം ഇ മോണറും കൂടി വികസിപ്പിപ്പെടാത്ത Single Electron Microscopyയുമാണ് മൈക്രോസ്ക്കോപ്പിൻെറ ദൃശ്യശക്തി നാനോ തലത്തിലെത്തിച്ചത്.

നീലപ്രകാശം പ്രസരിപ്പിക്കുന്ന എൽ ഇ ഡി വികസിപ്പിച്ച മൂന്ന് ജാപ്പനീസ് ശാസ്ത്രജ്ഞർക്കാണ് ഭൗതിക നൊബേൽ സമ്മാനം ലഭിച്ചത്. MEIJO University യിലെ ഇസാമു അകസാക്കി,(ISMU AKASAI) Nagoya University യിലെ ഹിറോഷി അമാനോ,(HIROSHI AMANO) University California Santabarbara യിലെ ഷുദജി നകാമുറ SHUJI NAKAMURA എന്നിവർക്കാണ് സമ്മാനം ലഭിച്ചത്. ഇരുപതി വർഷം മുമ്പാണ് ഇവരിത് വികസിപ്പിച്ചെടുത്തത്. ഇരുപതാം നൂററാണ്ട് താപദീപ്തി മൂലം പ്രവർത്തിക്കുന്ന ബൾബുകളുടെ കാലമായിരുന്നെങ്കിൽ ഇരുപതത്തൊന്നാം നൂററാണ് എൽ ഇ ഡി യുടേതായിരിക്കുമെന്ന് റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസ് പുറത്തിറക്കിയ പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.



വൈദ്യശാസ്ത്ര നൊബേൽ സമ്മാനത്തിൻെറ പകുതി ലണ്ടനിലെ യൂണിവേഴ്സിററി കോളജിലെ ജോൺ ഒകീഫും മററേ പകുതി ദമ്പതിമാരായ എഡ്വേർഡ് മോസർ മേ- ബ്രിററ് മോസർ എന്നിവരും പങ്കിട്ടു. നോർവേയിലെ Kauli Institute for Systems Neuro Science ലെ ശാസ്ത്രജ്ഞനാണ് എഡ്വോർഡ് മോസർ. നോർവേയിലെ Centre for Neuril Computations ലെ ശാസ്ത്രജ്ഞയുമാണ്. മനുഷ്യ മസ്തിഷ്കത്തിൻെറ പഠനത്തിലൂടെ സ്ഥല നിർണയത്തെ സഹായിക്കുന്ന മസ്തിഷ്ക കോശങ്ങളെ കണ്ടെത്തി തരം തിരിച്ചതിനാണിവർക്ക് നൊബേൽ സമ്മാനം ലഭിച്ചത്. മേരി ക്യൂരി, പിയറി ക്യൂരി ദമ്പതിമാർക്കു ശേഷം ആദ്യമായിട്ടാണ് ദമ്പതികളായവർ നൊബേൽ സമ്മാനം പങ്കിടുന്നത്.

ഈ വർഷത്തെ സാഹിത്യ നൊബേൽ സമ്മാനം ഫ്രഞ്ച് സാഹിത്യകാരനായ പാട്രിക് മോദിയാനോയ്ക്കാണ് ലഭിച്ചത്. നാസി അധിനിവേശം സൃഷ്ടിച്ച ആകുലതകൾ പ്രമേയമാക്കി കഥ പറഞ്ഞതിനാണ് നൊബേൽ പുരസ്ക്കാരത്തിനർഹമായത്. 1946 ലാണ് മോദിയാനോ ജനിച്ചത്. മിസിങ് പേഴ്സൺ, റിങ് ഓഫ് റോഡ്സ്, തുടങ്ങിയ പ്രശസ്ത നോവലുകൾ രചിച്ചു. കൂടാതെ കുട്ടികൾക്കുള്ള രചനകളും തിരക്കഥകളും എഴുതിയിട്ടുണ്ട്. നാല്പതിലേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സാമ്പത്തിക ശാസ്ത്രത്തിനുള്ള സമ്മാനം ഫ്രഞ്ച്


Shuji Nakamura


Isamu Akasaki


Hiroshi Amano



ബാലവേലയിൽ നിന്നും അടിമത്തത്തിൽ നിന്നും മോചിപ്പിച്ചു. 2012 ഒക്ടോബർ ഒമ്പതിന് താലിബാൻ ഭീകരുടെ വെടിയേററ മലാല പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിന്റെ ശക്തയായ വ്യക്താവാണ്. നൊബേൽ സമ്മാനം നേടുന്ന ഏററവും പ്രായം കുറഞ്ഞ വ്യക്തിയാണ് പതിനേഴുകാരിയായ മലാല യുസഫ്സായി.

നൊബേൽ സമ്മാന ജേതാക്കളിലെ വനിതാ പ്രാതിനിധ്യം

വ്യക്തികൾക്ക് 864 പ്രാവശ്യവും 25 പ്രസ്ഥാനങ്ങൾക്കോ സ്ഥാപനങ്ങൾക്കോ 2001 മുതൽ ഇന്നു വരെ നൊബേൽ സമ്മാനം ലഭിച്ചിട്ടുണ്ട്. സമാധാന നൊബേൽ സമ്മാനമാണ് പ്രസ്ഥാനങ്ങൾക്കോ സ്ഥാപനങ്ങൾക്കോ ലഭിച്ചത്. നാലു പേർക്ക് ഒന്നിലധികം നൊബേൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്. രസതന്ത്രത്തിലും ഭൗതികത്തിലും നൊബേൽ സമ്മാനം നേടിയ മേരി ക്യൂരി, രസതന്ത്രത്തിലും സമാധാനത്തിലും ലഭിച്ച ലിനസ് പോളിങ്, ഭൗതികത്തിൽ രണ്ടാംപ്രാവശ്യം ലഭിച്ച ജോൺ ബാർഡീൻ രസതന്ത്രത്തിൽ രണ്ടു പ്രാവശ്യം ലഭിച്ച


Jean Tirole

സാമ്പത്തിക ശാസ്ത്രജ്ഞൻ ഴാങ് തിറോളിൻ കരസ്ഥമാക്കി. ഫ്രിൻസിലെ തുല്യൂസ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ഷോൺജാക്സ് ലാഫൺ ഫൗണ്ടേഷന്റെ ചെയർമാനായി പ്രവർത്തിക്കുന്നു. എങ്ങനെയാണ് ചില വൻകിട കമ്പനികൾ കുത്തക സ്ഥാപിക്കുന്നതെന്നും നിയന്ത്രണമില്ലെങ്കിലിത് സൃഷ്ടിക്കുന്ന വിപരീത ഫലങ്ങൾ വിശകലനം ചെയ്തതിനുമാണ് തിറോളിൽ നൊബേൽ സമ്മാനർഹനായത്. ദി തിയറി ഓഫ് ഇൻഡസ്ട്രിയൽ ഓർഗനൈസേഷൻ, ഗെയിം തിയറി തുടങ്ങിയ 10 പുസ്തകങ്ങളുടെ രചയിതാവാണ്. 200 ലേറെ ഗവേഷണ പേപ്പറുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കുട്ടികളുടെ അവകാശത്തിനായി ജീവിതം സമർപ്പിച്ച ഭാരതീയനായ കൈലാഷ് സത്യാർത്ഥിയും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി പോരാടുന്ന പാകിസ്ഥാൻ പെൺകുട്ടി മലാല യുസഫ് സായിയും സമാധാനത്തിനുള്ള നൊബേൽ സമ്മാനം പങ്കിട്ടു. കുട്ടികൾക്ക് നേരെയുള്ള അടിച്ചമർത്തലിനെതിരെ പോരാടുന്നവരാണ് ഇരുവരുമെന്ന് നൊബേൽ സമിതി വിലയിരുത്തി. 1954 ൽ മധ്യപ്രദേശിലെ വിദിഷയിലാണ് സത്യാർത്ഥി ജനിച്ചത്. ഇരുപത്തിയാറാം വയസ്സിൽ എഞ്ചിനീയർ ജോലി ഉപേക്ഷിച്ച് കുട്ടികൾക്കായി ജീവിതം സമർപ്പിച്ചു. 1953 ൽ ബച്പൻ ബചാവോ ആന്തോളൻ ( ബി ബി എ) എന്ന പ്രസ്ഥാനം ആരംഭിച്ചു. ഈ പ്രസ്ഥാനം 80,000 കുട്ടികളെ


Edvard I. Moser


May- Britt Moser


John O' Keefe







ഫെഡറിക് സാൻഗർ എന്നിവരാണവർ. സാമ്പത്തിക ശാസ്ത്രത്തിലെ നൊബേൽ സ്മാരക സമ്മാനം നൽകി തുടങ്ങിയത് 1969 മുതലാണ്. ആൽഫ്രഡ് നൊബേലിന്റെ വിൽപത്ര പ്രകാരമുള്ള മററ് മേഖലകളിലെ നൊബേൽ സമ്മാനം 2001 മുതലാണ് ആരംഭിച്ചത്.




നാല്പത്തിയേഴ് പ്രാവശ്യമാണ് വനിതകൾക്ക് നൊബേൽ പുരസ്ക്കാരം ലഭിച്ചത്. 864 പ്രാവശ്യം 860 വ്യക്തികൾക്ക് ലഭിച്ചതിലാണിത്. (46 വനിതകൾക്കാണിത് ലഭിച്ചത് മേരി ക്യൂരിക്ക് രണ്ടും പ്രാവശ്യം നൊബേൽ സമ്മാനം ലഭിച്ചിരുന്നല്ലോ) ഭൗതികത്തിൽ രണ്ടു പ്രാവശ്യം മാത്രമാണ് നൊബേൽ സമ്മാനം ലഭിച്ചത്. 1903 ൽ മെരിക്യൂറിക്കും 1963 ൽ മരിയ ജില്ലാ പോർട്ട് മേയർക്കുമാണ് ലഭിച്ചത്. രസതന്ത്രത്തിൽ നാലു പ്രാവശ്യവും വൈദ്യശാസ്ത്രത്തിൽ 11 പ്രാവശ്യവും സാഹിത്യത്തിൽ 13 പ്രാവശ്യവും സമാധാനത്തിന് 16 പ്രാവശ്യവും സാമ്പത്തിക ശാസ്ത്രത്തിൽ ഒരു പ്രാവശ്യവുമാണ് നൊബേൽ സമ്മാനം ലഭിച്ചിട്ടുള്ളത്.

1901 മുതൽ 2000 വരെ 703 പ്രാവശ്യം വ്യക്തികൾക്കു നൊബേൽ പുരസ്ക്കാരം ലഭിച്ചപ്പോൾ വനിതകൾക്ക് 3 പ്രാവശ്യം ലഭിക്കുകയുണ്ടായി. ഇത് 4.3% വരും 2001 മുതൽ 2014 വരെ 161 വ്യക്തികളിൽ 17 വനിതകളാണുള്ളത്. ഇത് 10.6 % വരും തീർച്ചയായും കഴിഞ്ഞ നൂററാണ്ടിനേക്കാൾ ഈ നൂററാണ്ടിന്റെ ആരംഭം മെച്ചപ്പെട്ടിട്ടുണ്ട്. 17 പേർക്കു ലഭിച്ചതിൽ ആറു പേർക്ക് സമാധാനത്തിനും അഞ്ചു പേർക്ക് വൈദ്യ ശാസ്ത്രത്തിനും നാലു പേർക്ക് സാഹിത്യത്തിനും ഓരോർത്തർക്കായി രസതന്ത്രത്തിനും സാമ്പത്തിക ശാസ്ത്രത്തിനുമാണ് ലഭിച്ചത്. നൊബേൽ സമ്മാന നേതാക്കളിലെ വനിതാ പ്രാതിനിധ്യം ഇനിയും വളരെയേറെ മെച്ചപ്പെടേണ്ടിയിരിക്കുന്നു



**Lakshmi Priya**
*M.G. College,*
*Thiruvananthapuram*



# *My grandmother has an almirah*

My grandmother has an almirah
in the corner of her red tiled dining room
where she stores her years
in bits and pieces
Like shopping receipts
Tagged to rusty hairpins
and broken mirrors.

She sits on the floor
and pulls out the lower drawers
every other day, eagerly
as if she yearns to find,
among treasures withheld
in small rubber -banded newspaper packs,
A baby, she misplaced years aback.

Her sarees
dry washed and folded
are on the upper decks
Where, in- between bosoms ironed
she did her market savings
for her new found culinary taste
From across the street end bake house

Her deserted desires
of fleshy warmth
and cravings carnal
tarnished and disguised
as jasmine knots
for the backyard demigod.

When she dies
They will clad her
in one of those wedding silks
and suffocate her
In that unused dusty smell

That day she will get her garlands back
Fresh and heavy
On her worn out heart.
They will choke her way
with stinking sweat and incense dope

While,
I shall see her sitting
Legs stretched and absorbed
on that almirah floor
Counting coins from her sewed up
backpacks
May be, for her favorite black coffee
And later, a frilled baby frock.

# സമരാനുഭവങ്ങൾ പങ്കുവെച്ച് പ്രൊഫ. കെ. കെ. അബ്ദുൾ മജീദ് അനുസ്മരണം




സേവന വേതന സുരക്ഷക്കു വേണ്ടിയുള്ള ഐതിഹാസികമായ സമരപോരാട്ടങ്ങളുടെ ചരിത്രത്തെ ഓർമ്മിച്ചു കൊണ്ട് പ്രൊഫ. കെ കെ അബ്ദുൾ മജീദ് അനുസ്മരണം നടന്നു. എ കെ പി സി ടി എ മുൻ സംസ്ഥാന സെക്രട്ടറി പ്രൊഫ. കെ കെ അബ്ദുൾ മജീദിനെ അനുസ്മരിക്കാൻ എ കെ പി സി ടി എ കണ്ണൂർ കാസർഗോഡ് ജില്ലാ കമ്മിററിയാണ് പരിപാടി സംഘടിപ്പിച്ചത്. മാനേജ്മെൻറുകളുടെ പീഡനവും തൊഴിൽ രംഗത്തെ അരക്ഷിതാവസ്ഥയും അതിജീവിച്ച് സമരങ്ങളിൽ നായകത്വം വഹിച്ചവർക്കുള്ള ആദരം കൂടിയായി അനുസ്മരണ ചടങ്ങ്. എ കെ പി സി ടി എ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന പ്രവർത്തക സമിതിയംഗം പ്രൊഫ. ഇ.ദാമോദരൻ , മുൻ സംസ്ഥാന പ്രസിഡൻറ് ഡോ. എ പി കുട്ടികൃഷ്ണൻ, മുൻ ജില്ലാ പ്രസിഡൻറ് പ്രൊഫ. എം അബ്ദുൾ റഹ്മാൻ, പ്രൊഫ. ഇ ഇസ്മയിൽ, മുൻ ജില്ലാ സെക്രട്ടറി പ്രൊഫ. ബി കെ എം എച്ച് അൻസാരി, സംസ്ഥാന സെക്രട്ടറി വി.കുട്ട്യാൻ, സംസ്ഥാന അക്കാദമിക് കൺവീനർ സി പത്മനാഭൻ എന്നിവർ സംസാരിച്ചു. ജില്ലാ പ്രസിഡൻറ് പ്രമോദ് വെള്ളച്ചാൽ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി എ നിശാന്ത് സ്വാഗതവും ജോയിൻറ് സെക്രട്ടറി ഡോ. കെ അജയകുമാർ നന്ദിയും പറഞ്ഞു

# സീനിയോറിററി മാനദണ്ഡം- നിയമപരമായ അവകാശമെന്ന് ഹൈക്കോടതിയും സുപ്രീംകോടതിയും വീണ്ടും വിധിച്ചിരിക്കുന്നു



തൃശൂർ ശ്രീ കേരള വർമ്മ കോളജിലെ കോമേഴ്സ് വിഭാഗം മേധാവിയായ പ്രൊഫ. എം വി മധുവിൻെറ സീനിയോറിറ്റി മറികടന്ന് ഫിസിക്സ് വിഭാഗം അദ്ധ്യാപകനായ പ്രൊഫ. വി രവീന്ദ്രനെ പ്രിൻസിപ്പലായി നിയമിച്ച കൊച്ചിൻ ദേവസ്വം ബോർഡിൻെറ തീരുമാനം സുപ്രീം കോടതി റദ്ദാക്കിയിരിക്കുന്നു. യൂണിവേഴ്സിററി ചട്ടങ്ങളും ഗവൺമെൻറ് നിയമങ്ങളും ലംഘിച്ചും, മുൻ കോടതി വിധികളെ മാനിക്കാതെയും, രാഷ്ട്രീയ താല്പര്യത്തിന് വേണ്ടി മാത്രമായിരുന്നു ബോർഡിൻെറ ഈ തീരുമാനം. പ്രിൻസിപ്പലാകുവാൻ സമ്മതം നൽകിയിരുന്ന 10 പേരുടെ സീനിയോറിററി മറി കടന്നാണ് 11-ാം സ്ഥാനക്കാരനെ പ്രിൻസിപ്പലായി നിയമിച്ചത്.

# എ.കെ.പി.സി.ടി.എ.
# തൃശ്ശൂർ ജില്ലാ വനിതാകൺവെൻഷൻ

തൃശ്ശൂർ ജില്ലാ വനിതാ കൺവെൻഷൻ 15.11.2014 ന് ശ്രീ കേരളവർമ്മ കോളജിൽവെച്ച് നടന്നു.ആക്ടിന്റെ പ്രസിഡന്റ് ഡോ.വി പ്രതിഭ ഇന്നത്തെ സ്ത്രീ - അവളുടെ സാമൂഹിക രാഷ്ട്രീയ പരിസരം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തിക്കൊണ്ട് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് സർവ്വകലാശാലയിൽനിന്ന് സദ്ഗുരു അവാർഡ് നേടിയ ശ്രീകൃഷ്ണ കോളജ് അദ്ധ്യാപിക ഡോ.സുധയെ തദവസരത്തിൽ അനുമോദിക്കുകയുണ്ടായി. യുദ്ധത്തിനെതിരെ സമാധാനസന്ദേശം പകർന്നുകൊണ്ടുള്ള,നാട്ടിക എസ്.എൻ. കോളജ് അദ്ധ്യാപിക കെ.എം.അർച്ചന വരച്ച പോസ്റ്റർ പ്രദർശനവും നടന്നു. ജില്ലാപ്രസിഡന്റ് പ്രൊഫ.എം. വി.മധു,സെക്രട്ടറി പ്രൊഫ.പി.ഗോപിനാഥൻ എന്നിവർ സംസാരിച്ചു. തുടർന്ന് കരിയർ അഡ്വാൻസ്മെന്റ് സ്കീം പരിചയപ്പെടുത്തിക്കൊണ്ട് ഡോ.എസ്. അജിത ക്ലാസ്സ് എടുത്തു.ചെയർപേഴ്സൺ പ്രൊഫ.സി.വിമലയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവെൻഷനിൽ ജില്ലാവനിതാ കൺവീനർ ഡോ.എസ്.അജിത സ്വാഗതവും ഡോ.സിന്ധു നന്ദിയും പറഞ്ഞു.

യൂണിറ്റുതല വനിതാകമ്മറ്റിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി നാട്ടിക എസ്.എൻ.സി.യിൽ വിമൻസ് സെല്ലുമായി സഹകരിച്ചുകൊണ്ട് *കൗമാരം അമ്മമാരറിയാൻ* എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു.ഡോ.അജിനി വിഷയം കൈകാര്യം ചെയ്തു. അമ്മമാരും കുട്ടികളും ഡോ.അജിനിയുമായി ആശങ്കകളും സന്ദേഹങ്ങളും പങ്കുവെച്ച് സംവദിക്കുകയുണ്ടായി. സി. വിമല സ്വാഗതവും സി.രമ്യ നന്ദിയും പറഞ്ഞു.






# എ.കെ.പി.സി.ടി.എ യ്ക്ക് എതിരില്ല



പ്രൊഫ. പ്രിയ എൽ. ജി
ഇക്കണോമിക്സ്



ഡോ. എസ്. മഹേശ്വരി
ഹിന്ദി



ഡോ. ബി. സുരേഷ്കുമാർ
ഫിസിക്സ്



ഡോ. അജിത്ത് ജി. കൃഷ്ണ
മലയാളം



ഡോ.വി.എം.ആനന്ദകുമാർ
ഫിസിക്സ്

2014 ജൂലായ് 31 ന് തിരുവനന്തപുരം മഹാത്മഗാന്ധി കോളജ് സഹകരണ സംഘത്തിലേക്ക് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ നേതൃത്വം നൽകുന്ന സഹകരണ ജനാധിപത്യമുന്നണി എല്ലാ സീറ്റുകളിലും വിജയിച്ചു. ഡോ.ബി.സുരേഷ്കുമാർ, ഡോ.എസ്. മഹേശ്വരി, പ്രൊഫ. പ്രിയ എൽ.ജി എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

---

## തിരുവനന്തപുരം മഹാത്മാഗാന്ധി കോളജ് കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ചവർ



ഡോ. കെ. സി. അജിത് പ്രസാദ്
ഫിസിക്സ്



ഡോ. കെ. രാധാകൃഷ്ണൻ
മാത്തമറ്റിക്സ്







# യു ജി സി  റഗുലേഷൻ സർവ്വീസ് ട്രെയിനിങ്ങ് ക്ലാസ്

എ കെ പി സി ടി എ  പാലക്കാട് ജില്ലാ സർവ്വീസ് സെല്ലിൻെറ ആഭിമുഖ്യത്തിൽ ജില്ലയിലെ കോളജ് അദ്ധ്യാപകർക്കായി സർവ്വീസ് ട്രെയിനിങ്ങ് ക്ലാസ് സംഘടിപ്പിച്ചു. ഡോ. പി എസ് ഫിറോസ് പരിപാടി ഉത്ഘാടനം ചെയ്തു. ഡോ. കെ പി വിനോദ്കുമാർ ക്ലാസെടുത്തു. പരിപാടിയിൽ ജില്ലാ സെക്രട്ടറി ഡോ. ആർ കെ ജയപ്രകാശ് സ്വാഗതം പറഞ്ഞു. ജില്ലാ പ്രസിഡണ്ട് കെ വാസുദേവൻ പിള്ള അധ്യക്ഷം വഹിച്ചു. ഡോ. വി  കെ സുധാകരൻ, പ്രൊഫ. പി ഹരികൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു

# സംഘടനാ ചരിത്ര ക്ലാസ്സും ശില്പശാലയും





എ. കെ. പി.സി.ടി.എ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 22-ാം തീയതി സംഘടനാ ചരിത്ര ക്ലാസ്സും കരിയർ അഡ്വാൻസ്മെന്റ് ശില്പശാലയും സംഘടിപ്പിച്ചു. എ. കെ. പി.സി.ടി.എ ഹാളിൽ നടത്തിയ സംഘടനാ ചരിത്രക്ലാസ്സ് മുൻ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ നിർവ്വഹിച്ചു. ക്ലാസ്സും ശില്പശാലയും സംസ്ഥാന സെക്രട്ടറി ഡോ. കെ. എൽ. വിവേകാനന്ദൻ ഉദ്ഘാടനം ചെയ്യുകയും ജില്ലാ സെക്രട്ടറി ഡോ. കെ. സി. അജിത് പ്രസാദ് ചടങ്ങിൽ സ്വാഗതം പറയുകയും ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് എ. ജി. ഒലീന അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ മമ്പാട് എം. ഇ. എസ് കോളജിലെ ഡോ. കെ. പി. വിനോദ്കുമാർ യു.ജി.സി സേവന വേതന വ്യവസ്ഥകളേയും പരിഷ്ക്കാരങ്ങളേയും കുറിച്ച് ക്ലാസ്സെടുത്തു. അധ്യാപകർ പങ്കെടുത്ത വിശദമായ ചർച്ചയ്ക്കൊടുവിൽ സർവ്വീസ് സെൽ കൺവീനർ ഡോ. സജേഷ് ശശിധരൻ കൃതജ്ഞത അർപ്പിച്ചു.

## ആയുർവേദ കോളജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നില നിൽക്കുന്ന പ്രശ്നങ്ങൾ അങ്ങയുടെ പരിഗണനയ്ക്കും അനന്തര നടപടികൾക്കുമായി സമർപ്പിക്കുന്നു.

യു ജി സി നിരക്കിൽ ആയുർവേദ കോളജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണം നടപ്പിൽ വന്നെങ്കിലും ഭൂരിപക്ഷം അദ്ധ്യാപകർക്കും അതുകൊണ്ടുള്ള പ്രയോജനം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ആയുർവേദ വിദ്യാഭ്യാസ മേഖലയുടെ സവിശേഷതകളെയും സി സി ഐ എംന്റെ regulationsനെയും കണക്കിലെടുക്കാതെ ആർട്ട് ആൻഡ് സയൻസ് കോളജുകളിൽ നടപ്പിൽ വരുത്തിയ പരിഷ്ക്കരണം കാര്യമായ വ്യത്യാസം കൂടാതെ ഇവിടെയും നടപ്പിൽ വരുത്തിയതാണ് ഇതിന് കാരണം.

ആയുർവേദ അദ്ധ്യാപകർക്കും, മെഡിക്കൽ കോളജ് അദ്ധ്യാപകർക്കും, ശമ്പളതുല്യത നിലനിന്നിരുന്നു. എന്നാൽ 10.9.2009 ൽ (Go. P 308/2009) മെഡിക്കൽ കോളജ് അദ്ധ്യാപകർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കിയതോടെ ഈ രംഗത്ത് 1998 മുതൽ നിലനിന്നിരുന്ന പ്രഫഷണൽ പാരിററി ഇല്ലാതായി.

16.10.2012 ൽ ആയുർവേദ അദ്ധ്യാപകരുടെ ശമ്പളം പരിഷ്ക്കരിച്ച് ഉത്തരവ് ഇറങ്ങി. എന്നാൽ, മെഡിക്കൽ കോളജ് അദ്ധ്യാപകർക്ക് അനുവദിച്ച Patient Care Allowance (P.C.A) Non- Practising Allowance (N.P.A), Administrative Allownace എന്നീ ആനുകൂല്യങ്ങൾ ആയുർവേദ കോളജുകളിൽ അനുവദിച്ചില്ല. കൂടാതെ ശമ്പള നിർണ്ണയ രീതിയിലെ അപാതകളും, പ്രമോഷനു നിശ്ചയിച്ച മാനദണ്ഡങ്ങളിലെ അശാസ്ത്രീയതയും നിമിത്തം പ്രകടമായ നഷ്ടങ്ങളും ഉണ്ടായി.

പ്രതീക്ഷയോടെ കാത്തിരുന്ന ശമ്പള പരിഷ്ക്കാരം, സഫലമായപ്പോൾ, ഭൂരിപക്ഷം അദ്ധ്യാപകർക്കും യാതൊരു നേട്ടവും ഉണ്ടായില്ലെന്നു മാത്രമല്ല ഏതാനും പേർക്ക് ശമ്പളം നിലവിലുണ്ടായിരുന്നതിനെക്കാൾ കുറയുകയും ചെയ്തു. ചെറിയ ശതമാനം അദ്ധ്യാപകർക്ക് വരുമാനത്തിൽ പ്രകടമായ വർദ്ധന ഉണ്ടായിട്ടുണ്ട്. പക്ഷെ, മെഡിക്കൽ കോളജ് അദ്ധ്യാപകരുടെ ആനുകൂല്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അടിസ്ഥാന ശമ്പളത്തിന്റെ 65% വരുന്ന തുക കുറച്ചാണ് ആയുർവേദ അദ്ധ്യാപകർക്ക് ലഭിക്കുന്നത്.

**ശമ്പള പരിഷ്ക്കരണത്തിൻെറ പ്രധാനപ്പെട്ട അപാകതകൾ താഴെപ്പറയുന്നവയാണ്.**

1. Entry cadre ആയ Asst. Professor തസ്തികകൾ നിശ്ചയിച്ചിട്ടുള്ള മിനിമം യോഗ്യത ആയുർവേദത്തിലെ ബിരുദാനന്തര ബിരുദമാണ്. 10+ 2 കഴിഞ്ഞ് എൻട്രൻസ് റാങ്ക് നേടി. വർഷത്തെ പ്രഫഷണൽ വിദ്യാഭ്യാസം കഴിയുമ്പോഴാണ് ഒരാൾ അദ്ധ്യാപകനത്തിൽ പ്രവേശിക്കുന്നത്. ശമ്പള പരിഷ്ക്കരണത്തിന് മുമ്പ് അയാൾക്ക് 10,000, 15,200 എന്ന സ്കെയിലാണ് ഉണ്ടായിരുന്നത്. ഇതിന് പരിഷ്ക്കരണം നടത്തിയപ്പോൾ 15600, 39100, 6000 (AGP) എന്ന സ്കെയിൽ നൽകി.

2. യു ജി സി ലെ 8000, 13,500 (Pre- review) സ്കെയിൽ ആയുർവേദ കോളജുകളിൽ ഉണ്ടായിരുന്നില്ല. പക്ഷെ പരിഷ്ക്കരണത്തിൽ, ആയുർവേദ കോളജുകളിൽ നിലനിന്നിരുന്നു. 10,000, 15,200 ന് പകരം നല്കിയത് 8,00, 13,500 സ്കെയിലിൻെറ പുതുക്കിയ നിരക്കായ 15,600, 39,100 ആണ്. 10,000, 15,200 ന് പകരം വയ്ക്കേണ്ടിയിരുന്നത് 18600 +7000 (AGP) എന്ന നിരക്കായിരുന്നു. മെഡിക്കൽ കോളജ് അദ്ധ്യാപകർക്ക് ഇതാണ് നല്കിയത്.

അധ്യാപകരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിലെ Para V clause I, പുതിയ അദ്ധ്യാപകർക്ക് കൂടി ബാധകമാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാം.

3. 12,000 ,18,300,19,250 എന്നീ രണ്ടു സ്കെയിലുകൾക്ക് (Pre- revised) പകരമായി പരിഷ്ക്കരിച്ച സ്കെയിലിൽ 8000 എന്ന ഒരേയൊരു എ ജി പി മാത്രമാണ് നല്കിയത്. തന്മൂലം 14,300, 19,250 സെകയിലിലുണ്ടായിരുന്നവർക്ക് എ ജി പി യിൽ വർദ്ധനവുണ്ടായിട്ടില്ല. 14,300, 19,250 സ്കെയിലിനു പകരം 37,400 , 67,000 + 9,000 ഓ ജി പി എന്ന സ്കെയിൽ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

4. Clause V 14 പകരം കരിയർ അഡ്വൻസ്മെൻറിന് സി സി ഐ എം ഗവൺമെൻറ് സ്പെഷ്യൽ റൂൾസിനു പകരം യു ജി സി പ്രകാരമുള്ള എ ജി ഐ എന്നിവ നിർബന്ധമാക്കി എന്നാൽ യു ജി സി യുടെ 30.6.201 ലെ F3-1/09 മാത്രം ഉത്തരവിൽ പ്രകാരം, ആയുർവേദ അദ്ധ്യാപകരുടെ നിയമന പ്രമോഷൻ മാനദണ്ഡങ്ങൾ നിർണ്ണയിക്കേണ്ടത് Health & Family Welfare Dept. of 'Ayush' ആണ്. യു ജി സി ഉത്തരവിൻെറ Annexure-1 Clause 1.1.1 ൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. എന്നാൽ, നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അദ്ധ്യാപകർ യോഗ്യത ഉള്ളവരായിരുന്നിട്ടും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പ്രമോഷൻ അനുവദിച്ചിട്ടില്ല. നിലവിലില്ലാത്ത മാനദണ്ഡങ്ങളുടെ പേരു പറഞ്ഞ് അർഹമായ ആനുകൂല്യങ്ങൾ തടയുന്നത് വേദനാജനകമാണ്. പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതു വരെ നിലനിന്നിരുന്ന രീതിയിൽ പ്രമോഷൻ നല്കേണ്ടതാണ്.

5. C.C.I.M Regulation അനുസരിച്ച് Associate Professor ക്ക് 5 വർഷം സർവ്വീസും, Professor ക്കും 10 വർഷം സർവ്വീസ് മതി. ഇതിനെ മറികടന്ന് യഥാക്രമം 13 വർഷം, 16 വർഷം എന്നിങ്ങനെ കാലഗണന സ്വീകരിച്ചിരിക്കുന്നത് മാററണമെന്നഭ്യർത്ഥിക്കുന്നു.

6. പ്രമോഷനുകൾക്ക് പുതുതായി 13 വർഷവും 16 വർഷവും വരുന്നതിനാൽ ഉയർന്ന തസ്തികകളിൽ അദ്ധ്യാപകർ ഇല്ലാതെ വരുകയും പല പി ജി കോഴ്സുകളുടെയും അംഗീകാരം നഷ്ടമാക്കുകയും ചെയ്യും. ഇതേസമയം, സ്വാശ്രയ കോളജുകളിലെല്ലാം എല്ലാ പ്രമോഷനുകളും കൃത്യസമയത്ത് നടക്കുകയും ചെയ്യും.

7. എയ്ഡഡ് കോളജ് അദ്ധ്യാപകരുടെ സർവ്വീസ് കാര്യങ്ങൾ, യൂണിവേഴ്സിററി സ്റ്റാററ്യൂട്ടിന് അനുസൃതമാകയാൽ സി സി ഐ എം മാനദണ്ഡങ്ങളെ മാത്രം മുൻനിർത്തി അദ്ധ്യാപകരുടെ പ്രമോഷൻ നൽകാൻ സർക്കാർ തയ്യാറാകണം.

8. മെഡിക്കൽ കോളജ് അദ്ധ്യാപകരുമായി നിലനിന്നിരുന്ന ശമ്പള തുല്യത അട്ടിമറിക്കപ്പെട്ടു എന്നതാണ് ഇപ്പോഴത്തെ കാതലായ പ്രശ്നം. ഈ പ്രശ്നം പരിഹരിക്കാതെ, യു ജി സി നിരക്കിലുളള ശമ്പളം നല്കുന്നുവെന്നത് പുകമറ സൃഷ്ടിക്കുന്നതിന് തുല്യമാണ്. ഇതിനു പരിഹാരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

9. ആയുർവേദ അദ്ധ്യാപകർക്ക് ബിരുദം മാത്രമായിരുന്നു അടിസ്ഥാന യോഗ്യതയായി നിലനിന്നിരുന്നത്. അക്കാലത്ത് സർവ്വീസിൽ പ്രവേശിച്ചവർക്ക് ബിരുദാനന്തരബിരുദം നേടാൻ കാലതാമസം നേരിട്ടിട്ടുണ്ട്. എല്ലാവിഷയങ്ങളിലും പി ജി കോഴ്സുകൾ ഇല്ലാത്തതിനാലും Deputation ആനുകൂല്യം പരിമിതമായതിനാലും സംഭവിച്ചതാണിത്. അങ്ങനെയുള്ള അദ്ധ്യാപകർക്ക് സർവ്വീസ് അടിസ്ഥാനപ്പെടുത്തി വെയിറേറഡ് പുതിയ പരിഷ്ക്കാരത്തിൽ പരിഗണിച്ചിട്ടില്ല. ഇതുകൂടി പരിഗണിച്ച് ആയുർവേദ കോളജ് അദ്ധ്യാപകരുടെ കാര്യത്തിൽ ഗവൺമെൻറിൻെറ ഭാഗത്തു നിന്ന് അനുകൂലമായ ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

# ഡോക്ടറേറ്റ്



മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ പ്രൊഫ. കെ. ആർ. മധുസൂദനൻപിള്ള, തിരുവനന്തപുരം എം. ജി. കോളജിൽ അസോസിയേറ്റ് പ്രൊഫസ്സറാണ് *Achievement of Mahesh Dattani as a Playwright and Emergence as the voice of Modern India and Contemporary Society through his Dramatic Creations: An assessment.* എന്ന വിഷയത്തിലാണ് ഗവേഷണം നടത്തിയത്.



ഭാരതീയാർ യൂണിവേഴ്സിററിയിൽ നിന്നും ഫിസിക്കൽ എഡ്യുക്കേഷനിൽ ഡോക്ടറേററ് നേടിയ ഡോ. ഹരിദയാൽ കെ എസ് ഗുരുവായൂർ ശ്രീകൃഷ്ണ കോളജിൽ ഫിസിക്കൽ എഡ്യുക്കേഷൻ മേധാവിയാണ്. എ കെ പി സി ററി എ ബ്രാഞ്ച് വൈസ് പ്രസിഡന്റാണ് ഡോ. ഹരിദയാൽ



എം. എസ്. യൂണിവേഴ്സിറ്റി തിരുനെൽവേലിയിൽ നിന്നും സുവോളജിയിൽ ഡോക്ടറേറ്റ് നേടിയ **പ്രൊഫ.ആർ.എസ്.ബാലമുരളി**, തിരുവനന്തപുരം എം. ജി കോളജിൽ അസിസ്റ്റന്റ് പ്രൊഫസ്സറാണ്. ബ്രാഞ്ച് അക്കാദമിക് കമ്മിറ്റി കൺവീനറായ ഇദ്ദേഹം *Population Dynamics & Pesticide Tolerance of a Terrestrile Isopode* എന്ന വിഷയത്തിലാണ് ഗവേഷണം നടത്തിയത്.



മൂട്ടിൽ. ഡബ്ളിയു എം ഒ ആർട്സ് ആന്റ് സയൻസ് കോളജ് ഇലക്ട്രോണിക്സ് വിഭാഗം അസോസിയേററ് **പ്രൊഫ. നോബർട്ട് തോമസ് പള്ളത്തിന്** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേററ് ലഭിച്ചു. പ്രൊഫസർ തെസമ തോമസിൻെറ കീഴിൽ 4- ഡി ഗ്രാഫിക്കൽ വിഷ്വലൈസേഷൻ എന്ന വിഷയത്തിലെ ഗവേഷണ പഠനത്തിനാണ് ഡോക്ടറേററ് ലഭിച്ചത്. കമ്പ്യൂട്ടർ അധിഷ്ഠിത സ്പൈനൽ സർജറിക്ക് പുതിയ സാധ്യതകൾ ഈ പഠനം അനാവരണം ചെയ്യുന്നുണ്ട്. മൂട്ടിൽ കോളജിൽ 16 വർഷമായി ജോലി ചെയ്യുന്ന നോബർട്ട് തോമസ് എറണാകുളം വിൻസൻറ് പള്ളത്തിൻെറയും മോളി വിൻസൻറിൻെറയും മകനാണ്.



കേരള സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ **എൻ. ലക്ഷ്മി പ്രിയ** തിരുവനന്തപുരം എം. ജി കോളജിൽ അസോസിയേറ്റ് പ്രൊഫസ്സറാണ്. കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ കോർ കമ്മിറ്റി കൺവീനറായ ഇവർ *"Antique Lands and Hungry Tides: A cultural Universe of Amitav Ghosh"* എന്ന വിഷയത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് മേധാവി ഡോ. ജി. എസ്. ജയശ്രീയുടെ മേൽനോട്ടത്തിലാണ് ഗവേഷണം പൂർത്തിയാക്കിയത്



കേരളസർവ്വകലാശാലയിൽ നിന്നും മാത്തമറ്റിക്സിൽ ഡോക്ടറേറ്റ് നേടിയ **പ്രൊഫ. എം. ആർ. ഹരികൃഷ്ണൻ** തിരുവനന്തപുരം എം. ജി കോളജിൽ അസോസിയേറ്റ് പ്രൊഫസ്സറാണ്. കോളജ് പി.ടി.എ സെക്രട്ടറിയായ ഇദ്ദേഹം *Selected Topics in Graph Connections* എന്ന വിഷയത്തിലാണ് ഗവേഷണം നടത്തിയത്.



എം. ജി. സർവ്വകലാശാലയിൽ നിന്നും ഇക്കണോമിക്സിൽ ഡോക്ടറേറ്റ് നേടിയ **രാജി പ്രസാദ്**, ചേർത്തല എൻ. എസ്. എസ് കോളജിലെ അസി. പ്രൊഫസറാണ്.

## GOVERNMENT OF KERALA

## ABSTRACT

Higher Education Department -Government Colleges - Participation of teaching staff in Government and private aided Colleges in Seminar, Workshop etc- Treating the period as duty - Revised- orders issued.

**HIGHER EDUCATION (F) DEPARTMENT**

**G.O. (Ms.) No: 889/2014/H.Edn** **Dated, Thiruvananthapuram, 13.11.2014**

*Read:-*

1. GO (Ms) No. 200/2009/HEdn dated 12.11.09.
2. Request dated 05.08.13 from the General Secretary, Association of Kerala Government College Teachers
3. Letter No. D1/30347/2013/Coll.Edn dated 29.08.2014 of the Director of Collegiate Education, Thiruvnanthapuram.

## ORDER

The General Secretary, Association of Kerala Government College Teachers as per representation read as 1st paper above has pointed out that the days that can be treated as duty to both Government and Private aided Colleges for participating in refresher courses, examination evaluation, orientation courses, senet, academic council board of studies etc. are limited to 7 days in an academic year and it creates difficulties to them and hence he has requested to enhance the same to 15 days.

Government have examined the matter in detail in consultation with the Director of Collegiate Education and are pleased to enhance the number of days that can be treated as duty to a maximum of 10 days in an academic year for the teachers both in Government and Private Aided Colleges to participate in seminars, conferences, refresher courses etc conducted by Universities, Research Institutions and professional organisations of teachers like Indian Association of teachers etc anywhere in India with prior permission from the competent authority as per the conditions stipulated in the GO read as 1st paper above. The Government Order read as 1st paper above stands modified to the above exent.

(By order of the Governor )
George Chacko
Deputy Secretary to Government

## GOVERNMENT OF KERALA

## ABSTRACT

Pension - Revision of pension in respect of non UGC teachers retired prior to 01.01.1986 reckoning revised pay under UGC scheme implemented w.e.f. 01.01.2006 - Orders issued.

---

**FINANCE (PENSION - B) DEPARTMENT**

**G.O.(P).No. 546/2014/Fin.** **Dated, Thiruvananthapuram, 12/12/J014.**

---

## ORDER

1. Government have introduced UGC Scheme in the state w.e.f. 01.01.1986. The pensionary benefits of those retired prior to the implementation of above scheme had been revised on par with State Government employees. Representations have been received from non-UGC teachers for granting pension and other retirement benefits as per UGC Scheme.

2. After having examined the matter in detail, Government are pleased to order that non-UGC teachers (excluding 60 opted teachers) who retired prior to introduction of the UGC scheme from institutions where the said Scheme was implemented with effect from 01.01.1986 will be granted pensionary benefits under the above scheme with prospective effect as per the provisions applicable in this regard. The enhanced monetary benefitspursuant to this order shall be paid with effect from 01.04.2015 only. They shall not be entitled to payment of any arrears.

By Order of the Governor,
RAJESH KUMAR SINHA
Secretary (Finance Expenditure)

**Minutes of the Second meeting of the Core Committee of Kerala Higher Education Commission (AKPCTA) held at the State Committee office of the Association on Saturday the 25th of October, 2014 Members Present**

Dr. R V G Menon (Chairman), Dr. N K Jayakumar, Prof. A Prathapachandran Nair, Dr. A P Kuttikrishnan, Dr. A P Thomas, Dr. K Sreevalsan, Dr. D K Babu, A.G.Oleena, Dr. Paul V. Karamthanam,Dr. I G Shibi, Dr.C L Joshy, C Padmanabhan, Dr. K P Sukumaran Nair, (Member-Secretary)

## Members on Leave

Dr. K P Mohanan, Shiju Khan

## AGENDA

1. Introductory Remarks
2. Chairman's Address
3. Secretary's Report
4. Constitution of Task Forces
5. Terms of Reference for Task Forces
6. Any other matter admitted by the Chair
7. Conclusion

## Proceedings and Resolutions

1. The meeting began at 11 AM.
2. The Member-Secretary presented a brief report of the activities undertaken since the last meeting.
3. The Chairman addressed the meeting and presented the agenda.
4. The proceedings and resolutions of the previous committee were presented by the Secretary for ratification.
5. Detailed discussions were held regarding the constitution and composition of the various task forces. It was decided that under normal circumstances a task force should have seven to nine members and a serving college teacher should function as the Convenor of each task force. A reputed person well versed in the specific subject handled by the respective Task Force should be requested to take up the responsibility of the Chairman of such Task Forces. After contacting the persons whose names have come up during the discussions the Member-Secretary shall finalise the panel of task forces at the earliest.
6. The Core Committee members presented the draft Terms of Reference for the respective Task Forces assigned to them. Detailed discussions were held regarding each ToR. It was decided that the draft ToR should be circulated among the Core Committee members via e-mail and further suggestions sought on each of them. Once such discussions are over the draft ToR shall be consolidated and presented at the combined meeting of the Core Committee and Task Forces
7. A combined meeting of the Core Committee and Task Force Members shall be held at Ernakulam on Saturday the 6th of December, 2014. At the meeting Core Committee members in charge of each Task Force shall present the respective ToR, solicit comments and opinions from the Task Force members and finalise the ToR for each Task Force.
8. The meeting came to an end at 5 PM.

**Dr. K P Sukumaran Nair**
Member Secretary

**R V G Menon**
Chairman



എ.കെ.പി.സി.ടി. തിരുവനന്തപുരം ജില്ലാകമ്മിറ്റി 2014 നവംബർ 22 ന് സംഘടിപ്പിച്ച സംഘടനാ ചരിത്ര ക്ലാസ്സും ശില്പശാലയിൽ പങ്കെടുത്ത് പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ സംസാരിക്കുന്നു.



കണ്ണൂർ സർവകലാശാല സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 27 ന് നടത്തിയ പ്രതിഷേധകൂട്ടായ്മ മുൻ എം.എൽ.എ എം.പ്രകാശൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

## എ.കെ.പി.സി.ടി.എ

# സംസ്ഥാന വനിതാ കൺവെൻഷൻ

**2015 ജനുവരി 10**

**ദേവസ്വം ബോർഡ് കോളേജ്, പരുമല, പത്തനംതിട്ട**

**ഉദ്ഘാടനം • പ്രബന്ധങ്ങൾ • ആദരിക്കൽ • പോസ്റ്റർ പ്രദർശനം**

**അഡ്വ. സി. എസ്. സുജാത, ഡോ. എസ്. ശാരദക്കുട്ടി, ഡോ. വിനീത മേനോൻ, മച്ചാട്ട് വാസന്തി, ഡോ.പി.ഭാനുമതി , ഡോ. സുനിൽ, ഡോ. ഷായിത, ഡോ.കെ.സുധ തുടങ്ങിയവർ പങ്കെടുക്കുന്നു.**

തിരുവല്ല, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനുകളിൽ നിന്നും 10 കി. മീറ്റർ ദൂരത്താണ് പരുമല ദേവസ്വംബോർഡ് കോളജ്

R.No. 36025/81
No. 246

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2012-2014
Rs. 11/-
NOVEMBER 2014

AKPCTA

The All Kerala Private College Teachers' Association

# എ.കെ.പി.സി.ടി.എ

All Kerala Private College Teachers' Association

# 56-ാം സംസ്ഥാന സമ്മേളനം

## 2015 മാർച്ച് 21, 22, 23
## പാലക്കാട്

പ്രതിനിധി സമ്മേളനം ○ ഉദ്ഘാടന സമ്മേളനം ○ വിദ്യാഭ്യാസ – സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം ○ വനിതാ സമ്മേളനം ○ ആർ. ആർ. സി. അനുസ്മരണ പ്രഭാഷണം ○ പ്രകടനം ○ പൊതു സമ്മേളനം ○ യാത്രയയപ്പ് സമ്മേളനം

Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor:Prof. Pramod Vellachal